# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം3)-1467/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/12/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റി

സർ,

വിഷയം : ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം3)-1467/2021 തീയ്യതി: 30/12/2021

## തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 68 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജി.കെ | ജോയിന്റ് ഡയറക്ടർ | 20-10-2021 | 27-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 27-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സീനത്ത് പി.എ. ഓഡിറ്റ് ഓഫീസർ
ശ്രീ. നിർമ്മൽ. കെ.ജി. ഓഡിറ്റ് ഓഫീസർ
ശ്രീ. സിജു പി ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽ കുമാർ കെ.സി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി. വിദ്യ.ഒ.കെ. സീനിയർ ഗ്രേഡ്. ഓഡിറ്റർ
ശ്രീ. ജോയ്സൺ. സി.ജെ, ഓഡിറ്റർ
ശ്രീമതി. രേഖ. ഇ.സി, ഓഡിറ്റർ
ശ്രീമതി. ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിമ്യ ഷിജു | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എസ്.അരുൺ | മുനിസിപ്പൽ സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ജോസ്.എച്ച്.ജോൺസ് | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 03-09-2019 |
| ശ്രീ.സുഭാഷ്.എം.കെ | മുനിസിപ്പൽ എഞ്ചിനീയർ | 04-09-2019 | 30-09-2019 |
| ശ്രീ.രാജ്.ജെ.ആർ | മുനിസിപ്പൽ എഞ്ചിനീയർ | 01-10-2019 | 31-03-2020 |
| ശ്രീ.ആർ.സജീവ് | ഹെൽത്ത് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ആർ.സജീവ് | പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | 01-04-2019 | 31-03-2020 |
| ഡോ.ടി.എ.ബാബുരാജ് | സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്ക്, ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ഡോ.കിരൺ മേനോൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, കരുവന്നൂർ | 01-04-2019 | 31-03-2020 |
| ശ്രീ.കൃഷ്ണനുണ്ണി | പ്രിൻസിപ്പൽ, ഗവ. ബോയ്സ് എച്ച്.എസ്.എസ്,ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീമതി.ഉഷ.സി.കെ | ഹെഡ്മാസ്ററർ, ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്,ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീ.പ്രവീൺ.സി.ജി | അസി.എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീമതി.ബീന.ഐ.സി(ഇൻ ചാർജ്ജ്) | അസി.എഞ്ചിനീയർ | 23-07-2019 | 12-08-2019 |
| ശ്രീ.പ്രസാദ്.വി.എസ് | അസി.എഞ്ചിനീയർ | 13-08-2019 | 31-03-2020 |
| ശ്രീമതി.രമ്യ ജോസഫ് | പ്രിൻസിപ്പൽ, ഗവ. ബോയ്സ്, | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | വി.എച്ച്.എസ്.ഇ,ഇരിങ്ങാലക്കുട | | |
| ഡോ.മിനിമോൾ.എ.എ. | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റല് | 01-04-2019 | 31-03-2020 |
| ശ്രീമതി.ലാജി വർക്കി.കെ | ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് എൽ.പി.എസ്, ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്യാരിജ.എം | പ്രിൻസിപ്പൽ, ഗവ.മോഡൽ ഗേൾസ് എച്ച്.എച്ച്.എസ്,ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീമതി.ഹേന.കെ.ആർ | പ്രിൻസിപ്പൽ, വി.എച്ച്.എസ്.ഇ.(ഗേൾസ്),ഇരിങ്ങാലക്കുട | 01-04-2019 | 31-03-2020 |
| ശ്രീമതി.രമണി.ടി.വി | ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂള് | 01-04-2019 | 31-03-2020 |
| ശ്രീമതി.കനകവല്ലി.വി.ആർ | എസ്.പി.കെ.സി.എം.എം. ജി.എൽ.പി.എസ്& യു.പി.എസ്, മാടായിക്കോണം | 01-04-2019 | 18-06-2019 |
| ശ്രീമതി.ഷീബ.എ.കെ | എസ്.പി.കെ.സി.എം.എം. ജി.എൽ.പി.എസ്& യു.പി.എസ്, മാടായിക്കോണം | 19-06-2019 | 04-09-2019 |
| ശ്രീ.സതീഷ് കുമാർ.സി | എസ്.പി.കെ.സി.എം.എം. ജി.എൽ.പി.എസ്& യു.പി.എസ്, മാടായിക്കോണം | 05-09-2019 | 31-03-2020 |
| ശ്രീമതി.ചിത്ര.പി.യു | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 06-05-2019 |
| ശ്രീമതി.ദിജി | പട്ടിക ജാതി വികസന ഓഫീസർ | 07-05-2019 | 02-08-2019 |
| ശ്രീ.ഹരീഷ് കുമാർ.പി | പട്ടിക ജാതി വികസന ഓഫീസർ | 03-08-2019 | 31-03-2020 |
| ശ്രീ.വി.വി.സുരേഷ് | അഗ്രികൾച്ചറൽ ഓഫീസർ, പൊറത്തിശ്ശേരി | 01-04-2019 | 31-03-2020 |
| ഡോ.പ്രതിഭ.കെ.സി | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷമീന.പി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ലിജ ജേക്കബ്.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദഡിസ്പെൻസറി, കരുവന്നൂർ പൊറത്തിശ്ശേരി | 01-04-2019 | 31-03-2020 |
| ഡോ.പ്രീതി ജോസ് | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കട | 01-04-2019 | 31-03-2020 |
| ഡോ.ബിനു.കെ.ബി | മെഡിക്കൽ ഓഫീസർ. പി.എച്ച്. സി, പൊറിത്തിശ്ശേരി | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീപതി നമ്പൂതിരി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 11-06-2019 |
| ശ്രീമതി.തേജോ.കെ.കൈമൾ | വ്യവസായ വികസന ഓഫീസർ | 12-06-2019 | 11-11-2019 |
| ശ്രീമതി.മിനി.ഇ | വ്യവസായ വികസന ഓഫീസർ | 12-11-2019 | 18-11-2019 |
| ശ്രീമതി.സുനിത.പി.വി | വ്യവസായ വികസന ഓഫീസർ | 19-11-2019 | 15-12-2019 |
| ശ്രീമതി.മിനി.ഇ | വ്യവസായ വികസന ഓഫീസർ | 16-12-2019 | 18-01-2020 |
| ശ്രീമതി.സുനിത.പി.വി | വ്യവസായ വികസന ഓഫീസർ | 19-01-2020 | 04-03-2020 |
| ശ്രീമതി.മിനി.ഇ | വ്യവസായ വികസന ഓഫീസർ | 05-03-2020 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-11-2021) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-9 |
| 10 | വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ട പത്രികകൾ ഉൾപ്പെടുത്തിയിട്ടിയില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-10 |
| 11 | വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-11 |
| 12 | വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-12 |
| 13 | വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-13 |
| 14 | മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-14 |
| 15 | കിട്ടാനുള്ള തുകകൾ - പ്രൊവിഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല. | 1-15 |

| | | |
|---|---|---|
| | Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | |
| 16 | Prior Period Item- വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-16 |
| 17 | ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-17 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-18 |
| 19 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിയിസേഷൻ<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-19 |
| 20 | ഡിപ്രിയിസേഷൻ- വൌച്ചർ ഹാജരാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-12-2021) | 1-20 |
| 21 | ഡിപ്രിയിസേഷൻ- എല്ലാ ആസ്തികൾക്കും തേയ്മാനചെലവ് കണക്കാക്കിയതായി കാണുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-21 |
| 22 | ഇകിറ്റി ഷെയർ നിക്ഷേപത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-22 |
| 23 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-23 |
| 24 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-24 |
| 25 | മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-25 |
| 26 | ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-26 |
| 27 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യത ശീർഷകം ചേർത്തിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-27 |
| 28 | റീ കൺസിലിയേഷൻ പത്രിക കൃത്രിമമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-28 |
| 29 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-29 |
| 30 | വാർഷികകണക്കുകളിൽ ക്ലോസ് ചെയ്യപ്പെട്ട രണ്ട് ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പ് ചേർക്കുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-30 |
| 31 | തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്ത ചെലവുകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021) | 1-31 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 30-12-2021) | |
| 32 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 27-11-2021) | 1-32 |
| 33 | ഡേ ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 03-12-2021) | 1-33 |
| 34 | ചെക്ക് മുഖേന ലഭ്യമായ തുക ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-34 |
| 35 | ജീവനക്കാരുടെ തൊഴിൽ നികുതി - നഗരസഭാ പരിധിയിയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-35 |
| 36 | മോഡേൺ ഫിഷ് മാർക്കറ്റ്- പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തനക്ഷമമല്ല.- സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുന്നു.<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-36 |
| 37 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-37 |
| 38 | ലേലം നടത്തിയതിന്റെ വരവ് വരുമാനശീർഷകത്തിന് പകരം ബാധ്യതാ ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-38 |
| 39 | നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇല്ല.<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-39 |
| 40 | വസ്തുനിർണ്ണയിക്കുന്നതിൽ കാലതാമസം<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-40 |
| 41 | എയർ കണ്ടീഷനിങ്ങിന് നൽകുന്ന 15% വർദ്ധനവ് നൽകാതെ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-41 |
| 42 | അപ്പാർട്ട്മെന്റ് കെട്ടിടത്തിലെ നീന്തൽകുളത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-42 |
| 43 | എഫ്.എ.ആർ ക്രമവത്ക്കരിക്കുന്നതിനുള്ള അധിക ഫീസ് തെറ്റായി ഈടാക്കി<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-43 |
| 44 | അനധികൃത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-44 |
| 45 | അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-45 |
| 46 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-46 |

| | | |
|---|---|---|
| | Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | |
| 47 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-47 |
| 48 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-48 |
| 49 | പബ്ലിക്ക് വർക്ക് വിഭാഗത്തിൽ ലേലം നടത്തിയത് - ലേല നിബന്ധനകൾ പാലിക്കാത്തതിനാൽ നഷ്ടം സംഭവിക്കുന്നു.<br>Written By: Vidhya O.K (Senior Grade Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-49 |
| 50 | വാർഡ് തല ശുചീകരണം-അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-50 |
| 51 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് .<br>Written By: Nirmal K G (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-51 |
| 52 | പി.എം.എ.വൈ പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-52 |
| 53 | NULM-അപാകത<br>Written By: Nirmal K G (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-53 |
| 54 | സെൻടൽ പെൻഷൻ ഫണ്ട്<br>Written By: Nirmal K G (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 02-12-2021) | 1-54 |
| 55 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Nirmal K G (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-55 |
| 56 | വരൾച്ച ദുരിതാശ്വാസ പദ്ധതി - വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം 39900/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-56 |
| 57 | രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 579289/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-57 |
| 58 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു രേഖകൾ ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 615000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-58 |
| 59 | ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-59 |
| 60 | ആദായനികുതി ക്വാർട്ടേർലി സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിൽ കാലതാമസം വരുത്തിയതിന് ഫൈൻ അടവാക്കൽ - | 1-60 |

| | | |
|---|---|---|
| | മുൻസിപ്പൽഫണ്ടിന് നഷ്ടം വന്ന 6170/-രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | |
| 61 | അഡ്വക്കേറ്റ് ഫീ - ആദായനികുതി ഈടാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-61 |
| 62 | നഗരസഭ ട്രഞ്ചിങ്ങ് ഗ്രൌണ്ടിൽ പ്ലാസ്റ്റിക്ക് മാലിന്യം വേർതിരിക്കൽ -നിലവിൽ ഇതിനായി രൂപീകരിച്ച ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നതിനൊപ്പം ഇതിനായി മുൻപ് നിയോഗിച്ച ജീവനക്കാരെയും ഇതേ ആവശ്യത്തിനായി നിലനിർത്തിയിരിക്കുന്നു ഫയൽ നമ്പർ - PH2-474/13<br>Written By: Vidya Vikraman (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-62 |
| 63 | ഗാർഹിക മാലിന്യ സംസ്കരണം-ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.<br>Written By: Vidya Vikraman (Asst. Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-63 |
| 64 | എ.ബി.സി പ്രോഗ്രാം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-64 |
| 65 | തെരുവുവിളക്കുകളുടെ വൈദ്യുത ബിൽ കുടിശ്ശിക - ഒറ്റത്തവണ തീർപ്പാക്കൽ-കാലഹരണപ്പെട്ടതും നിയമവിരുദ്ധമായി ഡിമാന്റ് ചെയ്തതുമായ കുടിശ്ശിക തുക അടവാക്കി.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-65 |
| 66 | കെ.എസ്.ഇ.ബിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-12-2021) | 1-66 |
| 67 | ടെണ്ടർ നടപടിക്രമങ്ങളിലെ ന്യൂനതകൾ-1,10,034 രൂപയുടെ നഷ്ടം- തുക നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കണം.<br>Written By: Siju P. Damson (Asst. Audit Officer, On 29-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-12-2021) | 1-67 |
| 68 | ബിരുദബിരുദാനന്തര എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് -കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-12-2021) | 1-68 |
| 69 | പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-12-2021) | 1-69 |
| 70 | വിവാഹധനസഹായം-എസ്.സി.-അപാകത<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-12-2021) | 1-70 |
| 71 | പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ-പ്രിന്റർ നാളിതു വരെ ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-71 |
| 72 | നഗരസഭ ഓഫീസ് കണ്ടിജന്റ് ഡ്രസ് ചേഞ്ചിങ്ങ് റൂം-പിഴ ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 01-12-2021)<br>Last Updated By: P.A.Seenath (Audit Officer, On 30-12-2021) | 1-72 |
| 73 | ജലസേചന കുടിവെള്ള പദ്ധതികൾ – പൊതു അപാകതകൾ<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 07-12-2021) | 1-73 |

| | | |
|---|---|---|
| 74 | ജലസേചന പദ്ധതികൾ- രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 463407 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-74 |
| 75 | കുടിവെള്ള പദ്ധതികൾ- രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 10,20,523 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-75 |
| 76 | പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-76 |
| 77 | പർച്ചേസ് നടപടി ക്രമങ്ങളിലെ കാലതാമസം - സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-77 |
| 78 | മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകൽ -അപാകതകൾ<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-78 |
| 79 | പൈങ്കിളിപാടം ഹരിജൻ കർഷക സംഘം ബണ്ട് നിർമ്മാണം - നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-79 |
| 80 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ടാർ അധിക വിഹിതം നൽകിയത്- അംഗീകരിക്കുന്നില്ല<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Seenath (Audit Officer, On 30-12-2021) | 1-80 |
| 81 | പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-81 |
| 82 | ഫയലുകൾ ഹാജരാക്കിയിട്ടില്ല.48382/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: P.A.Seenath (Audit Officer, On 26-11-2021)<br>Last Updated By: P.A.Seenath (Audit Officer, On 07-12-2021) | 1-82 |
| 83 | നഗരസഭാ എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-83 |
| 84 | ഈവനിങ് മാർക്കറ്റിൽ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റ് നിർമാണം-കരാറുകാർ പിൻമാറി<br>Written By: P.A.Seenath (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 1-84 |
| 85 | അസി.എൻജിനീയർ നിർവഹണം - കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 1-85 |

| | | |
|---|---|---|
| 86 | അസി.എൻജിനീയർ നിർവഹണം - പരിഷ്കരിച്ച അടങ്കൽ തയ്യാറാക്കി സമർപ്പിച്ചത് - കെ.പി.ഡബ്ളിയു.ഡി. മാനുൽ നിബന്ധന പാലിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-86 |
| 87 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 1-87 |
| 88 | പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 1-88 |
| 89 | കുഴിച്ചെടുത്ത മണ്ണ് യഥാസമയം ലേലം ചെയ്യാത്തതിനാൽ നീക്കം ചെയ്യാൻ തുക ചെലവഴിക്കേണ്ടി വന്നു.<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-89 |
| 90 | മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല<br>Written By: P.A.Sivan (Audit Officer, On 27-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 1-90 |
| 91 | പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 08-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 1-91 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ആദായനികുതി ക്വാർട്ടേർലി സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിൽ കാലതാമസ വരുത്തിയതിന് ഫൈൻ അടവാക്കൽ - മുൻസിപ്പൽഫണ്ടിന് നഷ്ടം വന്ന 6170/-രൂപ തിരികെ ഈടാക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-12-2021) | 3-1 |
| 2 | ടെണ്ടർ നടപടിക്രമങ്ങളിലെ ന്യൂനതകൾ-1,10,034 രൂപയുടെ നഷ്ടം- തുക നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കണം.<br>Written By: Siju P. Damson (Asst. Audit Officer, On 30-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 01-12-2021) | 3-2 |
| 3 | നഗരസഭ ഓഫീസ് കണ്ടിജന്റ് ഡ്രസ് ചേഞ്ചിങ് റൂം-പിഴ 27874/- ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 01-12-2021)<br>Last Updated By: P.A.Seenath (Audit Officer, On 30-12-2021) | 3-3 |
| 4 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ടാർ അധിക വിഹിതം നൽകിയത്-230550/-അംഗീകരിക്കുന്നില്ല<br>Written By: P.A.Sivan (Audit Officer, On 01-12-2021)<br>Last Updated By: P.A.Seenath (Audit Officer, On 30-12-2021) | 3-4 |
| 5 | പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ 59247/- ഈടാക്കിയിട്ടില്ല.<br>Written By: P.A.Sivan (Audit Officer, On 01-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: REKHA E.C. (Auditor, On 26-11-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: REKHA E.C. (Auditor, On 26-11-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: REKHA E.C. (Auditor, On 26-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: REKHA E.C. (Auditor, On 26-11-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: REKHA E.C. (Auditor, On 26-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 4-8 |
| 9 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: REKHA E.C. (Auditor, On 26-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 30-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 26-11-2021)<br>Last Updated By: P.A.Sivan (Audit Officer, On 08-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 08.02.2019, തീരുമാനം 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 627920467 | 584230480 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 04.03.2020 തീരുമാനം | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 577820779 | 537437714 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി |
|---|---|---|
| 31.07.2019 | 03.08.2020 | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 97661785.41 |
| വരവ് | 244522628.00 |
| ആകെ | 342184413.41 |
| ചെലവ് | 301994658.00 |
| നീക്കിയിരിപ്പ് | 40189755.41 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 53202682 | 53202682 | 35030926 | 18171756 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 34102000 | 34102000 | 10961381 | 23140619 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 406000 | 406000 | 0 | 406000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 53097000 | 53097000 | 22774478 | 30322522 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 14173000 | 14173000 | 12249903 | 1923097 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)(Basic) | 0 | 79182000 | 79182000 | 21052817 | 58129183 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)(Tied) | 0 | 8483651 | 8483651 | 1029915 | 7453736 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 461 | 314130711 | 175 | 112163091 | 270 | 16 | 38 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2276829 | 5083548 | 7360377 | 486601 | 992852 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5880924 | 5880924 | 5880924 | |

ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ്ബുക്ക് പ്രകാരമുള്ള ചെലവാണ് എടുത്തിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 42120 | 20 |
| കർഷക തൊഴിലാളി പെൻഷൻ | 2856600 | 488 |
| വിധവാ പെൻഷൻ | 13123200 | 2300 |
| വാർദ്ധക്യകാല പെൻഷൻ | 25338400 | 4455 |
| വികലാംഗ പെൻഷൻ | 3161900 | 568 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1248000 | 213 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2021 ന് 3 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53732/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.2016 മുതൽ 27.07.2016 വരെ | 2014-15 & 2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.08.19മുതൽ 04.09.19 വരെ | 2018-19 | 10.09.2019 |

## 1-10 വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ട പത്രികകൾ ഉൾപ്പെടുത്തിയിട്ടിയില്ല.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം 58 (എഫ് ))

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-11 വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ ,എല്ലാ വാർഡുകളിലെയും വർഷാന്ത്യ തുകകൾ കണക്കാക്കി സംക്ഷിപ്തം ഓഡിറ്റിന് ഹാജരാക്കിയില്ല. 11 മുതൽ 31 വരെയുള്ള വാർഡുകളിലെ സംക്ഷിപ്തം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.ആയതിനാൽ വസ്തു നികുതി ,ലൈബ്രറിസെസ്സ് എന്നിവയുടെ ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ്,അഡ്വാൻസ് ക്രമീകരിച്ചത് ,ബാക്കി, മുൻകൂർ ലഭിച്ചത് എന്നിവ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നത് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-12 വസ്തു നികുതി ഡിമാന്റ് - സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം 15(2)) .പ്രതിമാസം അതാത് സെക്ഷനുകളുടെ ചുമതലയുള്ള ഓഫീസർമാർ തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി

തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‍ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 ലെ "110100100-Property Tax (General) " എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2019-20സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് 3 (വർഷാരംഭത്തിൽ 2/4/19 തീയ്യതിയിൽ ) തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. .ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-13 വരവ് തുകകളുടെ ഡിമാന്റ് രജിസ്റ്റർ -വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം54(3)(എച്ച്).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.വാടക ടൌൺ ഹാൾ,സ്റ്റേഡിയം,കോൺഫ്രൻസ് ഹാൾ,ഡിമാന്റ് രജിസ്റ്റർ

5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6.വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-14 മുൻകൂർ ലഭിച്ച തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികകണക്കുമായി പൊരുത്തപ്പെടുത്തുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 2161275 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-15 കിട്ടാനുള്ള തുകകൾ - പ്രൊവിഷൻ കണക്കാക്കിയതിന്റെ രേഖകൾ ഇല്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,തൊഴിൽ നികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,(കേരള നഗരപാലിക അക്കൌണ്ട്സ് മാന്വൽ 2007, ചാപ്റ്റർ 3,അക്കൌണ്ടിംഗ് നയങ്ങൾ ഖണ്ഡിക 3.7(k),3.11(i),(കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007,ചട്ടം54(5)(എച്ച്)),എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി വാർഷിക അടിസ്ഥാനത്തിൽ പ്രൊവിഷൻ തുക കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-16 Prior Period Item- വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|

| | |
|---|---|
| 280100100-Prior Period Income -Property Tax (General) | (5668554) |
| 280600400-Prior Period Expenses-Remission And Refund | 1021019 |
| 280800200-Prior Period -Administrative Expenses | (960648) |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-17 ജേണൽ എൻട്രികൾക്ക് വൌച്ചറുകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.((കേരള നഗരപാലിക അക്കൌണ്ട് ചട്ടങ്ങൾ 2007, ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. ജേണൽ ബുക്ക് പ്രകാരമുള്ള എൻട്രികൾക്കൊന്നും ആധികാരിക വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-18 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-19 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ ഡിപ്രിയിസേഷൻ

ബാലൻസ്ഷീറ്റ് പ്രകാരം ആസ്തികളുടെ വിലയേക്കാൾ കൂടുതൽ തുക ആയിനത്തിലുള്ള തേയ്മാനചെലവ് ആയി കണക്കാക്കാനാവില്ല . 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ആസ്തികളുടെ മൂല്യത്തേക്കാൾ തെറ്റായി ചേർത്തിട്ടുള്ള തേയ്മാന ചെലവ് കുറവ് ചെയ്യേണ്ടതാണ്. ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന ഓരോ ഇനത്തിലുമുള്ള ഓരോ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

| ശീർഷകം-ആസ്തി | തുക | ശീർഷകം-നാളിതുവരെയുള്ള തേയ്മാന ചെലവ് | തുക |
|---|---|---|---|
| 41800100-Other Fixed Asset-Municipality<br>410800200-Other Fixed Asset-Transferred Institution | 15824967<br>10340983 | 411800100-Accumalated Depreciation -Other Fixed Asset | 81799956 |
| | 26165950 | | 81799956 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-20 ഡിപ്രിയിസേഷൻ- വൌച്ചർ ഹാജരാക്കിയിട്ടില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17(a) പ്രകാരം ആസ്തികൾക്ക് 30701984 രൂപയുടെ തേയ്മാന ചെലവ് കണക്കാക്കിയിട്ടുണ്ട്.എന്നാൽ ആയത് കണക്കാക്കിയതിന്റെ വൗച്ചർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-21 ഡിപ്രിയിസേഷൻ- എല്ലാ ആസ്തികൾക്കും തേയ്മാനചെലവ് കണക്കാക്കിയതായി കാണുന്നില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ 1-17 (A) പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ആസ്തി -ശീർഷകം | 31/3/2020 ലെ മൂല്യം |
|---|---|
| 410300100-Concrete Roads | 242778 |
| 410300200-Black Topped Roads | 76245077 |
| 410300300-Other Roads | 32171378 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-22 ഇക്വിറ്റി ഷെയർ നിക്ഷേപത്തിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 500000 രൂപയുടെ ഇക്വിറ്റി ഷെയർ നിക്ഷേപം കാണുന്നു.എന്നാൽ അവയുടെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ ഈ ഷെയറുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-23 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 642141 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി മൂല്യം കണക്കാക്കി,സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതിനത്തിന്റെ സ്റ്റോക്ക് ആണെന്ന് വ്യക്തമല്ല.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-24 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകകൾ തിരിച്ചുനല്കുന്നത് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.1/4/19 ലെ മുൻബാക്കി തുകകൾ ആരിൽ നിന്നും,ഏത് തീയ്യതിയിൽ സ്വീകരിച്ചതാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-25 മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് പ്രകാരം 31/3/20 ലെ നീക്കിയിരിപ്പ് |
|---|---|
| 460100500- Standing Advance | 6000 |
| 460100800-Marriage Loan | 143605 |
| 460509909-Advance To Others | 5756 |
| 460600300-Water Deposit | 200000 |
| 460600100-Electricity Deposit | 149904 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-26 ഗ്രാന്റ് ബാധ്യത തുകക്ക് തത്തുല്യമായ ബാങ്ക് അക്കൌണ്ട് നിക്ഷേപങ്ങൾ കാണുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും

തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ അപൂർണം, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല)

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 – ബി-2 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1 | 311700100 | Pension Fund For Contingent Staff | 14478782 |
| 2 | 320100100 | Grants And Contribution For Specific Purpose | 10379433.50 |
| 3. | 320300100 | Other Government Agencies | 21916 |
| 4 | 320500100 | Welfare Bodies | 4448997 |
| 5 | 320809900 | Other Grants And Contribution For Specific Purpose | 992852 |
| 6 | 320801000 | Beneficiary Contribution | 5428225 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-27 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടിന് തത്തുല്യമായ ബാധ്യത ശീർഷകം ചേർത്തിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ശീർഷകം | ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|
| 450410300-IOB IHSDP | 375011 |
| 450410600-SBI Nulm | 4227 |
| 450420200-SIB Nulm | 1338511 |
| 450610100-Indian Bank-8998(Suchitwa Mission) | 2486595 |
| 450610800-Vijaya Bank SNP | 891184 |
| 450610900-IOB-1666 IHSDP | 5969986.5 |
| 45062030-Syndicate Bank(Ayyankali) | 992852 |
| 450620400-Indian Bank (Census) | 21916 |
| 450620500-ICICI (Swatch Bharath) | 1625081 |
| 450620600-SBI (Clean Kerala) | 4448997 |
| 450620700-Axis Bank (PMAY) | 159432 |
| 450650500-TPA 216(PF) | 296182 |
| 450650600-TPA 222(Pension) | 4381 |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-28 റീ കൺസിലിയേഷൻ പത്രിക കൃത്രിമമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക കൃത്യമാക്കുന്നതിനു വേണ്ടി രണ്ടിനങ്ങളിലും ഒരേ തുക രേഖപ്പെടുത്തി കൃത്രിമമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ആയത് കൃത്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ബാങ്ക് അക്കൌണ്ട് | Balance Asper Bank Book | Add- Cheque Issued But Not Presented | Less- Cheque Deposited But Not Collected | Balance Asper Pass Book |
|---|---|---|---|---|
| 450430100-Irinjalakkuda Town Co Op Bank 101359 | 2069 | 2,10,000 | 2,10,000 | 2069 |
| 450410600-SBI Nulm | 4158 | 6166 | 6166 | 4158 |
| 450610700-Vijaya Bank (Cremetorium) | 36022 | 19842 | 19842 | 36022 |
| 450620500-ICICI (Swatch Bharath) | 1625081 | 18911 | 18911 | 1625081 |

(കുറിപ്പ്-2020 ലെ റീകൺസിലിയേഷൻ പത്രികകളുടെ ശീർഷകത്തിൽ തെറ്റായി വർഷം 2019 എന്ന് രേഖപ്പെടുത്തി കാണുന്നു. ഈ സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്)

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-29 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ പൊതു അപാകതകൾ

സാംഖ്യ സോഫ്റ്റ് വെയറിലാണ് കണക്കുകൾ തയ്യാറാക്കുന്നതെങ്കിലും സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പറുകൾ മാന്വൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. ക്യാഷ്ബുക്ക്,ബാങ്ക് ബുക്ക് എന്നിവയിൽ ഉള്ള പേയ്മെന്റ് വൌച്ചർ നമ്പർ അല്ല വൗച്ചറുകളിന്മേൽ രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല മുനിസിപ്പൽ ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളുടെ വൗച്ചറുകളും ക്രമമായി സൂക്ഷിക്കണമെന്നിരിക്കെ തനത് ഫണ്ടിന്റെ വൗച്ചറുകൾ മാത്രം ക്രമമായി സൂക്ഷിച്ചിരിക്കുന്നു. വൗച്ചറുകൾ ഏത് ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുമില്ല. മാന്വൽ ക്യാഷ് ബുക്ക് സൂക്ഷിക്കുകയും പിന്നീട് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്തു വരുന്നത്. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-30 വാർഷികകണക്കുകളിൽ ക്ലോസ് ചെയ്യപ്പെട്ട രണ്ട് ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പ് ചേർക്കുന്നു.

താഴെ ചേർത്തിരിക്കുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാലൻസ്ഷീറ്റിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൌണ്ട് | ബാങ്ക്ബുക്ക്, ബാലൻസ്ഷീറ്റ് എന്നിവ പ്രകാരമുള്ള 31/3/2020 ലെ നീക്കിയിരിപ്പ് | പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | കുറിപ്പ് | ഓഡിറ്റിൽ ശുപാർശ ചെയ്യുന്ന തുടർനടപടികൾ |
|---|---|---|---|---|
| 450230100-TDCB Own-3352 | 26516 | ഇല്ല. | 26516 രൂപ 3/7/17 ൽ പിൻവലിച്ച് അക്കൌണ്ട് ക്ലോസ് ചെയ്തിരിക്കുന്നു. (009293000023 എന്ന അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ) | തുക പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുക |
| 450410100-UBI-15443 | 1724 | ഇല്ല. | RBI-DEAF Scheme 2014 Fund ലേക്ക് മുതൽ കൂട്ടിയിരിക്കുന്നു. (നിർജ്ജീവ അക്കൌണ്ടായതിനാൽ മാറ്റിയതാണെന്ന് കാണുന്നു.) | 1.ഈ തുക തിരികെ ലഭിക്കാനുള്ള സാധ്യത പരിശോധിക്കുക<br>2നിലവിൽ നിർജ്ജീവമായ എല്ലാ തനത് ഫണ്ട് അക്കൌണ്ടുകളും പ്രവർത്തിക്കുന്ന അക്കൌണ്ടിലേക്ക് മാറ്റുക.ഗ്രാന്റ് അക്കൌണ്ടുകൾ തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കുക.അക്കൌണ്ട് നിർജ്ജീവമായതിന്റെ പേരിൽ തുക നഷ്ടപ്പെടുന്നത് ഒഴിവാക്കേണ്ടതാണ്. |

(ഓഡിറ്റ് എൻക്വയറി 56 തീ 26/12/2021)

## 1-31 തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്ത ചെലവുകൾ

1)

| പ്രോജക്ട് | തുക | ട്രഷറി ബിൽ നമ്പർ/വൌച്ചർ നമ്പർ | തീയ്യതി | ചെലവിനം | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 474-കൃഷിഭവൻ പൊറത്തിശ്ശേരിയിലേക്ക് കമ്പ്യൂട്ടർ അനുബന്ധ | 29702 | 13/ 21901675 | 16.12.19 | A4 Multipurpose Printer | 412100100 Capital Work In Progress |

| | | | | | |
|---|---|---|---|---|---|
| | | | | വാങ്ങിയത് | – Development Fund |
| ഉപകരണങ്ങൾ വാങ്ങൽ | 33154 | 14/ 21901678 | 16.12.19 | Desktop Computer വാങ്ങിയത് | 410800200 Other Fixed Assets – Transferred Institutions |
| | 62856 | | | | |

ഒരേ പ്രോജക്റ്റിന്റെ ചെലവുകൾ നഗരസഭയുടെ വാർഷികകണക്കിൽ അനുയോജ്യമല്ലാത്ത രണ്ട് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. മുനിസിപ്പൽ അക്കൌണ്ട്സ് മാന്വൽ 2007 പ്രകാരം നിർദ്ദേശിച്ച രീതിയിൽ "410700200- Furniture, Fixtures, Fittings & Electrical Appliances – Transferred Institutions" എന്ന ശീർഷകമാണ് മേൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ഉചിതമെന്ന് കാണുന്നു. ഇത് നഗരസഭ അക്കൌണ്ട്സ് വിഭാഗം പരിശോധിച്ച് 2020-21 ലെ കണക്കിൽ ക്രമപ്പെടുത്തൽ വരുത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 23 തീ 25/10/21)

2)

| പ്രോജക്റ്റ് | ബിൽ നമ്പർ | തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|---|
| 479-മുനിസിപ്പൽ ചെയർമാൻ-ചേംബർ നവികരണം- വിഹിതം (ഫയൽ-G2-10429/19) | 29 | --- | 1,00,000 | വൌച്ചർ നമ്പർ 21901649 തീയ്യതി 10/11/19 . |

ഈ തുക " 410200100 Buildings – Municipality" എന്ന ആസ്തി ശീർഷകത്തിലേക്ക് മാറ്റിയിരിക്കുന്നു.ഇത് ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ എന്ന കെട്ടിടം പണിയുന്നതിന് നഗരസഭ നല്കിയ വിഹിതമാണ്.ആയത് ഇരിഞ്ഞാലക്കുട നഗരസഭയുടെ ആസ്തിയല്ല.ആയതിനാൽ ഇത് മേൽ ശീർഷകത്തിൽ ചേർത്തത് തെറ്റാണ്. ഈ തുക 2021-22 ൽ ആസ്തിയിൽ നിന്ന് മാറ്റേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 10 തീ 22/10/21)

## 1-32 ആഭ്യന്തരനിയന്ത്രണ സംവിധാനം

. പ്രതീക്ഷിത വരവുചെലവും യഥാർത്ഥ വരവുചെലവുമായി വളരെ അന്തരം കാണുന്നു. ഒട്ടും യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

- ഭരണ സമിതി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
- പദ്ധതികളുടെ ആസൂത്രണ –നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല.
- പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.
- ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്ററിലെ വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
- ബിൽ രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. തനത് ഫണ്ട് വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. ചെലവുകൾ നടത്തിയതിന് ശേഷം സാംഖ്യയിൽ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു.
- തൊഴിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസസ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും വ്യാപാരികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതിയാണുള്ളത് .
- വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും കംപ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാരങ്ങൾക്കും ലൈസൻസ് എടുത്തിട്ടുണ്ടെന്നും കാലാവധി തീരുന്ന മുറയ്ക്ക് ലൈസൻസ് പുതുക്കുന്നുണ്ടെന്നും ഉറപ്പിക്കാനാവില്ല.

മേൽ രീതിയിലുള്ള രജിസ്റ്റർ/രേഖകൾ സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് യഥാവിധി ലഭിക്കേണ്ട വരുമാനത്തിൽ കുറവുവരാനിടയാകുന്നു. കൂടാതെ കുടിശ്ശികയായി നിൽക്കുന്ന തുക വാർഷികകണക്കുകളിലോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലോ ഉൾപ്പെടുത്താത്തതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിക്കാനിടയുണ്ട്.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-33 ഡേ ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

1.2019-20 സാമ്പത്തിക വർഷത്തിലെ ഡേ ബുക്ക് പരിശോധിച്ചതിൽ ഓരോ ദിവസത്തേയും ഡേ ബുക്ക് പ്രിന്റ് എടുത്ത് അധികാരികൾ

സാക്ഷ്യപ്പെടുത്തി ക്രമത്തിൽ സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. ഓരോ ദിവസത്തേയും ഡേ ബുക്ക് പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. 16/3/19 ൽ ഇഷ്യൂ ചെയ്ത 148, 149, 150 എന്നീ രസീത് ബുക്കുകൾ 2020-21 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ടതിനാൽ ആയത് അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

## 1-34 ചെക്ക് മുഖേന ലഭ്യമായ തുക ക്രെഡിറ്റ് ചെയ്തിട്ടില്ല

119160500052 എന്ന രശീത് പ്രകാരം 19.8.19 തീയതിയിൽ ജോൺസൺ എൻ.ജെ എന്നവരിൽ നിന്നും പരസ്യ ഫീസിനത്തിൽ 51264/- രൂപയുടെ ചെക്ക് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുക ക്രെഡിറ്റ് ചെയ്തിട്ടില്ല. ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ 2020 ഫെബ്രുവരി ഉൾപ്പെടെയുള്ള മാസങ്ങളിൽ ഈ തുക ക്ലിയർ ചെയ്തിട്ടില്ല. എന്നാൽ 1.3.2020ൽ പേയ്മെന്റ് വൗച്ചർ 219026010203 പ്രകാരം ഈ തുക റിവേഴ്സ്എന്ട്രി നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (54/26-10-2021) മറുപടിയായി 19.8.19 തീയതിയിലെ 119160500052 എന്ന സാംഖ്യ രശീത്, ഇരിഞ്ഞാലക്കട State Bank Of India (Salary A/c) മെയിൻ ബ്രാഞ്ചിൽ ചെക്ക് കളക്ഷൻ നൽകിയതിന്റെ ചലാൻ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ റിവേഴ്സ്എന്ട്രി പ്രകാരമുള്ള Payment Voucher, Voucher-മായി ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങൾ:

1) മാസങ്ങൾക്ക് ശേഷം ഈ തുക അതേ ശീർഷകത്തിൽ Payment Voucher ആയി രേഖപ്പെടുത്തി (ഫലത്തിൽ Reciept Cancel ചെയ്യുന്നത്)യപ്പോൾ ഇതിൽ Payment ന്റെ കാര്യകാരണങ്ങൾ രേഖപ്പെടുത്തി Voucher സൂക്ഷിച്ചിട്ടില്ല.

2) രസീത് റദ്ദാക്കിയപ്പോൾ കക്ഷിയിൽ നിന്ന് (രേഖ മുഖേന ഇതേ തുക സ്വീകരിച്ചിട്ട് ആയതിന് Reciept നല്കിയിട്ടുള്ളതാണ്) കക്ഷിക്ക് നല്കിയ രസീത് വാങ്ങി (Counter Foil) റദ്ദാക്കി സൂക്ഷിച്ചിട്ടില്ല.

3) രശീത് ലഭിച്ച് മാസങ്ങൾക്ക് ശേഷമാണ് രശീത് Cancel ചെയ്യുന്ന തരത്തിൽ Entry രേഖപ്പെടുത്തുന്നത്. Reconciliation പത്രികയിൽ ഈ തുക കാണപ്പെട്ടു എങ്കിലും വർഷാന്ത്യത്തിൽ റദ്ദാക്കുന്ന നടപടി സ്വീകരിച്ചിട്ടില്ല.

4) ഇപ്രകാരം ചെക്ക് ലഭിച്ചിട്ടും Encash ചെയ്യാതിരുന്നതിന് കാരണം ലഭ്യമല്ല. Dishonour ആയിരുന്നെങ്കിൽ ഇതിനെതിരെ നഗരസഭ നടപടി സ്വീകരിച്ചതായി കാണുന്നില്ല.
മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 ജീവനക്കാരുടെ തൊഴിൽ നികുതി - നഗരസഭാ പരിധിയിയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിൽ നിന്നും ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡിന്റെ പേര് (പഴയത്) | അടവാക്കിയ അർദ്ധവർഷം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1. | തത്വ ടെക്നോളജീസ് | 1 | ഒന്ന് 5750/- | രണ്ട് |
| 2. | ഭാരത് മൾട്ടി സ്റ്റേറ്റ് ഹൗസിങ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി | 4 | ഒന്ന് 900/- | രണ്ട് |
| 3. | മുല്ലോത്ത് ടെക്സ്റ്റൈൽസ് | 5 | ഒന്ന് 3000/- | രണ്ട് |
| 4. | വൈദ്യരത്നം ഔഷധശാല | 5 | ഒന്ന് 5150/- | രണ്ട് |
| 5. | ഡോക്ടർ സിതാര ഡെന്റൽ സ്പെഷ്യലിറ്റി സെന്റർ | 5 | രണ്ട് 660/- | ഒന്ന് |
| 6. | പ്രൊപ്രൈറ്റർ പ്രസ്സി ഡെന്റൽ ക്ലിനിക് | 6 | രണ്ട് 3000/- | ഒന്ന് |
| 7. | ഗഡ്ഡാൻ കറീസ് | 6 | ഇല്ല | ഒന്ന്,രണ്ട് |

| | | | | |
|---|---|---|---|---|
| 8. | പരിവർത്തന കുറീസ് | 6 | ഒന്ന് 990/- | രണ്ട് |
| 9. | ധനസിംഹ കുറീസ് | 6 | ഒന്ന് 1050/- | രണ്ട് |
| 10. | മനവലശ്ശേരി കുറീസ് | 6 | ഇല്ല | ഒന്ന്,രണ്ട് |
| 11. | ഐവാൻ ചിട്ടീസ് | 6 | ഒന്ന് 1050/- | രണ്ട് |
| 12. | തിരുനാൾ കുറീസ് | 6 | ഇല്ല | ഒന്ന്,രണ്ട് |
| 13. | ജയസുവർണ്ണ കുറീസ് | 6 | രണ്ട് 450/- | ഒന്ന് |
| 14. | മാസ് മൂവീസ് | 6 | ഇല്ല | ഒന്ന്,രണ്ട് |
| 15. | നവരത്ന ഹൈപ്പർ മാർക്കെറ്റ് | 6 | ഒന്ന് 19,600/- | രണ്ട് |
| 16. | ക്രിസ്ബെല്ല വെഡ്ഡിങ് ഗൗൺ | 6 | ഇല്ല | ഒന്ന്,രണ്ട് |
| 17. | ചെമ്പകശ്ശേരി മൂവീസ് | 6 | ഇല്ല | ഒന്ന്,രണ്ട് |
| 18. | പിട്ടാപ്പിള്ളി ഏജൻസീസ് | 6 | രണ്ട് 4950/- | ഒന്ന് |
| 19. | ചെമ്പകശ്ശേരി സൂപ്പർ മാർക്കെറ്റ് | 6 | ഇല്ല | ഒന്ന്,രണ്ട് |
| 20. | സൗത്ത് ഇന്ത്യൻ ബാങ്ക് | 18 | രണ്ട് 21250/- | ഒന്ന് |
| 21. | കൊമേഴ്സ്യൽ ടാക്സ് ഓഫീസ് | മേഖല കാര്യാലയം | ഇല്ല | ഒന്ന്,രണ്ട് |
| 22. | മുൻസിഫ് കോർട്ട് പ്രിൻസിപ്പൽ ,മുൻസിഫ്, അസ്സിസ്റ്റന്റ് മുൻസിഫ് | മേഖല കാര്യാലയം | രണ്ട് 41,450/- | ഒന്ന് |

ഓഡിറ്റ് എൻക്വയറി നം. നമ്പർ: 44/20 തീയതി : 26.10.21

കേരള മുനിസിപ്പാലിറ്റി നിയമം 1994- സെക്ഷൻ 253, 254 പ്രകാരം രണ്ട് അർദ്ധവർഷങ്ങളിലും നഗര സഭാ പരിധിയിലെ എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളിൽ നിന്നും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ നികുതി നിർണ്ണയിക്കാൻ നോട്ടീസ് മുഖേന ആവശ്യപ്പെടേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കെതിരെ സെക്ഷൻ 259 പ്രകാരമുള്ള പിഴ - ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയിലെ ചില വാർഡുകളിലെ വിവരങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മുഴുവൻ വാർഡുകളിലെയും വിവരങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മോഡേൺ ഫിഷ് മാർക്കറ്റ്- പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തനക്ഷമമല്ല.- സ്റ്റാളുകൾ ഒഴിഞ്ഞുകിടക്കുന്നു.

ഫയൽ നം. R4-12760/13

ഇരിങ്ങാലക്കുട കിഴക്കേ മാർക്കറ്റിൽ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ സംയുക്തമായി 250 ലക്ഷം രൂപ ചെലവിൽ ഹോൾസെയിൽ കം റിട്ടെയിൽ ഫിഷ് മാർക്കറ്റ് നിർമ്മിച്ച് 28.10.2013 ൽ നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതാണ്.

കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഹോൾസെയിൽ സ്റ്റാൾ | 8 എണ്ണം |
| ഡബിൾ സ്റ്റാൾ | 21 എണ്ണം |
| സിംഗിൾ സ്റ്റാൾ | 7 എണ്ണം |
| കോൾഡ് സ്റ്റോറേജ് | 1 എണ്ണം |

23.12.2013ലെ തീരുമാനം 12 പ്രകാരം സ്റ്റാളുകൾ ലേലം ചെയ്യുന്നതിനും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്ന മുറയ്ക്ക് കൈമാറുന്നതിനും തീരുമാനിച്ചു. ആദ്യ ലേലത്തിൽ (31.01.2014) സ്റ്റാളുകൾ ലേലം പോയെങ്കിലും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാത്തതിനാൽ അടവാക്കിയ തുക റിഫണ്ട് ചെയ്യേണ്ടിവന്നു. പിന്നീട് സെന്റർ ഫോർ എൻവിറോൺമെന്റ് ആന്റ് ഡെവലപ്മെന്റ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. 2016-17 വർഷം മുതൽ ലേലം നടത്തിയെങ്കിലും ഒരു സിംഗിൾ സ്റ്റാൾ മാത്രമാണ് ലേലത്തിൽ പോയത്. 26.08.2020 ലെ 10-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് കുറച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 8 ഹോൾസെയിൽ സ്റ്റാളുകളും 1 ഡബിൾ സ്റ്റാളും ഒരു സിംഗിൾ സ്റ്റാളും മാത്രമാണ് ലേലത്തിൽ പോയിട്ടുള്ളത്. മറ്റുള്ളവ ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ മാലിന്യ സംസ്കരണ പ്ലാന്റ് , കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തിക്കുന്നില്ല.

ഓഡിറ്റ് (ഓഡിറ്റ് എൻക്വയറി നം. 8/22.10.2021) അന്വേഷണം നൽകിയതിൽ പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവ പ്രവർത്തിപ്പിച്ച് പൊതുലേലം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്ലാന്റ് സ്ഥാപിച്ച സെന്റർ ഫോർ എൻവിറോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് മറുപടി (കത്ത് നം. CED/2209(2)/2014 Dt. 08.09.2021) നൽകിയെന്നാണ് അറിയിച്ചിട്ടുള്ളത്.

പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ടി മാർക്കറ്റ് ഉപയോഗപ്പെടുത്തണമെങ്കിൽ പ്ലാന്റ്, കോൾഡ് സ്റ്റോറേജ് എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാർക്കറ്റ് ഉപയോഗം സംബന്ധിച്ചുള്ള കരട് ബൈലോയ്ക്ക് (11.07.2019 ലെ 2-ാം നമ്പർ തീരുമാനം) സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 9/22.10.2021)

## 1-37 നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.

| കെട്ടിടം | ഒഴിഞ്ഞുകിടക്കുന്ന മുറികൾ |
|---|---|
| കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് | XVIII/127M, XVIII/127Q |
| റാണാ ടൂറിസ്റ്റ് ഹോം | XV/720, XV/722, XV/723 |
| മത്സ്യ മാംസ മാർക്കറ്റ് | XIV/356(20), XIV/356(21) |
| ഫിഷ് മാർക്കറ്റ് സ്റ്റാൾ | ആകെ 28 സിംഗിൾ/ ഡബിൾ സ്റ്റാളുകൾ ഉള്ളതിൽ സ്റ്റാൾ നം 18, 27 എന്നിവ ഒഴികെ 26 എണ്ണം + കോൾഡ് സ്റ്റോറേജ് |

[ഓഡിറ്റ് എൻക്വയറി 9തീയതി 22.10.2021]

മേൽ വിവരത്തിന് ഓഡിറ്റ് എൻക്വയറി നൽകിയതിൽ ചില മുറികൾ നിലവിൽ ലേലത്തിന് പോയിട്ടുണ്ടെന്നും മറ്റു മുറികൾ ലേലത്തിൽ പോകാത്തതിനാൽ ഓഫർ ക്ഷണിച്ചിട്ടുള്ളതും ഓഫർ ലഭിച്ചിട്ടില്ലാത്തതിനാലാണ്

ഒഴിവുവന്നിട്ടുള്ളതെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

റാണാ ടൂറിസ്റ്റ് ഹോമിന്റെയും XIV/356(20) നമ്പർ കെട്ടിടത്തിന്റെയും അറ്റകുറ്റപ്പണികൾക്കായി എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ഫിഷ് മാർക്കറ്റ് സ്റ്റാളുകൾ സംബന്ധിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി തുടർനടപടി സ്വീകരിക്കാൻ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ലേല നടപടികൾക്ക് വ്യാപകമായി പ്രചാരണം നൽകേണ്ടതിലേക്കും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടമുറികൾ സംബന്ധിച്ച നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിലേയ്ക്കും കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

നഗരസഭാ കെട്ടിടങ്ങൾ, മൈതാനം എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല. ആയതിന് ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-38 ലേലം നടത്തിയതിന്റെ വരവ് വരുമാനശീർഷകത്തിന് പകരം ബാധ്യതാ ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.

ഫയൽ നം. PW1-10119/19

ചാത്തൻ മാസ്റ്റർ ഹാൾ നിർമ്മാണം നടക്കുന്ന സ്ഥലത്തെ പഴയ സാമഗ്രികൾക്ക് 34965/- രൂപ അസി.എക്സി. എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തുകയും . ടി സാധനങ്ങൾ ശ്രീ.ആന്റണി കെ.എൽ എന്ന വ്യക്തി 35500/- രൂപയ്ക്ക് ലേലത്തിൽ എടുക്കുകയും ചെയ്തിട്ടുണ്ട് . ലേല തുക അടവാക്കിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 105381/ 13.08.2019 | 12000/- |
| 105384/ 13.08.2019 | 1000/- |
| 106845/ 28.09.2019 | 22500/- |
| ആകെ | 35500/- |

ടി തുക ലേല വരുമാനശീർഷകത്തിൽ ഉൾപ്പെടുന്നതിന് പകരം 340200200 – Auction Deposit എന്ന ബാധ്യതാശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വരവ് വരുമാന ശീർഷകത്തിലേയ്ക്ക് ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/25.10.2021)

## 1-39 നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകൽ - മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇല്ല.

ഫയൽ നം. 5638/17

നഗരസഭാ ഠാണാ ടൂറിസ്റ്റ് ഹോമിലെ XVI/880(1) നമ്പർ (Old – XV/711A) കെട്ടിടമുറി ശ്രീ. സി.ജെ. ജോണി, ചക്കച്ചാം പറമ്പിൽ – എന്നവരുടെ പേരിൽ മിനർവ്വ കുറീസ് എന്ന സ്ഥാപനം നടത്തുന്നതിന് വേണ്ടി അനുവദിച്ചിരുന്നു. വാടക കുടിശ്ശിക വരുത്തിയതിനെ തുടർന്ന് 01/21 ൽ നഗരസഭ പൂട്ടിയെടുക്കുന്നതു വരെ ടിയാന് നഗരസഭയിൽ ഒടുക്കാനുള്ള തുക 1,02,176/- രൂപയാണ്. ടിയാൻ സെക്യൂരിറ്റി ഡെപ്പോസിറ്റായി നഗരസഭയിൽ അടവാക്കിയിരുന്നത് 50,000/- രൂപയാണ്. കുടിശ്ശിക അടവാക്കാനുള്ള തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും മതിയാകാത്ത സ്ഥിതിവിശേഷമാണുള്ളത്.

അതാതു സമയങ്ങളിൽ, റവന്യൂ ഇൻസ്പെക്ടറുടെ - (കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ലഭിക്കാവുന്ന വാടക, നിലവിലുള്ള മാർക്കറ്റ് റേറ്റ് എന്നിവയുടെ അടിസ്ഥാനത്തിലുള്ള) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടമുറികളുടെ വാടകയും സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ നിരക്കും കൗൺസിൽ നിശ്ചയിക്കുന്നത്. 2019-20 വർഷത്തിൽ ലേലം നടത്തിയതിൽ താഴെപ്പറയുന്ന മുറികൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് നിശ്ചയിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നം. | സെക്യൂരിറ്റി ഡെപ്പോസിറ്റ് | കെട്ടിടം |
|---|---|---|
| XVIII/127(P) | 2,50,000 | കസ്തൂർബാ ഷോപ്പിംഗ് കോംപ്ലക്സ് |
| XVIII/60 | 5,00,000 | ഠാണാ ഷോപ്പിംഗ് കോംപ്ലക്സ് |

എന്നാൽ നഗരസഭയുടെ വാടക/ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പല മുറികളും വർഷങ്ങൾക്കുമുമ്പ് വാടകയ്ക്ക് നല്കിയിട്ടുള്ളതും ആയതിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ച തുക നിലവിലെ മാർക്കറ്റ് നിരക്കിനെ അപേക്ഷിച്ച് വളരെ കുറവുമാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിടം | സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ച രശീതി നമ്പർ / തീയതി | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2019-20 ലെ വാടക |
|---|---|---|---|---|
| XVIII/58 | ടൗൺഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | 43094/ 13.10.2003 | 16716/- | 2637/- |
| XVIII/61 | | 111613326/ 01.07.2011 | 25000/- | 2552/- |
| V/263 | ബസ് സ്റ്റാൻ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 5592/ 19.04.2002, 11201523/31.05.2007 | 11368/- | 1719/- |
| V/267 | | 36964/ 28.06.1988 | 7596/- | 1504/- |
| V/256 | മുനിസിപ്പൽ റസ്റ്റ് ഹൗസ് | 14/ 23.08.2006 | 14560/- | 1222/- |
| V/261 | | 35363/ 25.06.2003 | 1200/- | 207/- |
| XV/713 | ഠാണാ ഷോപ്പിംഗ് കോംപ്ലക്സ് | 30702/ 08.02.1999 | 6360/- | 1202/- |
| XV/698 | | 6747/ 18.05.1989 | 2808/- | 1618/- |
| XIV/79(1) | മാർക്കറ്റ് | 112067/ 08.10.2009 | 2000/- | 756/- |
| XIV/252 | | 41170/ 06.08.1999 | 1956/- | 378/- |

| | | | |
|---|---|---|---|
| XIV/356(11) | 12529/ 04.12.2006 | 861/- | 861/- |

മേൽ പട്ടിക പ്രകാരം കുടിശ്ശിക വരുത്തുന്നവരിൽ നിന്നും ടി തുക ഈടാക്കാനാകാത്ത സ്ഥിതിയാണുള്ളത്. നിലവിലെ മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ മേൽ പട്ടിക പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് വളരെ കുറവാണ്. ആയതിനാൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതും വാടകയ്ക്ക് നൽകേണ്ട കാലയളവ് സംബന്ധിച്ചും ബൈലോ തയ്യാറാക്കേണ്ടതും നിലവിലെ കെട്ടിടങ്ങൾക്ക് കാലാനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് നിശ്ചയിക്കേണ്ടതിനുമുള്ള നടപടികൾ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

## 1-40 വസ്തുനിർണ്ണയിക്കുന്നതിൽ കാലതാമസം

പെർമിറ്റ് പി.ഡബ്ല്യു3-ബി.എ(1797)/20 തി.9.1.20 അപേക്ഷ നം.പി.ഡബ്ല്യു3/14904/19 തി.18.11.19 എന്നിവ പ്രകാരം സനാദനൻ,റ്റി.വി വർഗ്ഗീസ്,ഡാലി വർഗ്ഗീസ് എന്നിവരുടെ 1646.56 ച.മീ വിസ്തൃതിയിലുള്ള സ്പെഷ്യൽ റസിൻഷ്യൽ കെട്ടിത്തിന് 19.3.20-ാം തിയ്യതിയിൽ താമസത്തിനുള്ള സാക്ഷ്യപത്രം നൽകിയതായി കാണുന്നു.കെട്ടിടത്തിൽ ബാർ,റസ്റ്റോറന്റ് എന്നിവയാണ് പ്രവർത്തിച്ചുവരുന്നത്.എന്നാൽ നാളിതുവരെയായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല.ഓഡിറ്റ് ടീം, 26.10.2021ാം തിയ്യതിയിൽ, നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം പ്രവർത്തിച്ച വരുന്നതായും,പുതിയ വസ്തുനികുതി നിർണ്ണയിക്കേണ്ട വിധത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായും കാണാൻ സാധിച്ചു. ആയതിനാൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അതുപോലെ തന്നെ 1646.56 ച.മീ വിസ്തൃതിയിലുള്ള സ്പെഷ്യൽ റസിൻഷ്യൽ കെട്ടിത്തിന് ഫയർ എൻ.ഒ.സി ആവശ്യമാണ്.എന്നാൽ ഫയർ എൻ.ഒ.സി ഫയലിൽ കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 29/26.10.21, 60/27.10.21 എന്നിവക്ക് നൽകിയ, മറുപടിയിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതുപോലെ 1000ച.മീ അടിത്തറ വിസ്തീർണ്ണം ഇല്ലാത്തതിനാൽ ഫയർ എൻ.ഒ.സിയുടെ ആവശ്യമില്ലായെന്നാണ് മറുപടിയിൽ അറിയിച്ചത്. പെർമിറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷ തിയ്യതി 18.11.19 എന്നാണ്. ആയതിനാൽ Kpbr 2019 ലെ ചട്ടങ്ങൾ പ്രകാരം Total Build Up Area 1000 ച.മീറ്ററിന് മുകളിൽ ഫയർ എൻ.ഒ.സി ആവശ്യമാണ്, കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-41 എയർ കണ്ടീഷനിങ്ങിന് നൽകുന്ന 15% വർദ്ധനവ് നൽകാതെ വസ്തുനികുതി നിർണ്ണയിച്ചു

ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ സോണൽ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഹോട്ടൽ റോസ് റസിഡൻസി മാപ്രാണം,മാടായിക്കോണം എന്നവരുടെ ബാർ റസ്റ്റോറന്റിന് കെട്ടിടനമ്പർ 11/3A ,11/3E എന്നി നമ്പറുകൾ നൽകിയതായി കാണുന്നു.കെട്ടിടനമ്പർ 11/3Aയ്ക്ക് 519 ച.മീ വിസ്തൃതിയും,കെട്ടിടനമ്പർ 11/3Eയ്ക്ക് 123.1 ച.മീ വിസ്തൃതിയും കാണുന്നു.പ്ലാൻ പ്രകാരം കെട്ടിടത്തിന് മേൽപ്പറഞ്ഞ കെട്ടിട നമ്പറുകളിൽ എയർ കണ്ടീഷനിങ്ങിന് ഉള്ളതായി കാണുന്നു.കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ എയർ കണ്ടീഷനിങ്ങിന് നൽകുന്ന 15% വർദ്ധനവ് നൽകിയതായികാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/25.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതിയിൽ എയർ കണ്ടീഷനിങ്ങിന് നൽകുന്ന 15% വർദ്ധനവ് ഉൾപ്പെടുത്തി വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

## 1-42 അപ്പാർട്ട്മെന്റ് കെട്ടിടത്തിലെ നീന്തൽകുളത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല.

പെർമിറ്റ് നം.ബി.എ-625/13-14 തി.14.10.14 പ്രകാരം പെർമിറ്റെടുത്ത പാരൽ ഫൈൻ ലിവിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിങ്ങ് ഡയറക്ടർക്ക്, 6995.01 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് 15/411/1 മുതൽ 15/411/45 വരെയുള്ള കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്.03/12/19 ാം തിയ്യതിയിലാണ് കെട്ടിടത്തിന് ഒക്യുപൻസി നൽകിയിട്ടുള്ളത്.കെട്ടിടത്തിന്റെ 12ാം നിലയിൽ ഒരു സ്വിമ്മിങ്ങ് പൂൾ ഉള്ളതായി കാണുന്നു. എന്നാൽ ഇത് Total Build Up വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.സ്ഥലപരിശോധന നടത്തിയ ഓവർസിയർ(PW I) ഈ കാര്യം രേഖപ്പെടുത്തിയിട്ടുള്ളതായി ഫയലിൽ നിന്നും ബോധ്യപ്പെടുന്നു. 26.10.2021 -ാം തിയ്യതിയിൽ ഓഡിറ്റ് ടീം കെട്ടിടം പരിശോധിച്ചപ്പോൾ 12-ാം നിലയിൽ 20.8മീറ്റർ നീളവും 8.5 മീറ്റർ വീതിയുമുള്ള 176.8ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് വലിയവർക്കും, കുട്ടികൾക്കുമുള്ള സ്വിമ്മിങ്ങ് പൂളുകൾ കാണാൻ സാധിച്ചു. ഈ വിസ്തീർണ്ണം Total Build Up വിസ്തീർണ്ണത്തിലും, ഫ്ലോർ വിസ്തീർണ്ണത്തിലും ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 65/27.10.21 ന് നൽകിയ, മറുപടിയിൽ നീന്തൽകുളം,വിനോദശാല, ഹെൽത്ത് ക്ലബ് എന്നിവ വിനോദസ്ഥലമായതിനാൽ Total Build Up വിസ്തീർണ്ണത്തിലും, ഫ്ലോർ വിസ്തീർണ്ണത്തിലും പരിഗണിക്കേണ്ടതില്ലായെന്നാണ് അറിയിച്ചത്. എന്നാൽ 12-ാം നിലയിലെ ഹെൽത്ത് ക്ലബ്, സമ്മേളന ഹാൾ എന്നിവ Total Build Up വിസ്തീർണ്ണത്തിലും, ഫ്ലോർ വിസ്തീർണ്ണത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. നീന്തൽകുളം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നീന്തൽകുളം Total Build Up വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നീന്തൽ കുളത്തിന് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. സ്ഥലപരിശോധനയിൽ 8 നില വരെ കെട്ടിടത്തിന്റെ നീളം 31.22 മീറ്ററും, വീതി 22.90 മീറ്ററും ആണ്. ബാക്കി 4 നിലയ്ക്ക് കെട്ടിടത്തിന്റെ നീളം 29.2 മീറ്ററും, വീതി 20.8 മീറ്ററും ആണ്. അതായത് 8 നിലയ്ക്ക് 31.22x22.90=5719.50 ച.മീറ്ററും, 4 നിലയ്ക്ക് 29.2x20.8=2429.44 ച.മീറ്ററും മൊത്തം Build Up വിസ്തീർണ്ണം ഏകദേശം 8148.9 ച.മീറ്റർ വരും.പ്ലാൻ പ്രകാരം Total Build Up വിസ്തീർണ്ണം 6995.01 ച.മീറ്ററാണ്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം 28 യൂണിറ്റുകൾക്ക് 162 ച.മീറ്റർ ഫ്ലോർ എരിയയും. 16 യൂണിറ്റുകൾക്ക് 122 ച.മീറ്റർ ഫ്ലോർ എരിയയുമാണ്. എന്നാൽപ്ലാൻ പ്രകാരം കുറവാണ്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം Total Build Up ഫ്ലോർഎരിയ 44 യൂണിറ്റുകൾക്ക് തന്നെ 6488ച.മീറ്റർ വരും. ഇതുകൂടാതെ ജിംനേഷ്യം, അസോസിയേഷൻ ഹാൾ എന്നിവ കൂടിയുണ്ട്. പ്ലാൻ പ്രകാരം ഫ്ലോർ എരിയ 5890ച.മീറ്ററാണ്. ആയതിനാൽ ഈ കെട്ടിടത്തിന്റെ പ്ലിന്ത് വിസ്തീർണ്ണം, ഫ്ലോർ വിസ്തീർണ്ണം, എഫ്.എ.ആർ എന്നിവ അളന്ന് കൃത്യമാക്കേണ്ടതാണ്.

കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് 4 Nos മെക്കാനൈസ്ഡ് പാർക്കിംഗ് സംവിധാനം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ഇത് കാണാൻ സാധിച്ചില്ല. ഫയലിൽ 31.12.21 ൽ പാർക്കിങ്ങ് സംവിധാനത്തിന്റെ പണി പൂർത്തികരിക്കുന്നതാണെന്ന് സത്യവാങ്ങ്മൂലം കാണുന്നുണ്ട്. സ്ഥലപരിശോധനയിൽ കെട്ടിടത്തിൽ മെക്കാനൈസ്ഡ് പാർക്കിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല എന്നു കാണുന്നു. അതുപോലെ കെ.എം.ബി.ആർ റൂൾ 34(1) പ്രകാരം 2.70 മീറ്റർ വീതിയാണ് കാർ പാർക്കിംഗിന് അനുവദിച്ചിട്ടുള്ളത്. ആയത് 5,6,16,17 എന്നി കാർ പാർക്കിംഗ് സ്ഥലങ്ങളിലില്ലായെന്ന ഓവർസിയർ

(PW I) റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. മുകളിൽ പറഞ്ഞ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 എഫ്.എ.ആർ ക്രമവത്ക്കരിക്കുന്നതിനുള്ള അധിക ഫീസ് തെറ്റായി ഈടാക്കി

പെർമിറ്റ് നം.ബി.എ-625/13-14 തി.14.10.14 പ്രകാരം പെർമിറ്റെടുത്ത പാരൽ ഫൈൻ ലിവിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിങ്ങ് ഡയറക്ടർക്ക് 6995.01 ച.മീ വിസ്തൃതിയിലുള്ള കെട്ടിടത്തിന് കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുള്ളതായി കാണുന്നു. 03/12/19ാം തിയ്യതിയിലാണ് കെട്ടിടത്തിന് ഒക്യൂപൻസി നൽകിയിട്ടുള്ളത്. ഒക്യൂപൻസിയ്ക്കായി തന്ന അപേക്ഷ പ്രകാരം 246.85 ച.മീ അധിക നിർമ്മാണം നടത്തിയത് ക്രമവത്ക്കരിച്ചിട്ടുണ്ട്. അധിക എഫ്.എ.ആർ ക്രമവത്ക്കരിക്കുന്നതിന് അധിക ഫീസായി 19.99 ച.മീറ്ററിന് 3000/-രൂപ/ച.മീ നിരക്കിൽ 59,970/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. അധിക എഫ്.എ.ആർ ക്രമവത്ക്കരിച്ച സമയത്ത് 2018 ലെ KPBR ചട്ടങ്ങൾ പ്രകാരം 5000/-രൂപ/ച.മീ എന്ന നിരക്കാണ് എഫ്.എ.ആർ ക്രമവത്ക്കരിക്കുന്നതിനുള്ള അധിക ഫീസിന്റെ നിരക്ക്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/26.10.21 നൽകി.മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പുതിയ നിരക്ക് വച്ച് അധിക ഫീസ് കണക്കാക്കി, ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 അനധികൃത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്

അപേക്ഷ നം. 16720/19 തി.18.12.19 പ്രകാരം ശ്രീ.പോൾ ഫ്രാൻസിസ് ,കെ.എൽ.എഫ് ഇൻഡസ്ട്രീസ് ലിമിറ്റഡ്,ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തിന്റെ 700 ച.മീറ്റർ വരുന്ന അധിക നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്.വിവിധ ന്യൂനതകൾ ഉള്ളതിനാൽ കെട്ടിട നിർമ്മാണം ക്രമവത്ക്കരിച്ചിട്ടില്ല. 26.10.2021-ാം തിയ്യതിയിൽ ഓഡിറ്റ് ടീം, കെട്ടിടത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ കെട്ടിടം പൂർണ്ണമായി വ്യവസായാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണാൻ സാധിച്ചു. കെട്ടിടം നാളിതുവരെയായി യു.എ നമ്പർ രജിസ്റ്ററിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചില്ല. അനധികൃത കെട്ടിടങ്ങൾ KMBR പ്രകാരം വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 64/27.10.21- ന് നൽകിയ, മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങൾക്ക് സാധാരണ നിരക്കിന്റെ മൂന്നിരട്ടിയായാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 2019-20 സാമ്പത്തിക വർഷം രണ്ടാം പാദം മുതൽ കെട്ടിടം പണിപൂർത്തികരിച്ചിട്ടുള്ളതായാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന് UA നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-45 അനധികൃത മെബൈൽ ടവറുകൾ കണ്ടെത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്

26.10.2021-ാം തിയ്യതിയിൽ ഓഡിറ്റ് ടീം, കെട്ടിടനം.VIII/295, VIII/295B, VIII/295C, VIII/295D എന്നി കെട്ടിടങ്ങൾ (KLF Nirmal Industries) സ്ഥല പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന്റെ റൂഫ് ടോപ്പിൽ മൊബൈൽ ടവർ പ്രവർത്തിച്ച വരുന്നതായി കണ്ടു. എന്നാൽ ഈ മൊബൈൽ ടവറിന് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടനമ്പർ നൽകിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 64/27.10.21-ന് നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നഗരസഭ പരിധിയിൽ ഇത്തരത്തിൽ പ്രവർത്തിച്ച വരുന്ന മുഴുവൻ അനധികൃത മൊബൈൽ ടവറുകളെയും കണ്ടെത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

250 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള, വിലയേറിയ വസ്തുക്കൾകൊണ്ട് തറ നിർമ്മിതിയുള്ള, കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 64/27.10.21 നൽകി, മറുപടിയിൽ സാംഖ്യയിലെ ടെക്നിക്കൽ പിഴവുകൾ മൂലമാണ് വസ്തു നികുതിയിൽ വർദ്ധനവ് വരുത്താൻ സാധിക്കാത്തതെന്നാണ് അറിയിച്ചത്. നഗരസഭയ്ക്ക് വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നതിനാൽ ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-47 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

1.ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയുടെ സോണൽ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ കുടിശ്ശിക താഴെ പ്രകാരം കാണുന്നു.

| ക്രമ നം | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 1/364/A(UA) | 2017-18 മുതൽ | 73575 |
| 2 | 2/366/G1(UA) | “ ” | 80935 |
| 3. | 7/478/A1(UA) | “ “ | 179850 |
| 4. | 7/480/UA | “ “ | 396670 |
| 5. | 9/351/A1(UA) | “ “ | 88290 |
| 6. | 34/72/1(UA) | “ “ | 671004 |

| | | | |
|---|---|---|---|
| 7 | 37/155A | 2015-16 മുതൽ | 59531 |

2.ഇരിങ്ങാലക്കട മുനിസിപ്പാലിറ്റി കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മൊബൈൽ ടവറുകളുടെ കുടിശ്ശിക താഴെ പ്രകാരം കാണുന്നു

| ക്രമ നം | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 12/393/1(UA) | 2017-18 മുതൽ | 429678 |
| 2 | 16/211 | " " | 123328 |
| 3. | 17/13A | 2016-17 മുതൽ | 28440 |
| 4. | 19/178/D1(UA) | 2017-18 മുതൽ | 245250 |
| 5. | 20/287/1(ua) | " " | 245250 |
| 6. | 26/99/1(ua) | " " | 953044 |
| 7 | 27/231/3(ua) | 2017-18 മുതൽ | 241653 |

മുകളിൽ പറഞ്ഞിട്ടുള്ള അനധികൃത മൊബൈൽ ടവറുകളുടെ (UA) വസ്തുനികുതി കുടിശ്ശിക 2017-18 മുതലാണ് കണക്കാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25/25.10.21ന് നൽകിയ മറുപടിയിൽ കെ.എം.ബി.ആർ 282 പ്രകാരമാണ് ഈ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 2017-18 മുതൽ മുൻകാല പ്രാബല്യം നൽകി ഡിമാന്റ് പുറപ്പെടുവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ (അക്കൗണ്ടന്റ് ജനറലിന്റെയും) മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലെ കാലതാമസം പരാമർശിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ വാർഡുകളിൽ പരിശോധന നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തു നികുതി നിർണ്ണയിച്ചിരുന്നെങ്കിൽ നഗരസഭയ്ക്ക് ഈയിനത്തിൽ നഷ്ടം സംഭവിക്കില്ലായിരുന്നു. ആയതിനാൽ നിലവിലെ കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്

1.ഇരിങ്ങാലക്കട മുനിസിപ്പാലിറ്റി കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക താഴെ പറയും പ്രകാരം കാണുന്നു

| ക്രമ നം | കെട്ടിട നം | കുടിശ്ശികയുള്ള വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | 12/393/1(UA) | 2017-18 മുതൽ | 429678 |
| 2 | 12/405A(UA) | 2016-17 മുതൽ | 253971 |
| 3 | 12/405B(UA) | 2016-17 രണ്ടാംപാദം മുതൽ | 594670 |
| 4. | 19/178/D1(UA) | 2017-18 മുതൽ | 245250 |
| 5. | 20/287/1(ua) | " " | 245250 |
| 6. | 26/99/1(ua) | " " | 953044 |
| 7 | 27/231/3(ua) | 2017-18 മുതൽ | 241653 |
| 8. | 12/407C(UA) | 2017-18 രണ്ടാംപാദം മുതൽ | 199682 |
| 9 | 12/407D(UA) | 2016-17 രണ്ടാംപാദം മുതൽ | 575717 |
| 10 | 12/407E(UA) | 2016-17 രണ്ടാംപാദം മുതൽ | 615497 |
| 11 | 12/6291(UA) | 2014-15 മുതൽ | 776312 |
| 12 | 12/722/1UA | 2017-18 മുതൽ | 234596 |
| 13 | 12/746/A(UA) | 2017-18 മുതൽ | 24588 |
| 14 | 12/746/B(UA) | 2017-18 മുതൽ | 50945 |
| 15 | 17/337/1(UA) | 2016-17 മുതൽ | 111999 |
| 16 | 18/342 UA | 2018-19 മുതൽ | 19901 |
| 17 | 19/63A(UA) | 2017-18 രണ്ടാംപാദം മുതൽ | 14531 |
| 18 | 19/178/D1(UA) | 2017-18 മുതൽ | 193500 |
| 19 | 20/42/1(UA) | 2018-19 രണ്ടാംപാദം മുതൽ | 128301 |
| 20 | 20/170/1(UA) | 2019-20 മുതൽ | 91473 |
| 21 | 20/261/1(UA) | 2019-20 മുതൽ | 128726 |
| 22 | 20/555/B1(UA) | 2017-18 മുതൽ | 254161 |

| | | | |
|---|---|---|---|
| 23 | 22/307/1(UA) | 2019-20 മുതൽ | 26051 |
| 24 | 37/461/3(UA) | 2017-18 മുതൽ | 734707 |
| 25 | 37/363/D(UA) | 2015-16 മുതൽ | 990711 |
| 26 | 1/364/A(UA) | 2017-18 മുതൽ | 73575 |
| 27 | 2/366/G1(UA) | " " | 80935 |
| 28 | 7/478/A1(UA) | " " | 179850 |
| 29 | 7/480/UA | " " | 396670 |
| 30 | 9/351/A1(UA) | " " | 88290 |
| 31 | 34/72/1(UA) | " " | 671004 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 25/25.10.21-ന് നൽകിയ മറുപടിയിൽ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ച ചില കെട്ടിടങ്ങളുടെ വസ്തുനികുതി കടിശ്ശിക 2015-16 മുതലുണ്ട്. കടിശ്ശികയുള്ള വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-49 പബ്ലിക്ക് വർക്ക് വിഭാഗത്തിൽ ലേലം നടത്തിയത് - ലേല നിബന്ധനകൾ പാലിക്കാത്തതിനാൽ നഷ്ടം സംഭവിക്കുന്നു.

ഫയൽ നം. PW1-9184/17

1)ഷീ ലോഡ്ജ് കെട്ടിടം പണിയുന്നതിന്റെ ഭാഗമായി ലൈബ്രറി കെട്ടിടം പൊളിച്ചുകളയുന്നതിന് 21.06.2019 ലെ 13-ാം നമ്പർ കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ആയതിന് വാലേഷൻ തുക 292493.71/- രൂപ നിശ്ചയിച്ചിട്ടുണ്ട്. 2019 ജൂലായ് 8 ന് നടത്തിയ ലേലത്തിൽ ശ്രീ. ഷിമ്മി പൊട്ടുത്തുപറമ്പിൽ ഒന്നാം സ്ഥാനത്തും (294,000/- രൂപ)ശ്രീ. മനോജ്, വെള്ളത്തേരി (293,000/- രൂപ) രണ്ടാം സ്ഥാനത്തും എത്തിയിട്ടുണ്ട്. എന്നാൽ ലേലം ഉറപ്പിച്ചപ്പോൾ ലേലതുകയുടെ 1/3 ഭാഗം കെട്ടിവയ്ക്കാത്തതിനെ തുടർന്ന് 9.8.2019 ൽ പുനർലേലം നടത്തിയെങ്കിലും ആരും ലേലം വിളിച്ചില്ല. 22.08.2019ലെ 7-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഓഫർ ക്ഷണിക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഓഫർ തുക ലഭിച്ച ശ്രീ.മനോജ്, മനകുളങ്ങര പറമ്പിൽ സമർപ്പിച്ച 1,86,000/- യുടെ ഓഫർ സ്വീകരിച്ചു (26.09.2019 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം). വാല്യുഷൻ തുകയേയ്ക്കാൾ 40 ശതമാനത്തോളം കുറവിനാണ് ലേലം നടന്നിട്ടുള്ളത്.

ലേലനിബന്ധനകൾ - ക്രമനം. 2 പ്രകാരം ലേലത്തിൽ ഒന്നാം സ്ഥാനത്തെത്തിയ വ്യക്തി ലേലത്തുകയുടെ മൂന്നിലൊന്നു ഭാഗം ലേല ദിവസം നഗരസഭയിൽ കെട്ടിവച്ച് ലേലം ഉറപ്പിക്കേണ്ടതാണ്. ടി ലേലത്തിൽ പ്രസ്തുത നിബന്ധന പാലിക്കാത്തതിനാലാണ് പുനർലേലം നടത്താനും ടിയിനത്തിലുള്ള വരവിൽ നഷ്ടമുണ്ടാവാനുള്ള സാഹചര്യമുണ്ടായതും. ലേലനിബന്ധനകൾ കൃത്യമായി പാലിക്കപ്പെടാതെ പോയതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/25.10.2021)

2) പബ്ലിക്ക് വർക്ക് വിഭാഗത്തിൽ ലേലം നടത്തുമ്പോൾ വരവുകളുടെ വിശദാംശം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 156 A പ്രകാരം KFCഫോറം നം. 20 ൽ ഒരു ലേല രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-50 വാർഡ് തല ശുചീകരണം-അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

വൗച്ചർ നമ്പർ 69/26.3.20(ചെക്ക് നം.863124) പ്രകാരം 41 വർഡുകളിൽ കോവിഡുമായി ബന്ധപ്പെട്ട് ശുചീകരണം നടത്തുന്നതിനുവേണ്ടി ഓരോ വാർഡിനും 5000/- രൂപ വീതം ആകെ 205000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | തുക കൈപറ്റി.വരുടെ വിവരം | നല്കിയ തുക |
|---|---|---|
| 1 | സരിത,JPHN | 15000 |
| 2 | ബിജു,M.A JPHN | 10000 |
| 3 | റെജി ബാനർജി JHI | 10000 |
| 4 | രാധ.ടി.കെ JPHN,PHC | 15000 |
| 5 | പ്രസാദ്,JHI,Govt, Hospital | 10000 |
| 6 | നിർമ്മല,T D,JHI,PHC | 10000 |
| 7 | സന്ധ്യ.T.A, JPHN | 10000 |
| ആകെ | | 80000 |

മേൽ പ്രകാരം അഡ്വാൻസ് നല്കിയത് നാളിതുവരെ ക്രമീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/26-10-2021) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയത് ക്രമപ്പെടുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ജി.ഒ.പി419/2011/ഫിൻ Dtd.04.10.2011 പ്രകാരം മൂന്ന് മാസത്തിനകം അഡ്വാൻസ് ക്രമീകരിക്കാത്ത പക്ഷം 12% പലിശ ഈടാക്കേണ്ടതാണ്. മേൽ പ്രകാരം അഡ്വാൻസ് നൽകിയ 80000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-51 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ പരിശോധിച്ചതിന്റെ

രേഖകൾ ഹാജരാക്കേണ്ടതാണ് .

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry Of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2019-20 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃത് ഫുഡ്, മാപ്രാണം എന്ന സ്ഥാപനത്തിൽ നിന്നമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 04/22.10.2021)ലഭ്യമാക്കിയ മറുപടിയിൽ പരിശോധനനടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് എത്രയും വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-52 പി.എം.എ.വൈ പദ്ധതി:-ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2019-20 വർഷം പി.എം.എ.വൈ പദ്ധതിയുടെ പരിശോധനയിൽ വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതി | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| പി.എം.എ.വൈ (ജനറൽ),നം.S0053/20 | ലളിത.എം.ജെ | 360000/- |
| | സുമിത.എൻ.വി | 360000/- |
| | രുക്മണിദേവി അപ്പു | 360000/- |
| | സാലി വിജയൻ | 360000/- |
| | സിന്ധു സുരേഷ് | 360000/- |
| | ചന്ദ്രിക ഉണ്ണികൃഷ്ണൻ | 360000/- |
| | മാലതി | 360000/- |
| | ധനലക്ഷ്മി.എം.എൻ | 40000/- |
| | സുനിത.കെ.എസ് | 360000/- |
| | വസുമതി വി.കെ | 360000/- |
| | ചന്ദ്രിക.ഇ.കെ | 360000/- |
| | ലൂസി ജോയ് | 360000/- |
| | പുഷ്പ.ഒ.വി | 360000/- |
| | സജിനി | 360000/- |
| | ശാന്ത | 360000/- |
| | സാവിത്രി | 200000/- |
| | ഷീല സന്തോഷ് | 200000/- |
| | സുനിത വി.ഡി | 40000/- |
| | സുശീല ദാസൻ | 200000/- |
| | തങ്ക | 360000/- |
| | ഓമന.സി.എസ് | 360000/- |
| | രജിത | 360000/- |
| | രാജു.ടി.കെ | 360000/- |
| | സുധ സുനിൽ | 360000/- |
| | സുജ രഘുനാഥൻ | 40000/- |
| | മേരി ജോണി | 360000/- |
| | ഷീബ സുനിൽ | 200000/- |
| | അമ്മു | 360000/- |
| | പ്രസീദ | 360000/- |
| പി.എം.എ.വൈ (ജനറൽ),നം.S0054/20 | ഓമന.എസ്.കെ | 360000/- |

| | | |
|---|---|---|
| | ലവിത.സി.എസ് | 200000/- |
| | ചന്ദ്രിക.എം.ടി | 360000/- |
| | ഗിരിജ കണ്ണൻ | 360000/- |
| | യമുന | 360000/- |
| | അജിത | 360000/- |
| | ഡാലിമോൾ | 360000/- |
| | സുശീല.പി.എം. | 360000/- |
| | മാതു | 360000/- |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 06 /22.10.2021) ലഭ്യമാക്കിയ മറുപടിയിൽ 30.11.2021 നകം ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-53 NULM-അപാകത

2019-20 വർഷത്തിൽ NULMകേന്ദ്രാവിഷ്കൃത പദ്ധതിയുടെ താഴെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ ജീവനക്കാരുടെ വേതനം മാത്രമാണ് നൽകികാണുന്നത്. മറ്റ് പദ്ധതികൾ നടപ്പിലാക്കാതിരുന്നതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 07/22.10.2021)ലഭ്യമാക്കിയ മറുപടിയിൽ ONLINE PORTAL വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് തുക നൽകുന്നതു കൊണ്ടാണ് ഫയൽ മുഖാന്തിരം ചെലവ് ഇല്ലാത്തത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധിക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ഫയൽ നം. | വിഷയം |
|---|---|
| CDS-15804/16(2) | ജീവനക്കാരുടെ വേതനം |
| CDS-15804/16 | CDS ലെ അയൽക്കൂട്ടങ്ങൾക്ക് തുക നൽകൽ |
| CDS-13383/17 | Self Employment Programmes |

## 1-54 സെൻട്രൽ പെൻഷൻ ഫണ്ട്

നഗരസഭയിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 54 പെൻഷണേഴ്സ് നിലവിലുണ്ട്. രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തനതുഫണ്ടിൽനിന്നും വർഷങ്ങളായി പെൻഷൻ വിതരണം ചെയ്തുവരുന്നു. എന്നാൽ പെൻഷൻ വിതരണം ചെയ്ത തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നില്ല. മേൽവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും നഗരസഭ ഡയറക്ടേറ്റിൽ നിന്നും പെൻഷൻ വിതരണത്തിനുള്ള ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-55 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം

| സാമ്പത്തിക വർഷം | 2019-20 |
|---|---|
| മുൻബാക്കി | 2276829 |
| വരവ് | 5000000 |
| പലിശ | 83548 |
| ആകെ തുക | 7360377 |
| വേതനഘടകം-പ്രവൃത്തി ചെലവുകൾ | 5798045 |
| സാധനഘടകം-,, ,, | 82879 |
| ആകെ-,,,, | 5880924 |
| വേതനം-ഭരണചെലവുകൾ | 474166 |
| മറ്റിനം- ,, ,, | 12435 |
| ആകെ- ,, ,, | 486601 |
| പദ്ധതി ചെലവുകൾ | 6367525 |
| ബാക്കി തുക | 992852 |
| ആകെ തൊഴിൽ ദിനങ്ങൾ | 25458 |
| തൊഴിൽ കാർഡ് ലഭിച്ചവർ | 340 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ | 15 |

## 1-56 വരൾച്ച ദുരിതാശ്വാസ പദ്ധതി - വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം 39900/-രൂപ തടസ്സപ്പെടുത്തുന്നു.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽ, ഗുണനിലവാരം ഉറപ്പ് വരുത്തി, വിതരണം ചെയ്യുന്നതിന് 11ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് 02.03.2020 ലെ സ.ഉ.(സാധാ) 500/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് 27.02.2020 ലെ സ.ഉ.(സാധാ) 494/2020/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് എന്നിവ പ്രകാരം യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. 01.06.2019 മുതൽ 08.06.2019 വരെ ശ്രീ.വർഗീസ്.കെ.കെ എന്ന വ്യക്തി നം.K.L48C-1004 എന്ന വണ്ടിയിൽ 210000 ലിറ്റർ കുടിവെള്ള വിതരണം (ടെണ്ടർ ക്ഷണിച്ചതിന്റെ, കരാർ വെച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല) നടത്തിയിട്ടുണ്ട്. ടി കാലയളവിൽ കുടിവെള്ള വിതരണം നടത്തിയതിന് വൗച്ചർ നം.73(1)/11-19(Cheque No.325060/21.11.2019) പ്രകാരം 39900/-രൂപ നൽകിയിട്ടുണ്ട്. 27.02.2020 ലെ സർക്കാർ ഉത്തരവിലെ പ്രധാന വ്യവസ്ഥകളിലൊന്ന് GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽവേണം കുടിവെള്ള വിതരണം നടത്തേണ്ടത് എന്നാണ്. എന്നാൽ കരാറുകാരൻ കുടിവെള്ളവിതരണത്തിനായി ഉപയോഗിച്ച ടാങ്കറുകളിൽ പ്രസ്തുത സംവിധാനം ഉപയോഗിച്ചിട്ടില്ല.

GPS സംവിധാനം ഇല്ലാതിരുന്നതിനാൽ കരാറുകാരൻ ക്ലെയിം ചെയ്ത ട്രിപ്പുകളുടെ നിജസ്ഥിതി ഉറപ്പാക്കുവാനായിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി GPS പ്രവർത്തിക്കാത്ത വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്താൻ അനുവദിക്കുകയും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്താതെയും കുടിവെള്ള വിതരണത്തിന് പണം നൽകിയിട്ടുണ്ട്.ഇക്കാര്യത്തിൽ മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം 46/26.10.2021)ലഭ്യമാക്കിയ മറുപടിയിൽ GPS സംവിധാനം ഘടിപ്പിച്ച വണ്ടിയിൽ ആണ് കുടിവെള്ളവിതരണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണം ചെയ്ത സ്ഥലവും സമയവും സംബന്ധിച്ച ലിസ്റ്റ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ 39900/-തടസ്സപ്പെടുത്തുന്നു.

## 1-57 രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 579289/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

റിമാർക്സിൽ പറഞ്ഞിരിക്കുന്ന രേഖകൾ/ ഫയൽ വിശദീകരണം സഹിതം ലഭ്യമാക്കുന്നതുവരെ ചെലവുതുക 579289/- രൂപ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം | വൗച്ചർ നം/തീയതി ഫയൽ നം | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| 1. | 36/10-19,324938/10.10.2019 | 105000/- | വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയ്ക്കായി മാനേജർ ടൗൺ കോ.ബാങ്ക് ഇരിങ്ങാലക്കുടയ്ക്ക് നൽകിയിട്ടുണ്ട് . ചെലവ് രേഖകൾ ലഭ്യമല്ല. |
| 2 | 31/11-19,325020/11.11.2019 | 46668/- | 8-ാം വാർഡിൽ മാടായിക്കോണം അച്യുതൻ നായർ മൂല പൊറ്റയിൽ മഠം കോളനിയിൽ റോഡ് കോൺക്രീറ്റിംഗിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് KSEB, Elecric Section,കരുവന്നൂരിന് നൽ കിയത് . പണി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. |
| 3 | 56/11-19,325040/19.11.2019 | 10000/- | അംഗീകാർ ക്യാമ്പയിന്റെ ഭാഗമായി ശ്രീ.ജയശങ്കർ,സെക്ഷൻ ക്ലർക്കിന് നൽ കിയത് . അഡ്വാൻസ് അഡ്ജസ്റ്റ് മെന്റ് വിവരം ലഭ്യമാക്കേണ്ടതാണ് . |
| 4 | 87/11-19,325070/29.11.2019 | 12000/- | Landtax Payment Of Municipal Busstand- ശ്രീ.ജയശങ്കർ,സെക്ഷൻ ക്ലർക്കിന് നൽ കിയത് . അഡ്വാൻസ് അഡ്ജസ്റ്റ് മെന്റ് വിവരം ലഭ്യമാക്കേണ്ടതാണ് . |

| | | | |
|---|---|---|---|
| 5 | 12/12-19,854995/05.12.2019 | 23400/- | 20,30 വാർഡുകളിലെ 147,11 നം.അംഗൻ വാടികളിലേയ്ക്ക് വാട്ടർ കണക്ഷൻ- KWA,PHDivision,ഇരിങ്ങ ാലക്കുടയ്ക്ക് നൽ കിയത് . പണി പൂർ ത്തീകരിച്ചതിന്റെ വിവരം. |
| 6 | 19/12-19,325074/06.12.2019 | 5000/- | പെൻഷൻ മസ്റ്ററിംഗിനായി ശ്രീ.ത്രിതീപൻ,സെക്ഷൻ ക്ലർക്കിന് നൽ കിയത് . അഡ്വാൻസ് അഡ്ജസ്റ്റ് മെന്റ് വിവരം ലഭ്യമാക്കേണ്ടതാണ് . |
| 7 | 41/12-19,325086/16.12.2019 | 139380/- | അന്തോണി.കെ.പി യ്ക്ക് റിഫണ്ട് നൽകിയത് . ഏത് ഇനത്തിലാണ് റിഫണ്ട് നൽകിയത് എന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് . |
| 8 | 61/12-19,854996/21.12.2019 | 19842/- | 27-ാം വാർഡിലെ 6ാം നം.അംഗൻവാടികയിലേയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് KSEB,Elecric Section-1,ഇരിങ്ങാലക്കുടയ്ക്ക് നൽ കിയത് . പണി പൂർ ത്തീകരിച്ചതിന്റെ വിവരം. |
| 9 | 29/1-20<br>21901811/22.1.20<br>PW4-7069/19<br>Chq.no.854997/9.1.20 | 200000 | അംഗൻവാടികളിലേക്ക് കുടിവെള്ള കണക്ഷന്<br>വാട്ടർ അതോറിറ്റിക്ക് അഡ്വാൻസ് നൽകിയത്.<br>ധനവിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം എഗ്രിമെന്റ്, കൈപ്പറ്റ് /UTR |

| | | | |
|---|---|---|---|
| | | | Stmt എന്നിവ ലഭ്യമല്ല. |
| 10 | 60/1-20<br>PH2-464/20<br>21901801/20.1.20<br>Chq.no.325183/18.1.20 | 5000 | ഖരമാലിന്യ സംസ്കരണ ശിൽപശാല ബാംഗ്ലൂർ യാത്രാ ചെലവ് -<br>കൗൺസിലർ ശ്രീമതി പ്രജിതകുമാരി<br>അഡ്വാൻസ് രജിസ്റ്റർ പ്രകാരം നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. |
| 11 | 62/1-20<br>PW5-628/18<br>FSC R.No.4 Dt.8.8.18<br>Chq.no325184/21.1.20 | 3000 | വാഹന ലേലത്തിനുള്ള ഇൻസ്പെക്ഷൻ ഫീയിനത്തിൽ ട്രഷറിയിൽ അടച്ച തുക യുടെ ചലാൻ കോപ്പി പ്രകാരം ഓവർസിയർ ഇ.ബി വത്സകുമാറിന് അനുവദിച്ച തുക.<br>(11.8.2016 ൽ അടവാക്കിയ 2000രൂപയും<br>18.1.2018 ൽ അടവാക്കിയ 1000രൂപയും)<br>ഒറിജിനൽ ട്രഷറിചലാൻ ലഭ്യമാക്കേണ്ടതാണ്. |
| 12 | 63/2-20<br>G2-13636/17<br>Chq.no.863024/17.2.20 | 9999 | ഗവ.മോഡൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെമിസ്ട്രി ലാബിലേക്ക് കെമിക്കൽസ് വാങ്ങിയ ഇനത്തിൽ സ്കൂൾ പ്രിൻസിപ്പലിന് അനുവദിച്ചതുക.<br>Invoice No:PMC/17-18/034/dt.14.9.17/<br>5687<br>Invoice No:PMC/17-18/035/dt.14.9.17/<br>4311<br>ക്ലെയിമിന്റെ കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.<br>{ഓഡിറ്റ് എൻക്വയറി നം. 49 ന് ലഭ്യമാക്കിയ മറുപടിയിൽ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ വൈകിയതിനാലാണ് ക്ലെയിം അനുവദിക്കുവാൻ കാലതാമസമുണ്ടായതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.}ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. |
| | ആകെ ചെലവു തുക | 5,79,289 | |

ഓഡിറ്റ് എൻക്വയറി നം:46/26.10.2021 & 49/25.10.21

## 1-58 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവു രേഖകൾ ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 615000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ.നം | ചെക്ക് നം./വൗച്ചർ നം/തീയതി<br>ഫയൽ നം | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 1. | 37/6-19<br>Vr.No.21900299/8.6.19<br>Chq.No.693774-SBI/6.6.19<br>PH2-7077/19 | 300000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 20 വാർഡുകളിലെ ആരോഗ്യ ശുചിത്വ കമ്മിറ്റിക്ക് അവദിച്ച തുക |
| 2. | 38/6-19<br>Vr.No.21900326/8.6.19<br>Chq.no.693775/6.6.19<br>PH2-7077/19 | 315000 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 21 വാർഡുകളിലെ ആരോഗ്യ ശുചിത്വ കമ്മിറ്റിക്ക് അവദിച്ച തുക |
| | ആകെ | 615000 | |

അതാതു വാർഡുകളിലെ കാനകൾ വൃത്തിയാക്കുക, മാലിന്യങ്ങൾ നീക്കം ചെയ്യുക, കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക ,വെന്റ് പൈപ്പുകൾ വല കെട്ടുക തുടങ്ങിയ പ്രവൃത്തികൾക്കായി അനുവദിക്കുന്ന മേൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും ചെലവു രേഖകളും ലഭ്യമാക്കുന്നതു വരെ ആകെ ചെലവു തുക 615000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.ഓഡിറ്റ് എൻക്വയറി നം. 63/ 27 .10 . 21 ന നൽകിയ മറുപടിയിൽ 41 വാർഡുകളിലെ ആരോഗ്യ ശുചിത്വ കമ്മിറ്റിക്ക് അനുവദിച്ച തുകയുടെ വൗച്ചറുകൾ ബില്ലുകൾ എന്നിവ മുഴുവനായും ലഭിച്ചിട്ടില്ലെന്ന് അറിയിച്ചു.

## 1-59 ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

വാർഷിക കണക്ക് ബാലൻഷീറ്റ് ഷെഡ്യൂൾ B18 -Festival Advance To Employees എന്ന ശീർഷക പ്രകാരവും,നഗരസഭയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള മുൻകൂർ രജിസ്റ്റർ പ്രകാരവും 16000/- രൂപ Festival Advance നൽകിയത് ക്രമീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.മുൻകൂർ തിരിച്ചടവാക്കാൻ ശേഷിക്കുന്ന ജീവനക്കാരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് /ഉദ്യോഗപേര് | തിരിച്ചടവാക്കാനുള്ള തുക |
|---|---|
| പി,പി കൃഷ്ണൻ,ഹെൽത്ത് ഇൻസ്പെക്ടർ | 3000 |

| | |
|---|---|
| രമണി ബി,സീനി.ക്ലർക്ക് | 3000 |
| സജി.എസ്,സീനി.ക്ലർക്ക് | 3000 |
| സജ്ജു മാർട്ടിൻ,ഹെൽത്ത് ഇൻസ്പെക്ടർ | 6000 |
| അൻവർ ഹുസൈൻ,സൂപ്രണ്ട് | 1000 |
| ആകെ | 16000 |

Festival Advance കൈപ്പറ്റിയ സാമ്പത്തിക വർഷം മാർച്ച് മാസത്തിന് മുൻപ് ക്രമീകരിച്ചിട്ടില്ലാത്തതിനാൽ പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി 45/26.10.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ സജ്ജുമാർട്ടിൻ എന്നവരുടെ അഡ്വാൻസ് തുകയായ 6000 രൂപ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി മുഖേന ലഭിച്ചിട്ടുള്ളത് 29/01/2021 ലെ രശീതി നം.500327 പ്രകാരം നഗരസഭ ഫണ്ടിൽ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. 2019-20 ൽ നൽകിയ തുക 29/01/2021 ലാണ് തിരികെ ലഭിച്ചത് . പലിശ ഈടാക്കിയിട്ടില്ല. കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല. മുൻകൂർതുക തിരികെ ഈടാക്കി കഴിയുന്നതിന് മുൻപ് ജീവനക്കാർ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട നഗരസഭയിൽ നിന്ന് തുക ലഭിക്കുന്നതിനും, കാലതാമസം വരുത്തുകയാണെങ്കിൽ പലിശസഹിതം ഈടാക്കുന്നതിനും, ഇപ്രകാരം നടപടികൾ സ്വീകരിക്കുവാൻ കാലതാമസം വരുത്തുന്നപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ വീഴ്ചവരുത്തുന്ന നഗരസഭ സ്ഥാപനത്തിൽ നിന്നോ പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-60 ആദായനികുതി ക്വാർട്ടേർലി സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിൽ കാലതാമസം വരുത്തിയതിന് ഫൈൻ അടവാക്കൽ - മുൻസിപ്പൽഫണ്ടിന് നഷ്ടം വന്ന 6170/-രൂപ തിരികെ ഈടാക്കേണ്ടതാണ്

2018-19,2019-20വർഷങ്ങളിൽ 27EQ,Q4 സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി ഫയൽ ചെയ്യാതിരുന്നതിനാൽ ലേറ്റ് ഫീ ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടാക്സ് ഫയൽ ചെയ്യാതിരുന്ന സാമ്പത്തിക വർഷം | ഇൻകംടാക്സ് വകുപ്പിന്റെ റഫറൻസ് നമ്പർ | ലേറ്റ് ഫീ ഇനത്തിൽ അടവാക്കിയ തുക | ചെക്ക് നമ്പർ/ തീയ്യതി |
|---|---|---|---|
| 2018-19 | TDS/1819 /27EQ/1000033717047 /2.6.2019 | 3100 | 693957/31.8.19 |
| 2019-20 | TDS/1920 /27EQ/10000347673762 /6.8.2019 | 3070 | 863049/25.2.2019 |
| ആകെ | | 6170 | |

മേൽപ്രകാരം ടാക്സ് റിട്ടേൺ സമയബന്ധിതമായി ഫയൽ ചെയ്യാതിരുനിനതിനാൽ ലേറ്റ് ഫീ അടവാക്കുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 6170/- രൂപ ഈടാക്കി മുൻസിപ്പൽഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട സെക്ഷനുകളും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-61 അഡ്വക്കേറ്റ് ഫീ - ആദായനികുതി ഈടാക്കിയിട്ടില്ല

നഗരസഭയുടെ വിവിധ കേസുകൾ നടത്തുന്നതിന് അഡ്വ.കെ.കെ ചന്ദ്രൻ പിള്ളയ്ക്ക് ചെക്ക് നമ്പർ 693878/23.07.2019 പ്രകാരം 226250 -രൂപ വക്കീൽ ഫീസ് ഇനത്തിൽ നൽകിയിട്ടുണ്ട്. ഇന്കം ടാക്സ് ആക്ട് സെക്ഷൻ 194 J B(i)(a)പ്രകാരം 30000 ന് മുകളിൽ വാർഷിക അഡ്വക്കേറ്റ് ഫീ നൽകുമ്പോൾ 10% ടി.ഡി.എസ് ഈടാക്കേണ്ടതാണ്. അഡ്വ.കെ.കെ ചന്ദ്രൻ പിള്ളക്ക് നൽകിയ തുകയിൽ നിന്നും മേൽ വകുപ്പ് പ്രകാരം ടിഡിഎസ് ഈടാക്കിയതായി കാണുന്നില്ല. നഗരസഭയുടെ വിവിധ കേസുകൾക്കായി വിവിധ കോടതികളിൽ ഹജരാകുന്ന അഭിഭാഷകർക്ക് നൽകുന്ന ഫീ മേൽ പരിധിയിൽ കൂടുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അഭിഭാഷകരിൽ നിന്നും നിയമാനുസൃതമുള്ള ആദായനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-62 നഗരസഭ ഡമ്പിങ്ങ് ഗ്രൌണ്ടിൽ പ്ലാസ്റ്റിക്ക് മാലിന്യം വേർതിരിക്കൽ -നിലവിൽ ഇതിനായി രൂപീകരിച്ച ഹരിതകർമ്മസേന പ്രവർത്തനം നടത്തുന്നതിനൊപ്പം ഇതിനായി മുൻപ് നിയോഗിച്ച ജീവനക്കാരെയും ഇതേ ആവശ്യത്തിനായി നിലനിർത്തിയിരിക്കുന്ന ഫയൽ നമ്പർ - PH2-474/13

നഗരസഭയിലെ 41 വാർഡുകളിലേയും, സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിക്കുന്നതിനായി നഗരസഭയിൽ നവംബർ 2018 മുതൽ ഹരിതകർമ്മസേന രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം നടക്കുന്നതിനോടൊപ്പം ഇതേ പ്രവൃത്തി ചെയ്യുന്നതിനായി 22 തൊഴിലാളികൾക്ക് പ്രതിമാസം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക

ചെലവഴിച്ചുകാണുന്നു.

| വേതനം നൽകിയ കാലയളവ് | നൽകിയ തുക | വൌച്ചർ നം./തീ |
|---|---|---|
| 4/19 | 87928 | 21900110/02/5/19 |
| 5/19 | 119782 | 21900290/8/6/19 |
| 6/2019 | 114633 | 21900462/27.7.19 |
| 7/19 | 123305 | 21900935/16.09.19 |
| 8/19 | 134145 | 21900759/29.8.19 |
| 9/19 | 104064 | 21901105/14.10.19 |
| 10/19 | 122221 | 21901347/19.11.19 |
| 11/19 | 118437 | 21901799/21/01/20 |
| 12/19 | 107045 | - |
| 1/20 | 111110 | 21901903/14.02/20 |
| 2/20 | 108129 | 21902174/11/02/20 |
| ആകെ | 1250799 | |

മേൽപ്രകാരം തുക ചെലവഴിക്കുന്നതിന്റെ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.42/26.10.2021നുള്ള മറുപടിയിൽ നഗരസഭ ട്രഞ്ചിങ്ങ് ഗ്രൗണ്ടിൽ 10വർഷത്തിന് മുൻപ് തന്നെ അജൈവ മാലിന്യ സംസ്കരണത്തിന് സംസ്കരണപ്ലാന്റിനോട് ചേർന്നുള്ള പരിസരവാസികളിൽ നിന്ന് തിരഞ്ഞെടുത്ത് നിയോഗിച്ചിട്ടുള്ളവരാണ് ഈ തൊ തൊഴിലാളികളെന്നും ഹരിതകർമ്മസേന രൂപീകരിച്ചപ്പോൾ ഇതിലേക്ക് ചേർന്നുപോകുന്നതിന് വൈമുഖ്യം കാണിച്ചതിനാലുമാണ് ഇവരെ നിലനിർത്തിപോരുന്നതെന്നും, നിലനിന്നിരുന്ന സംവിധാനം മാറ്റുന്നതിന് സാവകാശം ആവശ്യമുണ്ടെന്നും,ഹരിതകർമ്മസേന സംവിധാനത്തിലേക്ക് കൂട്ടിചേർക്കുന്നതിന് നിരന്തശ്രമം നടത്തിവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട് .

നഗരസഭ ഫണ്ടിൽ നിന്നും പ്രതിവർഷം 1200000/ - ൽ അധികം തുക ഈ ഇനത്തിൽ ചെലവ് വരുന്നതായിട്ടാണ് മേൽകണക്കുകൾ സൂചിപ്പിക്കുന്നത്. തനത് ഫണ്ട് വളരെകുറവായ നഗരസഭയ്ക്ക് ഇത്രയും തുക അധിക ചെലവ് വരുന്നത് ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-63 ഗാർഹിക മാലിന്യ സംസ്കരണം-ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല.

പ്രോജക്ട് - ഗാർഹിക മാലിന്യ സംസ്കരണം (330/2020)-

ബഹുവർഷ പദ്ധതി

നിർവ്വഹണം –ഹെൽത്ത് ഓഫീസർ
അടങ്കൽ - 5399422(ധനകാര്യകമ്മീഷൻ അവാർഡ്+സ്വച്ഛ ഭാരത് മിഷൻഫണ്ട്+ശുചിത്വ മിഷൻ ഫണ്ട്+ഗുണഭോക്തൃവിഹിതം)

ചെലവ് (തൻ വർഷം) - 3290248/-

ട്രഷറി ബിൽ നമ്പർ - 1.6/PH2 17169/18/18.07.2019 -950000/-

2.ചെക്ക് നം.589691/25.2.2020 -265249+319259

3.ചെക്ക്നം.589685/14.08.2019 -1755740/-

(കേന്ദ്ര -സംസ്ഥാന ഫണ്ടുകൾ ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൌണ്ട് നമ്പർ 021705000834 ൽ ആണ് സൂക്ഷിച്ചിട്ടുള്ളത്)

ഫയൽ നമ്പർ -PH2/17169/18

നഗരസഭ പ്രദേശത്തെ ഗാർഹിക മാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്കരിക്കുന്നതിന് കിച്ചൺബിൻ, റിംഗ് കംപോസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ തയ്യാറാക്കിയ ഡി.പി.ആർ ന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഐ.ആർ.സി.ടി സി യുമായി നഗരസഭ കരാറിൽ ഏർപ്പെട്ടു. 3268 റിംഗ് കംപോസ്റ്റ്,13070 കിച്ചൺബിൻ എന്നിവ വിതരണം ചെയ്യുന്നതിനാണ് കരാറിൽ ഏർപ്പെട്ടത്. റിംഗ് കംപോസ്റ്റ് യൂണിറ്റിന് 2500 രൂപയും (ഇതിൽ10% ആയ250 രൂപ ഗുണഭോക്തൃവിഹിതവും, 2250 സബ്സിഡിയുമാണ്), കിച്ചൺബിൻ യൂണിറ്റിന് 410രൂപയും (ഇതിൽ10% ആയ41 രൂപ ഗുണഭോക്തൃവിഹിതവും, 369 സബ്സിഡിയുമാണ്) കരാർ പ്രകാരം നൽകേണ്ടത്.പദ്ധതിയുടെ 2019-20 ലെ വിഹിതമാണ് മേൽപ്രകാരം നൽകിയിട്ടുള്ളത്. ഐ.ആർ .സി.ടി സി യുടെ 31/01/2020 ലെ വിനിയോഗ സാക്ഷ്യപത്രപ്രകാരം (IRTC-PIU/397/851/18 Dt. 31/01/2020) കിച്ചൺബിൻ 817ഉം, റിംഗ് കംപോസ്റ്റ് 1000 എണ്ണവും വിതരണം നടത്തിയിട്ടുണ്ട്.

ടി പദ്ധതിയുടെ തൻവർഷത്തെ ചെലവ് പരിശോധിക്കുമ്പോൾ ഗുണഭോക്തൃവിഹിതം ചെലവഴിച്ച കാണുന്നില്ല (2020 -21 ലും ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല) ഗുണഭോക്തൃവിഹിതം ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.19/25.10.2021 നുള്ള മറുപടിയിൽ 2019-20 വർഷം 5,02,687/- രൂപ ലഭിച്ചിട്ടുണ്ടെന്നും ബഹുവർഷപ്രോജക്ടായതിനാൽ കേന്ദ്രസംസ്ഥന ഫണ്ടുകൾ ലാപ്സാകാതിരിക്കാൻ ടി ഫണ്ട് ചെലവാക്കുകയാണ് ചെയ്തതെന്നും, തനത്ഫണ്ടിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം കോവിഡ് പ്രതിസന്ധിമൂലം നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനാൽ നഗരസഭയുടെ ദൈനംദിന പ്രവർനങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്നിട്ടുണ്ടെന്നും പദ്ധതി അവസാനിക്കുന്ന സമയത്ത് ഗുണഭോക്തൃവിഹിതം കരാർ ഏജൻസിയ്ക്ക് നൽകുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഗുണഭോക്തൃവിഹിതം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പ്രകാരവും സർക്കാർ നിർദ്ദേശാനുസരണവും ആയിരിക്കേണ്ടതാണ്. പദ്ധതിയിൽ

നിർദ്ദേശാനുസരണമുള്ള ഗുണഭോക്തൃവിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് ഫണ്ടുകൾക്ക് ആനുപാതികമായി ചെലവഴിക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം അടവാക്കിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓരോ വാർഡിലും ഗുണഭോക്തൃവിഹിതം അടവാക്കിയവരുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, എത്രപേർക്ക് റിംഗ് കംപോസ്റ്റ്/കിച്ചൺബിൻ നൽകി എന്നതിന്റെ കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ആയതിനാൽ IRCTC-നൽകിയ വിനിയോഗസാക്ഷ്യപത്ര പ്രകാരമുള്ള കണക്കുമായി താരതമ്യം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ടി കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-64 എ.ബി.സി പ്രോഗ്രാം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - എ.ബി.സി പ്രോഗ്രാമിന് തുക കൈമാറൽ (254/2020)

അടങ്കൽ - 300000(വികസന ഫണ്ട് -ജനറൽ)

ചെലവ് - 298200/-

ട്രഷറി ബിൽ നമ്പർ - 3/PH2 8651/19/14.06.2019 -298200/-

ഫയൽ നമ്പർ -PH2/8651/19

സ.ഉ (സാധ) നം. 1450/17/തസ്വഭവ തീ.5/5/2017 പ്രകാരം മേൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ജില്ലമിഷനാണ് തുക കൈമാറിയിട്ടുള്ളത്. ഒരു നായയെ വന്ധ്യം കരിക്കുന്നതിന് 2100 /- നിരക്കിൽ 142 നായ്ക്കളെ വന്ധ്യംകരിക്കുന്നതിനാണ് 298200 - രൂപ നൽകിയിട്ടുള്ളത്. ടി പദ്ധതിപ്രകാരം 93 നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നും എൻക്വയറി നമ്പർ 19/25.10.21 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമായ നഗരസഭ പ്രദേശത്ത് പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി പദ്ധതി ചെലവിന്റെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-65 തെരുവുവിളക്കുകളുടെ വൈദ്യുത ബിൽ കുടിശ്ശിക - ഒറ്റത്തവണ തീർപ്പാക്കൽ- കാലഹരണപ്പെട്ടതും നിയമവിരുദ്ധമായി ഡിമാന്റ് ചെയ്തതുമായ കുടിശ്ശിക തുക അടവാക്കി.

നിർവ്വഹണം- സെക്രട്ടറി

ഫയൽ നമ്പർ PW4-8467/16, PW4-6394/02

പ്രോജക്റ്റ് നമ്പർ -213

പ്രോജക്റ്റ് - വൈദ്യുത ബിൽ ഒറ്റത്തവണ തീർപ്പാക്കൽ

2018-19 ലെ ചെലവ് - 30,930,92 രൂപ

2019-20 ലെ ചെലവ് - 616529 രൂപ

നാളിതുവരെ ചെലവ് - 37,096,15 രൂപ

ചെലവ് വിവരങ്ങൾ

പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ 6,00,000 രൂപയിൽ നിന്നുള്ള ചെലവ്

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|
| 3 | 14/5/19 | 6,00,000 |

പ്രോജക്റ്റിൽ വകയിരുത്താതെ തനത് ഫണ്ട് ചെലവ്

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 693740 എസ് ബി ഐ | 28/5/19 | 16,529 |

കെ.എസ്.ഇ.ബി ,ഇരിങ്ങാലക്കുട അസിസ്റ്റന്റ് എഞ്ചിനീയരുടെ DB/10/street Light17-18/03.02.18 നമ്പർ കത്ത് പ്രകാരം 2/01 മുതൽ 1/18 വരെ തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശികയും (78,23,830രൂപ )സർചാർജ്ജും (1,17,357 രൂപ )സഹിതം 79,41,187 രൂപ അടക്കാൻ ഇരിങ്ങാലക്കുട മുനിസ്സിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഫെബ്രുവരി 01 മുതൽ ജൂൺ 01 വരെ വൈദ്യുത ചാർജ്ജ് ഒടുക്കിയില്ല എന്നും ബാക്കി മാസങ്ങളിൽ കൃത്യമായി തുക അടവാക്കുന്നുണ്ടായിരുന്നുവെന്നും ഫെബ്രുവരി 2001 മുതൽ ഒക്ടോബർ 2006 വരെ പുതുക്കിയ താരിഫ് പ്രകാരം 4,14,935 രൂപയുടെ കുറവ് ഉണ്ടായിട്ടുള്ളവെന്നും മുനിസ്സിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്.(കത്ത് PW1/8467/16 തീ 18/1/16).കെഎസ്ഇബി യുടെ കണക്കുകളിൽ വ്യക്തത കുറവ് ഉണ്ട് എന്നും കത്തുകളിലൂടെ മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്.ഉടർന്ന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി കെഎസ് ഇബി കുടിശ്ശിക തുകയും പലിശയും കൂടി അടക്കേണ്ട തുക 37,57,641 രൂപയായി കുറവ് ചെയ്തു. ഈ തുക 6 തവണകളായി അടവാക്കാൻ ആവശ്യപ്പെട്ടു.ഇതിന്റെ അവസാന ഗഡുവാണ് 2019-20 ൽ മേൽപ്രകാരം അടച്ചത്. ഇതുമായി ബന്ധപ്പെട്ട് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1.ഇലക്ട്രിസിറ്റി നിയമം 2003 വകുപ്പ് 56(2) ,ഇലക്ട്രിസിറ്റി സപ്ളെ കോഡ് 2014 വകുപ്പ് 136(2) എന്നിവ പ്രകാരം കുടിശ്ശിക തുക ഈടാക്കുന്നതിനും ഡിമാന്റ് ചെയ്യുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഡ്യൂ ആയി 2 വർഷത്തിനുള്ളിൽ തുടർച്ചയായി കുടിശ്ശിക തുക കിട്ടാനുള്ളതായി കാണിക്കാത്ത പക്ഷം ഉപഭോക്താവിൽ നിന്ന് തുക ഈടാക്കാനാകുന്നതല്ല. മേൽ നിയമപ്രകാരം (ഇലക്ട്രിസിറ്റി നിയമം 2003 വകുപ്പ് 56 പ്രകാരം) കെഎസ്ഇബി 1/10/2014 ൽ ഇഷ്യൂ ചെയ്ത ഡിമാന്റ്/ഡിസ്കണക്ഷൻ നോട്ടീസിൽ കുടിശ്ശിക തുക ഇല്ല, പ്രതിമാസ ഡിമാന്റ് തുക മാത്രമെ ഉള്ളൂ. (കെഎസ്ഇബി നല്കിയ പഴയ കാലയളവിലെ, മറ്റ് മാസങ്ങളിലെ, ഡിമാന്റ്/ഡിസ്കണക്ഷൻ നോട്ടീസ് ഫയലിൽ നിന്ന് ലഭിച്ചിട്ടില്ല.) 2019-20 ൽ ഒറ്റത്തവണ തീർപ്പാക്കലിന്റെ അവസാനഗഡു തുക അടവാക്കുന്നത് 5/19 ൽ ആണ്. ഇതിന് മുമ്പുള്ള 4/19 മാസത്തെ നിയമപ്രകാരമുള്ള ഡിമാന്റ് നോട്ടീസ് ലഭിച്ചിട്ടില്ല. പകരം കെഎസ് ഇ ബി നല്കിയതായി പറയപ്പെടുന്ന എക്സൽ ഷീറ്റിൽ

തയ്യാറാക്കിയ വെള്ള പേപ്പറിൽ ഉള്ള ഒരു പ്രിന്റ് ഔട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അടച്ചിരിക്കുന്നത്. അതിലും കുടിശ്ശിക അടക്കാനുള്ള വിവരങ്ങൾ ഇല്ല. ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയുടെ വിവരങ്ങൾ രേഖപ്പെടുത്തി വരാതെ, ഡിമാന്റ് നോട്ടീസ് നല്കാതെ 2001 ലെ കുടിശ്ശിക തുകകൾ 15 വർഷങ്ങൾക്ക് ശേഷം കെഎസ്ഇബി കത്തുകൾ മുഖേന ഡിമാന്റ് ചെയ്തത് നിയമവിധേയമല്ല.തുക അടക്കുന്നതിന് മുമ്പ് നഗരസഭ ഈ വിഷയം പരിഗണിക്കാതെ കാലാഹരണപ്പെട്ടതും നിയമവിധേയമല്ലാത്തതുമായ രീതിയിൽ ആവശ്യപ്പെട്ട തുക അടച്ചു.ഈ വിഷയം ഉചിതമായ തുടർനടപടികൾക്കായി കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കെഎസ്ഇബിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഉപയോഗപ്പെടുത്തണമെന്ന നഗരകാര്യഡയറക്ടറുടെ നിർദ്ദേശം,ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നത് വൈകിയതിനാൽ സർചാർജ്ജ് അടവാക്കേണ്ടി വന്നതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം എന്നിവ പരിഗണിച്ചാണ് തുക അടച്ചതെന്ന് ഇത് സംബന്ധിച്ച അന്വേഷണത്തിന് നഗരസഭയിലെ അസി.എഞ്ചിനീയർ മറുപടിനൽകിയിട്ടുണ്ട്. എന്നാൽ അടവാക്കേണ്ട തുകയുടെ നിയമ സാധുത പരിശോധിക്കുന്നത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം.ഇത് സംബന്ധിക്കുന്ന ഓഡിറ്റ് എൻക്വയറിയിലെ പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2 2019-20ൽ 6,00,000 രൂപ ജനറൽ വിഭാഗം വികസനഫണ്ടിൽ നിന്നുമാണ് ഈയിനത്തിൽ അടവാക്കിയത്. പദ്ധതി, സബ്സിഡി മാർഗരേഖകൾ പ്രകാരം വികസനഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കാൻ അനുമതി ഉള്ളതായി കാണുന്നില്ല.തനത് ഫണ്ടിന്റെ ലഭ്യത കുറവ് പരിഗണിച്ച് ബഹു.നഗരസഭ ചെയർപേഴ്സൺ ന്റെ നിർദ്ദേശ പ്രകാരമാണ് വികസനഫണ്ടിൽ നിന്നും തുക അടച്ചതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് സർക്കാരിന്റെ സാധൂകരണം നേടേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/10/21)

## 1-66 കെ.എസ്.ഇ.ബിയിലെ ഡെപ്പോസിറ്റ് വർക്കുകൾ- അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

സർക്കാർ ഉത്തരവ് (കൈ)11/2018 ത.സ്വ.ഭ.വ തീ 29/1/2018 ഖണ്ഡിക 11.2 ഡി(ii) വിലെ നിർദ്ദേശപ്രകാരം നിർമാണ പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടുകൊണ്ട് മുൻകൂർ തുക നല്കാവുന്നതാണ്. എന്നാൽ മേൽ നിർദ്ദേശത്തിന് വിരുദ്ധമായി കെ എസ് ഇ ബി ക്ക് പണം കൈമാറിയിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2267,2100, കേരള പൊതുമരാമത്ത് ഡി കോഡ് ഖണ്ഡിക 167, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 194 എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ പണി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് ചുമതലയുണ്ട്. മാത്രമല്ല പണി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ വിശദമായി ലഭ്യമാക്കാതെ മുൻകൂർ തുക വിനിയോഗിച്ചു എന്ന രീതിയിലുള്ള വിനിയോഗ സാക്ഷ്യപത്രമാണ് നിർവ്വഹണ ഏജൻസികൾ നല്കി വരുന്നത്.മേൽ പ്രകാരമുള്ള പൊതു അപാകതകളും മറ്റ് ന്യൂനതകളും കണ്ടെത്തിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഓഡിറ്റ് നിരീക്ഷണം. |
|---|---|---|---|---|
| 298/20- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (ഫയൽ G4-5855/18) | 7<br>8<br>9 | 17/6/19<br>17/6/19<br>17/6/19 | 423644<br>261134<br>315066 | 1.കെ എസ് ഇ ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് , സാങ്കേതികാനുമതി,കെ എസ് ഇ ബിയുമായി കരാർ എന്നിവ ഇല്ലാതെ തുക നല്കി.261134,315066 എന്നീ തുകകൾ നല്കിയതിന് കെഎസ് ഇ ബിയിൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.<br>2.1/6/19 ലെ വൌച്ചർ നമ്പർ 21900614,21900615,21900616 പ്രകാരമാണ് മേൽ എൻട്രികൾ കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് തെറ്റായി "412100100- Capital Work In Progress-Development Fund" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. Municipal Accounts Manual 2007 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള "460500200-Advance To Implementing Agencies" എന്ന ശീർഷകമായിരുന്നു ഉചിതം. |

ഓഡിറ്റ് നിരീക്ഷണം ക്രമ നമ്പർ 1ൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ 999844/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-67 ടെണ്ടർ നടപടിക്രമങ്ങളിലെ ന്യൂനതകൾ-1,10,034 രൂപയുടെ നഷ്ടം- തുക നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കണം.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | വൌച്ചർ നമ്പർ | ശീർഷകം | തുക നല്കിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|---|---|
| 324/19-അംബേദ്കർ സാംസ്കാരിക നിലയത്തിലേക്ക് ഫർണിച്ചർ (ഫയൽ G4/6864 /18)പ്രോക്യൂർമെന്റ് | 2 | 14/5/19 | 103328 | 21900559 | 251102002 Arts,Culture,Sports And Youth Welfare-Infrastructure-SCP | ഫിഡ്കോ ഏജൻസീസ്- ന് ബിൽ 633 തീ 26/3/19 നല്കിയത്.ഫാൻ 18,കസേര 100,റ്റ്യൂബ് 18, ഫാൻ റോഡ് 18,സ്റ്റീൽ ടേബിൾ 1 എന്നിവ സപ്ലൈ ചെയ്തതിന് നല്കിയ തുക |
| | 17 | 30/7/19 | 152282 | 21900553 | “” | ഫിഡ്കോ ബിൽ 1.FE/19-20/031 തീ 22/6/19 അലമാര 1- 21442 രൂപ , 2.FE/19-20/030 തീ 21/6/19 ഡൈനിംഗ് ടേബിൾ സ്റ്റീൽ 20- 130840 രൂപ ആകെ 152282 |
| | 24 | 11/10/19 | 5200 | 21901272 | “” | ഇലക്ട്രിക് വർക് ലേബർ ചാർജ്ജ്, സാധനങ്ങൾ വാങ്ങിയത് എന്നിവയുടെ ചാർജ്ജ് കൌൺസിലർ ശ്രീ പി എം രമേഷ് കുമാർ ചെലവഴിച്ചത് തിരികെ നല്കിയത്. |

മേൽ സാധനങ്ങൾ വാങ്ങുന്നതിന് 1/2/19 ന് നഗരസഭ ടെണ്ടർ വിളിച്ചിട്ടുണ്ട്.അടങ്കൽ തുക 3,00,000 രൂപയാണ്. ടെണ്ടർ ഫോറം വില 1000 രൂപ + ജി എസ് ടി 12% , ഇ.എം.ഡി 1% എന്നിങ്ങനെയാണ് പരസ്യം ചെയ്തിട്ടുള്ളത്.സാധനങ്ങൾക്ക് കുറവ് നിരക്ക് ക്വാട്ട് ചെയ്തത് ഇംപാക്റ്റ് എന്റർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനമാണ്.എന്നാൽ 25/2/19 ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി ഈ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം ഹാജരാക്കിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്നും ഫിഡ്കോ എന്റർപ്രൈസസ് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങളാണ് ഹാജരാക്കിയതെന്നും വിലയിരുത്തിയെന്നും ഫയലിലും കൌൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന് കൌൺസിൽ തീരുമാനമെടുക്കുകയും ചെയ്തു.(27/2/19 ലെ 25 നമ്പർ തീരുമാനം).ഇതനുസരിച്ച് 7/3/19 ൽ സപ്ലൈ ഓർഡർ നല്കി സാധനങ്ങൾ സപ്ലൈ ചെയ്യുകയും തുക നല്കുകയും ചെയ്തു.ഇതിന് പുറമെ ഇവ ഫിറ്റ് ചെയ്യുന്നതിനായി 5200 രൂപയും ചെലവഴിച്ചു.

ഈ പ്രോജക്റ്റ് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അംബേദ്കർ സാംസ്കാരിക നിലയത്തിലേക്ക് സാധനങ്ങൾ വാങ്ങുന്നതിനും അത് ഫിറ്റ് ചെയ്യുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് അടങ്കൽ തുകയിലേക്ക് കണക്കാക്കിയിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂളിൽ ഓരോ ഇനങ്ങളും എത്ര എണ്ണം വീതം സപ്ലൈ ചെയ്യേണ്ടി വരും (Quantity) എന്ന് രേഖപ്പെടുത്തിയിട്ടില്ല.ഇത് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.34(i) ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. മാത്രമല്ല ഈ വിവരങ്ങളുടെ അഭാവം ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിനെയും ക്വാട്ട് ചെയ്യുന്ന നിരക്കിനേയും ബാധിക്കുന്ന ഘടകമാണ്.

അടങ്കൽ തുക പ്രകാരം എത്ര എണ്ണം വാങ്ങാൻ സാധിക്കും എന്ന് വ്യക്തതയില്ലാത്തതിനാലാണ് എണ്ണം ടെണ്ടറിൽ രേഖപ്പെടുത്താതിരുന്നതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത് ശരിയല്ല.കൃത്യമായ ആവശ്യകത കണക്കാക്കേണ്ടിയിരുന്നതും മാർക്കറ്റ് നിരക്ക് അനുസരിച്ച് അടങ്കൽ തുക നിശ്ചയിക്കാവുന്നതുമാണ്

2.വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ പ്രതീക്ഷിക്കുന്ന ഗുണനിലവാര സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല(ഉദാ-ISI,BIS, സ്റ്റീൽ ഇനങ്ങൾക്ക് ഗേജ് എന്നിവ ).പകരം ഏതാനും ഇനങ്ങളുടെ ബ്രാൻഡും കളറും രേഖപ്പെടുത്തിയിരിക്കുന്നു.(ഉഷാ ഫാൻ,ഫിലിപ്പ്സ് LED, ഫിലിപ്സ് ട്യൂബ് സെറ്റ്,അലമാര ഗോദറെജ് .)ബ്രാൻഡ് പേര് ചേർത്തപ്പോൾ " ഈ ബ്രാൻഡ് അല്ലെങ്കിൽ തത്തുല്യമായത്" എന്ന് ചേർത്തിട്ടില്ല.ഇത് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 4.1 ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

3..25/2/19 ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി ഈ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം ഹാജരാക്കിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്നും രണ്ടാമതായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങളാണ് ഹാജരാക്കിയതെന്നും വിലയിരുത്തിയെന്നും ഫയലിലും കൗൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ,

എ) 25/2/19 ന് കൂടിയ പ്രോക്യൂർമെന്റ് കമ്മിറ്റി ഈ വിഷയം പരിഗണിച്ചതായി കാണുന്നില്ല.(പ്രോക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് പേജ് 75,76. മിനുട്ട്സിന്റെ ശരിപകർപ്പ് ഓഡിറ്റ് നടക്കുന്ന കാലയളവിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് തെളിവായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.). അന്ന് ചേർന്ന കമ്മിറ്റി പരിഗണിച്ചത് സ്പോർട്സ് സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ്. അന്നത്തെ കമ്മിറ്റി മേൽ പ്രോജക്റ്റിന്റെ സാമ്പിളുകൾ പരിശോധിച്ചതായി കാണുന്നില്ല. (ഈ മീറ്റിംഗിന് മുമ്പ് 24/1/19 നും ശേഷം 10/7/19 നുമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്). കമ്മിറ്റി മിനുട്ട്സിൽ ഇല്ലാത്ത തീരുമാനം ഫയലിലും കൗൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തിയതായി കാണുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാനമെടുത്തതായും കാണുന്നു. കമ്മിറ്റി കൂടിയെന്നും എന്നാൽ മിനുട്ട്സ് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.ഇത് അംഗീകരിക്കാവുന്ന മറുപടിയല്ല.രേഖപ്പെടുത്താത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ,രേഖാമൂലം കൗൺസിലിന് അജണ്ടകുറിപ്പ് തയ്യാറാക്കി നല്കിയിരിക്കുന്നത്.

ബി).കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ ഗുണമേന്മ കുറഞ്ഞാലോ മറ്റ് കാരണങ്ങളാലോ നിരസിക്കുന്നതിന് കൗൺസിലിന് അധികാരമുണ്ട്.എന്നാൽ മേൽ പ്രകാരം പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിൽ തന്നെ വ്യക്തമായ ഗുണനിലവാര സ്പെസിഫിക്കേഷൻ ടെണ്ടറിൽ രേഖപ്പെടുത്താതെ, ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ,വിദഗ്ദ അംഗങ്ങളുടെ അഭാവത്തിൽ, സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതെന്ന് വ്യക്തമല്ല.വ്യക്തമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ ഫിഡ്കോ തന്നെ സമർപ്പിച്ച ഓരോ ഇനത്തിലുമുള്ള വ്യത്യസ്ത നിരക്കിലുള്ള സാധനങ്ങളിൽ ഒരു പ്രത്യേക ഇനം തെരഞ്ഞെടുത്തത് എപ്രകാരമാണെന്നോ ആരാണെന്നോ വ്യക്തമല്ല. (തെരഞ്ഞെടുത്ത ഫാനിന്റെ നിരക്ക് 2222 എന്നുള്ളത് പച്ച മഷിക്ക് വെട്ടി 2100 രൂപ എന്നും തിരുത്തിയിട്ടുണ്ട്.ഇത് നെഗോഷ്യേറ്റ് ചെയ്തതിന്റെ ഭാഗമായി കുറഞ്ഞനിരക്ക് സെക്രട്ടറി രേഖപ്പെടുത്തിയതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.) ഓരോ ഇനത്തിന്റെയും ഗുണമേന്മ നോക്കി തെരഞ്ഞെടുത്തുവെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

മേൽ പ്രകാരം നിയമപ്രകാരമുള്ള പർച്ചേസ് കമ്മിറ്റി യോഗം, ഗുണനിലവാര പരിശോധന എന്നിവ ഇല്ലാത്തതുമൂലം മുനിസിപ്പൽ ഫണ്ടിന് 1,10,034രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്

| സാധനങ്ങൾ | വാങ്ങിയ എണ്ണം | ഫിഡ്കോ നിരക്ക് | തുക | ഇപാക്റ്റ് നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|---|
| Armless Chair (Fibre)475 X528x513 Mm | 100 | 492 | 49200 | 319 | 31900 | 17300 |
| Steel Frame SS Dining Table | 20 | 6542 | 130840 | 2830 | 56600 | 74240 |
| Fan | 18 | 2100 | 37800 | 1540 | 27720 | 10080 |
| Tube Set | 18 | 355 | 6390 | 320 | 5760 | 630 |
| LED Bulb | 10 | -- | -- | 84 | -- | --- |
| Fan Rod | 18 | 222 | 3996 | 48 | 864 | 3132 |
| Steel Table | 1 | 5942 | 5942 | 9900 | --- | ---- |
| Almarah | 1 | 21442 | 21442 | 16790 | 16790 | 4652 |
| | | | 255610 | | 139634 | 110034 |

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെയും വിദഗ്ദ്ധ അംഗത്തിന്റെ പരിശോധന ഇല്ലാതെയും ടെണ്ടറിൽ വ്യക്തമായ ഗുണമേന്മ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ സാമ്പിളുകൾ ലഭിച്ച സമയത്ത് അടിസ്ഥാന മാനദണ്ഡങ്ങൾ ഇല്ലാതെ രണ്ടാമത് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിനാൽ കൂടുതലായി ചെലവായ തുക 110034 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

4. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രോക്യൂർമെന്റ് മാർഗരേഖപ്രകാരം 10,00,000 വരെയുള്ള വാങ്ങലുകൾക്ക് 200 രൂപയാണ് ടെണ്ടർ ഫീ. കൂടുതൽ തുകയായ 1000 രൂപ ടെണ്ടർ ഫീ ഈടാക്കുന്നതും ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിനെയും ക്വാട്ട് ചെയ്യുന്ന നിരക്കിനേയും ബാധിക്കുന്ന ഘടകമാണ്.

5.ഇലക്ട്രിക്കൽ ജോലികൾ എസ്റ്റിമേറ്റ് ഇല്ലാതെ നടത്തുകയും വാല്യുവേഷൻ ഇല്ലാതെ 5,200 രൂപ നല്കുകയും ചെയ്തു. വയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇത് വാങ്ങിയതിന്റെ 1200 രൂപയുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട്. നേരിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നതെങ്കിലും മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല. ബന്ധപ്പെട്ട ഓവർസിയർ റിപ്പോർട്ട് ചെയ്തുവെന്ന് ഫയലിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഓവർസീയറുടെ റിപ്പോർട്ട് ഫയലിൽ ഇല്ല, ഇലക്ട്രിക്കൽ പ്രവൃത്തികൾ സാക്ഷ്യപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റിയിൽ ഈ വിഭാഗത്തിലുള്ള ജീവനക്കാർ ഉണ്ടോയെന്ന് വ്യക്തമല്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥർ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മേൽനോട്ടം വഹിക്കുകയോ പ്രവൃത്തി അളവെടുക്കുകയോ മൂല്യനിർണയം നടത്തുകയോ സുരക്ഷിതത്വം ഉറപ്പാക്കുകയോ ചെയ്തതായി ഫയലിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം ഉറപ്പാക്കാനാകുന്നില്ല.

6. മേൽ പ്രവൃത്തികൾ പ്രകാരം ഫർണിച്ചർ, ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ അവ ഫിറ്റ് ചെയ്യൽ എന്നിവയുടെ ചെലവാണ് നടത്തിയിരിക്കുന്നത്. ഇത് "251102002 -Arts, Culture, Sports And Youth Welfare-Infrastructure- SCP" എന്ന റവന്യൂ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുന്ന രീതിയിൽ "410700100-Furnitture,fixtures,Fittings & Electricals Appliances" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. 2021-22 വർഷത്തിൽ ഇത് സംബന്ധിച്ച് തിരുത്തൽ എൻട്രി നടത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/10/21)

## 1-68 ബിരുദബിരുദാനന്തര എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് -കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നം.327/20

ബിൽ നം. തി .തുക- 06/18.07.19 - 194000/-

വൗച്ചർ നം. 21900695/16.07.2019

എസ്.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് 2018-19 വർഷം മലബാർഎക്യൂപ്മെന്റ്സ് &ജനറൽ ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 11,39,750/- രൂപയുടെ കരാറിൽ ഏർപ്പെടുകയും, 18-19 വർഷം 242500/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം സ്പിൽ ഓവർ ആയി 327/20 നമ്പർ പ്രോജക്ട് പ്രകാരം മേൽ സ്ഥാപനത്തിൽ നിന്നും CLT18112086/28.03.19 നം. ഇൻവോയ്സ് പ്രകാരം 194000/- രൂപക്ക് 8 ലാപ്ടോപ്പുകൾ വാങ്ങുകയുണ്ടായി. എന്നാൽ കരാർ തുക 250000 ന് അധികരിച്ചിട്ടുള്ളതിനാൽ മേൽ ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയപ്പോൾ ചരക്ക സേവന നികുതി ഒഴിവാക്കിയുള്ള തുകയിൽ നിന്ന് കേന്ദ്ര ചരക്ക നികുതി നിയമം 2017 വകുപ്പ് 51 (1)പ്രകാരം 1%, കേരള ചരക്ക സേവന നികുതി നിയമം 2017 വകുപ്പ് 51(1)പ്രകാരം 1% സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതായിരുന്നു. എന്നാൽ കുറവ് ചെയ്യാതെ മുഴുവൻ തുകയും നല്കിയിട്ടുണ്ട്. തുകകൾ നല്കുമ്പോൾ മേൽ പ്രകാരം നിയമ പ്രകാരമുള്ള റിക്കവറി തുകകൾ ഈടാക്കി, അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-69 പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നം. 285/20

ബിൽ നം.01/31.05.19 -347750/-(വൗച്ചർ നം.21900557/17.04.19)

മേൽ പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 3710 രൂപയുടെ 151 എണ്ണം " OCEAN WATER TANK ISI 500 LTR 2 LAYERS " ബ്രാൻഡിലുള്ള വാട്ടർടാങ്കുകൾ നേരിട്ട്, ടെണ്ടർ കൂടാതെ വാങ്ങുകയും 928 (വിലയുടെ 25%) രൂപ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കളായ പട്ടികജാതി കുടുംബങ്ങൾക്ക് 75% സബ്സിഡി നിരക്കിൽ വിതരണം നടത്തുകയുമുണ്ടായി. തൻവർഷം മേൽ പ്രോജക്ടിന്റെ ഭാഗമായി ഇൻവോയ്സ് നം. OLR/2018-19/463 21/3/2019 പ്രകാരം 4,63,750 രൂപയുടെ 125 പിവിസി വാട്ടർ ടാങ്ക് വാങ്ങിയതിന് ബിൽ നം. തി 01/31/5/2019 പ്രകാരം ഗുണഭോക്തൃവിഹിതം ഒഴികെ 3,47,750 രൂപ സിഡ്കോ എന്ന സ്ഥാപനത്തിന് കൈമാറി. സർക്കാർ ഉത്തരവ് (സാധാ) 24/2018 എസ്.പി.ഡി തീ. 28/6/2018 പ്രകാരം സിഡ്കോ നിർമ്മിക്കുന്നതും റേറ്റ് കോൺട്രാക്ട് നിലവിലുള്ളതുമായ മരം, സ്റ്റീൽ, ആശുപത്രി ഫർണിച്ചറുകളാണ് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുള്ളത്. ഈയിനങ്ങളും അവയുടെ നിരക്കും സർക്കാർ ഉത്തരവ് (സാധാ)26/15 എസ്.പി.ഡി തീ 28/5/2015 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇവയിൽ പി.വി.സി വാട്ടർ ടാങ്കുകൾ ഉൾപ്പെടുന്നില്ല. മാത്രമല്ല സിഡ്കോ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് മാത്രമെ പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനമാണ് "OCEAN WATER TANK" നിർമിക്കുന്നത്. ആയതിനാൽ സിഡ്കോയിൽ നിന്നും "OCEAN WATER TANK" എന്ന ഉത്പന്നം ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയത് ശരിയായ നടപടിയല്ല.വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

മേൽ ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയപ്പോൾ ചരക്ക സേവന നികുതി ഒഴിവാക്കിയുള്ള തുകയിൽ നിന്ന് കേന്ദ്ര ചരക്ക നികുതി നിയമം 2017 വകുപ്പ് 51 (1)പ്രകാരം 1%, കേരള ചരക്ക സേവന നികുതി നിയമം 2017 വകുപ്പ് 51(1)പ്രകാരം 1% എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും നല്കിയിട്ടുണ്ട്. തുകകൾ നല്കുമ്പോൾ മേൽ പ്രകാരം നിയമ പ്രകാരമുള്ള റിക്കവറി തുകകൾ ഈടാക്കി, അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

27/26.10.21 നം.ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പദ്ധതി പ്രകാരം അക്രഡിറ്റഡ് ഏജൻസി വഴി വാങ്ങുന്നതിനായിരുന്നു നിർദ്ദേശമെന്നും ഓഷ്യൻപോളിമേഴ്സ് എന്ന സ്ഥാപനം എംപാനൽ ചെയ്ത ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-70 വിവാഹധനസഹായം-എസ്.സി.-അപാകത

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീ സർ

പ്രോജക്ട് നം. 183/20

ബിൽനം.തി. 04/11.07.19 - 525000/- (വൗച്ചർ നം.21900619/10.06.2019)

മേൽ പ്രോജക്ട് പ്രകാരം 28.01.18 ൽ നടന്ന മകളുടെ വിവാഹത്തിന് ഗുണഭോക്താവായ ശ്രീ. ചന്ദ്രൻ.പി.പി., പാറേമൽ ഹൗസ്, തളിയകോണം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ജൂൺ,2019 നാണ് (തിയ്യതി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.). ടികാലയളവിലെ ഉത്തരവ് പ്രകാരം വിവാഹത്തിന് ഒരു മാസം മുൻപോ, വിവാഹശേഷം മൂന്ന് മാസത്തിനകമോ അപേക്ഷ നൽകേണ്ടതായിരുന്നു. എന്നാൽ ഒന്നര

വർഷത്തിനുശേഷമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 18/25.10.21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 10.06.19 നാണെന്നും, 21.06.19 ലെ 5-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും, 2018 ലുണ്ടായ വെള്ളപ്പൊക്കത്തിൽ രേഖകൾ നഷ്ടപ്പെട്ടത് മൂലമാണ് വൈകിയതെന്നും ,സാമ്പത്തികമായി ഏറെ പിന്നിലുള്ള കുടുംബമാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-71 പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങൽ-പ്രിന്റർ നാളിതു വരെ ലഭ്യമായിട്ടില്ല.

വകയിരുത്തിയ തുക - 47601/-

ബിൽ നം.18/22.02.20 -14726/-(വൗച്ചർ നം.21902122/06.02.20)

ബിൽ നം.13/21.12.19 -32875/-(വൗച്ചർ നം.21901664/18.11.19)

പ്രോജക്ക് നം.224/20

മേൽ പ്രോജക്ക് പ്രകാരം ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിന് 32875/ രൂപയും, പ്രിന്റർ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് (PRF.No. 14067/TVM/ITBG/dt.18.1.20) പ്രകാരം 14726/ രൂപയും കേരള ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നാളിതു വരെ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 14726/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-72 നഗരസഭ ഓഫീസ് കണ്ടിജന്റ് ഡ്രസ് ചേഞ്ചിങ് റൂം-പിഴ ഈടാക്കിയിട്ടില്ല.

പദ്ധതി നം . 346/20

വകയിരുത്തിയ തുക 400000

പ്രോജക്ട് നം. 346/20

M.B.No.285/19, 5/19-20

കരാറുകാരൻ- കെ.എൽ. വർഗ്ഗീസ്.

ആകെ പ്രവൃത്തി മൂല്യം 382075.93

എഗ്രിമെന്റ് നമ്പർ /തിയതി നം ഇല്ല തിയതി 28.3.18

T.S No. 93068/17-18/12.12.17

ഫൈനൽ ബിൽ 290912/-വൗച്ചർ.നം.21902421/25.01.2020

2017-18 വർഷത്തെ പ്രോജക്ടിലെ നഗരസഭ ഓഫീസ് കണ്ടിജന്റ് റൂം പൂർത്തീകരിച്ചിട്ടുള്ളത് 2019-20 വർഷത്തിലാണ്. 28.3.2018 ൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തി (6 മാസം കൊണ്ട്) 27.09.2018 ന് പൂർത്തീകരിക്കാണ്ടതായിരുന്നു. എന്നാൽ 4-1-2020 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 27.11.18 ൽ ഫസ്റ്റ് പാർട് ബിൽ നല്കിയെങ്കിലും പിന്നീട് പ്രവൃത്തി ചെയ്യാത്ത അവസ്ഥയാലായിരുന്നു. 23-7-2019 ൽ കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം 1% വരെ അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

പൂർത്തീകിക്കേണ്ട തിയ്യതി -27.09.18

20% സമയം അനുവദിക്കുമ്പോൾ 03.11.18

03-11-18 To 2.2.19 -1%

03.02.19-02.05.19 -2%

03.05.19 -02.08.19-2%

03-08.19-02.11.19 -2%

ആകെ -7%

കരാർ തുക -398196/-*7%= 27874/-

39/26.10.21 ഓഡിറ്റ് എൻക്വയറി നൽകിയതിന് കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പിഴയിനത്തിൽ കുറവ് ചെയ്യാതെ കരാറുകാരന് അധികം നൽകിയ 27874/-രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

## 1-73 ജലസേചന കുടിവെള്ള പദ്ധതികൾ - പൊതു അപാകതകൾ

നഗരസഭയിൽ തൻ വർഷം അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 14 കുടിവെള്ള ജലസേചന പ്രൊജക്ടുകൾ ഉണ്ട് (സുലേഖ പത്രിക പ്രകാരം). ആയതിൽ 11 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളാണ്. (8 കുടിവെള്ളം + 3 ജലസേചനം) സ്പിൽ ഓവർ പ്രൊജക്ടുകൾ ആയിട്ടും പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി ഫൈനൽ ബിൽ നൽകിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ കണ്ട പൊതു

അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭൂരിഭാഗം പ്രവൃത്തികളും SEUF (സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ) എന്ന അക്രഡിറ്റഡ് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 24. 2 .2016 ലെ സ. ഉ(സാധാ )നം .760 / 2016 തസ്വഭവ പ്രകാരം ശുദ്ധജല ശുചിത്വപദ്ധതികൾ നടപ്പാക്കുന്നതിന് SEUF ന് സ്ഥിരമായ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. 30.3.2013 ലെ അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ (133 /2013 തസ്വഭവ ) പ്രകാരം അക്രഡിറ്റേഷന് പരമാവധി 3 വർഷമാണ് കാലാവധി. അങ്ങനെയെങ്കിൽ 23.2.2019 ൽ SEUF ന്റെ അക്രഡിറ്റേഷൻ അവസാനിച്ചു. 23.2.2019 ന ശേഷം SEUF ന്റെ അക്രഡിറ്റേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ രേഖ ലഭ്യമാക്കേണ്ടതാണ്. ഇത സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനുള്ള സർക്കാർ ഉത്തരവ് / സർക്കുലർ ലഭ്യമാക്കേണ്ടതാണ്. 2017-18 മുതൽ നാളിതുവരെ എത്ര പ്രൊജക്ടുകൾ SEUF നെ ഏൽപ്പിച്ചുവെന്നതിന്റെ വിശദാംശം ഭരണ സമിതി തീരുമാനം സഹിതം ലഭ്യമാക്കേണ്ടതാണ്.

2.ശുദ്ധജല ശുചിത്വ പദ്ധതികൾ നിർവ്വഹിക്കുന്നതിനാണ് അക്രഡിറ്റേഷൻ.അതിൽ ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടുന്നില്ല. ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ, മാലിന്യസംസ്കരണം, സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയെ മുൻ നിർത്തിയാണ് അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തികൾ ഏൽപ്പിക്കേണ്ടതെന്ന് 30.3.2013 ലെ ഉത്തരവു വ്യവസ്ഥ 7 ൽ പറയുന്നു. ആയതിനു വിരുദ്ധമായി ജലസേചന പ്രൊജക്ടുകൾ SEUF ന് ഏൽപ്പിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

3.SEUF മായി ചമച്ച കരാർ വ്യവസ്ഥ 4 പ്രകാരം ഗഡുക്കളായല്ല പേമെന്റ് നൽകിയത്.

“The Payment Shall Be Release In 4 Installments Of 20%,30%,30% And 20% On Utilization Of 80% Of The Previously Sanctioned Funds”.

എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റിന്റെ 20% അഡ്വാൻസ് കൊടുത്തു. ആയതിന്റെ 80% യൂട്ടിലൈസ് ചെയ്യുന്ന് ബോധ്യപ്പെട്ട ശേഷമാണ് അടുത്ത 30% അഡ്വാൻസ് നൽകേണ്ടത്. എന്നാൽ 20% അഡ്വാൻസ് നൽകിയ ശേഷം സാധാരണ മരാമത്തു പ്രവൃത്തികൾക്ക് ബിൽ നൽകുന്ന രീതിയാണ് നടപ്പിലായത്. അഡ്വാൻസ് തുക ഫൈനൽ ബില്ലുകളിൽ നിന്നും കുറച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

4. 8%മാനേജ്മെന്റ് ചാർജസിനു പുറമേ KCWWF 1% ആകെ മൂല്യനിർണയ തുകയോട് കൂട്ടി നൽകിയിട്ടുണ്ട്. ആയതിനെ സാധൂകരിക്കുന്ന ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

5.കുടിവെള്ള ജലസേചന പദ്ധതികൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ രേഖ ലഭ്യമാക്കേണ്ടതാണ്. പ്രൊജക്റ്റിൽ ആസ്തി നമ്പർ ചേർത്തു കാണുന്നില്ല. ഇത സംബന്ധിച്ച സമഗ്ര വിവരം എവിടെയും ലഭ്യമല്ല. വികസന രേഖയിൽ (2017-22) കൊടുത്ത വിവരങ്ങൾ പൂർണ്ണമല്ല. ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ സംബന്ധിച്ച സമഗ്രവിവരം, നാളിതു വരെ അവയിൽ നടത്തിയ ചെലവ് തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

6.പദ്ധതികൾ പ്രവർത്തനക്ഷമമായതിന്റെ വിവരം ഫയൽ രേഖകളിൽ സൂക്ഷിച്ചിട്ടില്ല. ഭൂരിഭാഗം ഫയലുകളിലും പ്രൊജക്ട് പൂർത്തീകരണ പത്രം ലഭ്യമായില്ല.

(ഓഡിറ്റ് എൻക്വയറി നം:30/25.10.21) ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പൂർണ്ണമല്ല. മറുപടിയോടൊപ്പം ലഭ്യമാക്കിയ 18.5.2007 ലെ സർക്കാർ ഉത്തരവ് എം.എസ് നം.133/07 തസ്വഭവ ഉത്തരവിനെ അതിലംഘിച്ചുകൊണ്ടാണ് 30.3.2013 ലെ 133/2013 ഇറക്കിയിട്ടുള്ളത്. 24.9.21 ലെ നം. ഡിബി.1/4887/2012/സിഇ/എൽഐഡി&ഇഡബ്ല്യു നമ്പർ സർക്കുലർ ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിൽ 133/2013 അക്രഡിറ്റേഷൻ മാർഗ്ഗരേഖയിലെ വ്യവസ്ഥ അനുസരിച്ച്; അതായത് അക്രഡിറ്റേഷന് പരമാവധി 3 വർഷമാണ് കാലാവധി എന്ന വ്യവസ്ഥ അനുസരിച്ച് SEUF ന്റെ അക്രഡിറ്റേഷൻ അവസാനിച്ചിട്ടുള്ളതിനാൽ നിലവിൽ അവർക്ക് അക്രഡിറ്റേഷൻ ഇല്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ് എന്നും പറയുന്നുണ്ട്. 30.3.2013 ലെ ഉത്തരവിനു പകരം 18.5.2007 ലെ ഉത്തരവിനെ ആധാരമാക്കിയാണ് നഗരസഭയിൽ SEUF നെ പ്രവൃത്തികൾ ഏൽപ്പിച്ചത് എന്നു കാണുന്നു. SEUF നെ ഏൽപ്പിച്ച ജലസേചന കുടിവെള്ള പദ്ധതികളിൽ ഓരോന്നിലും ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-74 ജലസേചന പദ്ധതികൾ- രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 463407 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

തൻവർഷം നഗരസഭയിൽ താഴെ പരാമർശിക്കുന്ന വിവിധ പ്രൊജക്ടുകൾ ജലസേചന മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 463407 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

1.മൂർക്കനാട് ലിഫ്റ്റ് ഇറിഗേഷൻ വാർഡ് 1

പ്രൊജക്ട് നം.278/20(SO)

ഫയൽ നം: PW4/11695/18

വി.ഫണ്ട് അടങ്കൽ തുക :1493499

ചെലവ്: 188662

First&part Bill

Vr.No:21900556/17-4-2019

T.S No.91468/18-19

DSoR2016

Agmt:22.11.2018

C.I 37.25

Agreed PAC:1204307

1ST.Advance :100000

MB No :81/18-19

MB No : NIL

MB No :101/18-19

1.ടെക്നിക്കൽ സാങ്ക്ഷൻ പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. വർക്ക് ഓർഡർ പ്രകാരം രണ്ടുമാസത്തിനുള്ളിൽ തീർക്കേണ്ടതാണ്. എന്നാൽ MB No:NIL Pg No: 25 (അളവു പുസ്തകം നമ്പർ നൽകി AE സാക്ഷ്യപ്പെടുത്തിയിട്ടില്ല) പ്രകാരം 22.3.20 നാണ് ഫൈനൽ ചെക്ക് മെഷർമെന്റ്. ഒരു വർഷവും 5 മാസവുമെടുത്താണ് പദ്ധതി പൂർത്തിയായത്. പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസത്തിന് ഏജൻസിയോട് വിശദീകരണം ചോദിച്ചതായി ഫയലിൽ രേഖയില്ല. മിനിമം പിഴ 50000 രൂപ ഈടാക്കി ബാക്കി തുക നൽകാവുന്നതാണെന്ന് തിയതി വെക്കാത്ത ഓഫീസ് കുറിപ്പിൽ പറയുന്നു. SEUF ന് ഈ പ്രവൃത്തിക്കായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.
2.MB-യിൽ ധാരാളം വെട്ടിത്തിരുത്തലുകളും പെൻസിൽ കൊണ്ടുള്ള രേഖപ്പെടുത്തലും കാണുന്നു. രണ്ടാമത്തെ പാർട്ട് ബിൽ 14.2.20 ന് തയ്യാറാക്കി സമർപ്പിച്ചതായി നോട്ട് ഫയലിൽ കാണുന്നു. 669787രൂപയുടെ 3rd & Final Bill തയ്യാറാക്കിയത് 29.3.21 നാണ്. ആയത് പാസാക്കി നൽകിയോ എന്ന് ഫയൽ രേഖകളിൽ വ്യക്തമല്ല.

3.SEUF ന്റെ എഗ്രിമെന്റ് വ്യവസ്ഥ 4 പ്രകാരമല്ല തുക കൈമാറിയിരിക്കുന്നത്. T S തുകയുടെ 20% തുക ലിമിറ്റ് ചെയ്ത് അഡ്വാൻസായി നൽകിയ 100000 രൂപ മേൽ 3 ബില്ലുകൾ നൽകിയപ്പോഴും ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചിട്ടില്ല. 15.3.2019 ന മുൻപുള്ള എഗ്രിമെന്റ് പ്രവൃത്തിയായതിനാൽ ( Cost Index 37.25) GST നൽകേണ്ടതുമില്ല.

4. SEUF ന്റെ ധന വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയും ലഭ്യമാക്കേണ്ടതാണ്. പദ്ധതി പ്രവർത്തനക്ഷമമായതിന്റെ രേഖ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

<u>2.കക്കാട് ലിഫ്റ്റ് ഇറിഗേഷൻ</u>

പ്രൊജക്റ്റ് നം. 289/20(so)

ഫയൽ നം: PW4-11696/18

കക്കാട് പാടശേഖരത്തിൽ 20 HP 2മോട്ടോർ, മോട്ടോർ ഷെഡ് വാർഡ് - 11

അടങ്കൽ തുക: 550000

ചെലവ് : 129203

First&part Bill

Vr.No:21900555/17-4-2019

T.S No.81335/18-19

DSoR2016

Agmt:9.11.2018

C.I 37.25

Agreed PAC:476000

1ST.Advance:95200

Proceedings No:PW4-11696/18

MB No:97/18-19

MB No: 177/18-19

MB No:25/19-20

1.പ്രൊജക്റ്റിൽ നിർവ്വഹണ രീതി ടെൻഡർ എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസിയെ യാണ് നിർവ്വഹണം ഏൽപ്പിച്ചിരിക്കുന്നത്.ഇതു സംബന്ധിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

2.എസ്റ്റിമേറ്റ് കോസ്റ്റ് 476000.ഫയലിനോടൊപ്പമുള്ള എഗ്രിമെന്റിൽ തിയതി 9.11.18 ആണെങ്കിലും വർക്ക് ഓർഡറിൽ 6. 12. 18 എന്നു തെറ്റായി രേഖപ്പെടുത്തി കാണുന്നു.വർക്ക് ഓർഡർ പ്രകാരം 3 മാസമാണ് പൂർത്തീകരണ കാലാവധി.14.9.2020 ലാണ് എം.ബി നം.25 /19-20 പേജ് 7 പ്രകാരം ഫൈനൽ ചെക്ക് മെഷർ മെന്റ്.ഒരു വർഷവും 11 മാസവുമെടുത്താണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.പ്രവൃത്തിയുടെ ഒരു ഘട്ടത്തിലും കാലതാമസത്തിന്റെ കാരണം അസി.എഞ്ചിനീയർ അന്വേഷിച്ചതായി,ഏജൻസിയോട് വിശദീകരണം ചോദിച്ചതായി ഫയലിൽ രേഖയില്ല.14.12 .2020 ന ശേഷം നോട്ട് ഫയലിൽ തിയതി വെച്ച കുറിപ്പുകൾ ഇല്ല.മിനിമം പിഴ 50000 ഈടാക്കാമെന്ന് നോട്ടിലുണ്ടെങ്കിലും MB പ്രകാരം പിഴ കുറച്ചിട്ടില്ല.MB No. 25 /19-20 ൽ ധാരാളം വെട്ടിത്തിരുത്തലുകൾ കാണുന്നു.

ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.ഫയലിൽ സൂക്ഷിച്ചിട്ടുള്ള ട്രഷറി കോപ്പിയിലും വെട്ടിത്തിരുത്തലുകൾ ഉണ്ട് .SEUF ന് ഈ പ്രവൃത്തിക്കായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.SEUF ന്റെ ധന വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവയും ലഭ്യമാക്കേണ്ടതാണ്.

3.T S തുകയുടെ 20% തുക ലിമിറ്റ് ചെയ്ത് അഡ്വാൻസായി നൽകിയ 95200 രൂപ മേൽ 3 ബില്ലുകളിലും ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറച്ചിട്ടില്ല. ആയത് തിരികെ ഈടാക്കേണ്ടതാണ്.15.3.2019 ന മുൻപുള്ള എഗ്രിമെന്റ് പ്രവൃത്തിയായതിനാൽ( Cost Index 37.25) GST നൽകേണ്ടതുമില്ല.

4.Ever Bright Electricalsന്റെ Invoice No:A337/30.6.2020 പ്രകാരം 15HP മോട്ടോർ 54000 രൂപയുടേതാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ MB 25 Pag 15 ൽ അതുമാറ്റി 20 HP മോട്ടോർ 108298 രൂപയുടെ സ്ഥാപിച്ചതായി പറയുന്നു. വാങ്ങലിന്റെ ഒറിജിനൽ ടാക്സ് ഇൻ വോയ്സ് ലഭ്യമാക്കേണ്ടതാണ്.

5.നിലവിലുള്ള പദ്ധതിയിൽ 20 HP 2 മോട്ടോറും പമ്പ് ഹൗസ് നിർമ്മാണവുമാണ് ഉദ്ദേശിച്ചത്. പദ്ധതിക്ക് പുനരുദ്ധാരണം വേണം എന്ന് നിലവിലുള്ള ഗുണഭോക്തൃ കമ്മിറ്റി ആവശ്യപ്പെട്ടതായി രേഖയില്ല.പദ്ധതിയുടെ പ്രവർത്തന വിവരം, എത്ര വർഷമായി പ്രവർത്തിക്കുന്നു എന്ന വിവരം ഫയലിൽ ഇല്ല.

6.കക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവർത്തനക്ഷമമായതിന്റെ രേഖ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3.സമൃദ്ധി ലിഫ്റ്റ് ഇറിഗേഷൻ വാർഡ് 34

പ്രൊജക്ട് നം.308/20(so)

ഫയൽ നം:PW4-12562/17

അടങ്കൽ തുക:200000(20000 ഗുണഭോക്തൃ വിഹിതംഅടക്കം)

ചെലവ് :145542

First&Final Bill

Vr.No:21900552/17-4-2019

T.S No.78342/18-19/176410

DsoR 2016

Agmt:12.9.2018

C.I 37.25

Agreed PAC:174371

Duration:6 Months

1ST.Advance:35282

Revised T.S 145649

MB No:69/18-19

Last Check Measurement:5.3.19

ഫൈനൽ ബില്ലിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് കുറവ് ചെയ്തിട്ടില്ല. മേൽ പ്രൊജക്ട് പ്രകാരം ഗു. ഭോ വിഹിതം വകയിരുത്തിയെങ്കിലും പിരിച്ചതായി രേഖയില്ല. സമൃദ്ധി ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം പ്രൊജക്ട് നം. 502/20 ഫയൽ ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം : 31/25.10.21)

## 1-75 കുടിവെള്ള പദ്ധതികൾ- രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ ആകെചെലവുതുക 10,20,523 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

തൻവർഷം നഗരസഭയിൽ താഴെ പരാമർശിക്കുന്ന വിവിധ പ്രൊജക്ടുകൾ കുടിവെള്ള മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ ചെലവുതുക 10,20,523 രൂപ തടസ്സത്തിൽ വെയ്ക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

1. കക്കേരി കോളനി കുടിവെള്ള പദ്ധതി

പ്രൊജക്ട് നം.301/20(SO)

ഫയൽ നം: PW4/11694/18

വി.ഫണ്ട് SCP അടങ്കൽ തുക :500000

ചെലവ്:474954

First&Final Bill

Vr.No:21900560/17-4-2019

T.S No.81337/18-19,Amt:496000

Duration Of Work:6months

DSoR2016

Agmt:12.9.2018

C.I 37.25

Estimate Amt:496000

Revised T S Amt :474954

Mob.Advance:99200;PW4-11694/18/6.12.18

MB No:80/18-19

MB No:100/18-19

1. SEUF ന് അസി.എഞ്ചിനീയറുടെ ഉത്തരവു നടപടികൾ പ്രകാരം PW 4-11694/18 6.12.18 പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 20% അഡ്വാൻസ് തുകയായി 99200 രൂപ അനുവദിച്ചു. ആയത് ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. എഗ്രിമെന്റ് വ്യവസ്ഥ 4 ൽ പറയും പ്രകാരം ഗഡുക്കളായല്ല തുക കൈമാറിയത്. അഡ്വാൻസ് നൽകിയ ശേഷം ഫസ്റ്റ് & ഫൈനൽ ബിൽ തയ്യാറാക്കി നൽകുകയായിരുന്നു. ഇപ്രകാരം കരാർ വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2. SCP പ്രോജക്റ്റുകളിൽ പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 17 / 2018 തസ്വഭവ. തീയതി 2. 2 .2018 ലെ ഖ 6.1.6 പ്രകാരമുള്ള സാമൂഹ്യ ഭൂപടം തയ്യാറാക്കിയതായി ഫയലിൽ രേഖയില്ല.

3. 29.8. 19 ലെ PW4-11694/18 കത്തിൽ കുടിവെള്ള പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കരുവന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ എഞ്ചിനീയർക്ക് കത്തു നൽകി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി നടത്തിയ ശേഷം പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല.

4. SEUF ന്റെ യൂട്ടിലൈസേഷൻ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കേണ്ടതാണ്.

2.ജനത കോളനി കുടിവെള്ള പദ്ധതി

പ്രൊജക്ട് നം.438/20(SO)

ഫയൽ നം: PW4/11690/18

വി.ഫണ്ട് SCP അടങ്കൽ തുക :417600

ചെലവ്:224686

First&Final Bill

Vr.No:21900723/17-4-2019

T.S No.77595/18-19,Amt:412000

Duration Of Work:6months

DSoR2016

Agmt:15.9.2018

C.I 37.25

Estimate Amt:412000

Revised T S Amt :281730

1ST.Advance:82400;PW4-11690/18/31.10.18

21801326/30.10.2018

MB No:99/18-19

1. SEUFമായി സാധുതയുള്ള എഗ്രിമെന്റിൽ ഏർപ്പെട്ടതായി ഫയലിൽ രേഖയില്ല.

2. SCP പ്രോജക്റ്റുകളിൽ പദ്ധതി മാർഗ്ഗരേഖ 17 /2018 2. 2 .2018 ലെ ഖ 6.1.6 പ്രകാരമുള്ള സാമൂഹ്യ ഭൂപടം തയ്യാറാക്കിയതായി ഫയലിൽ രേഖയില്ല.

3. പ്രവൃത്തി നടത്തിയ ശേഷം പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല.

3.തളിയക്കോണം കുടിവെള്ള പദ്ധതി വാർഡ് 40

പ്രൊജക്ട് നം.306/20(SO)

ഫയൽ നം: PW4/12556/17

CFCഅടങ്കൽ തുക : 850000

ചെലവ്:142852

First & Part Bill

Vr.No:21900609/1-6-2019

T.S No.100513/18-19,Amt:495000

Duration Of Work: 3 Months

DSoR2016

Agmt:23.12.2018

C.I 37.25

Estimate Amt:495000

Revised T.S:291991.18

1ST.Advance:99000; SEUF ന്റെ 3.12.18 ലെ അപേക്ഷ

MB No:98/18-19

MB No:13/19-20

1. SEUF ന് എസ്റ്റിമേറ്റ് തുകയുടെ 20% അഡ്വാൻസ് ആയി 99000 രൂപ അനുവദിച്ചു. ആയത് ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

2. എഗ്രിമെന്റ് വ്യവസ്ഥ 4 ൽ പറയും പ്രകാരം ഗഡുക്കളായല്ല തുക കൈമാറിയത്. അഡ്വാൻസ് നൽകിയ ശേഷം അഡ്വാൻസ് തുകയുടെ വിനിയോഗം പരിശോധിക്കാതെ തുടർന്ന് പാർട്ട്, ഫൈനൽ ബില്ലുകൾ നൽകുകയായിരുന്നു. ഇപ്രകാരം കരാർ വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3. SEUF ന്റെ യൂട്ടിലൈസേഷൻ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി നടത്തിയ ശേഷം പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല.

4.കനാൽ ബേസ് കുടിവെള്ള പദ്ധതി വാർഡ് 21

പ്രൊജക്ട് നം.309/20(SO)

ഫയൽ നം: PW4/15416/18

CFCഅടങ്കൽ തുക : 500000

ചെലവ്:178031

First & Final Bill

Vr.No:21900610/1-6-2019

T.S No.392/18-19,Amt:495000

Duration Of Work: 6 Months

DSoR2016

Agmt:12.9.2018

C.I 37.25

Estimate Amt:314000

Revised T.S:178031

1ST.Advance:62800; PW4-15416/6.12.18

MB No:96/18-19

1. SEUF ന് എസ്റ്റിമേറ്റ് തുകയുടെ 20% അഡ്വാൻസ് തുകയായി 62800 രൂപ അനുവദിച്ചു. ആയത് ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

2. എഗ്രിമെന്റ് വ്യവസ്ഥ 4 ൽ പറയും പ്രകാരം ഗഡുക്കളായല്ല തുക കൈമാറിയത്. അഡ്വാൻസ് നൽകിയ ശേഷം അഡ്വാൻസ് തുകയുടെ വിനിയോഗം പരിശോധിക്കാതെ തുടർന്ന് ഫൈനൽ ബില്ല് നൽകുകയായിരുന്നു. ഇപ്രകാരം കരാർ വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3. SEUF ന്റെ യൂട്ടിലൈസേഷൻ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി നടത്തിയ ശേഷം പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല.

5. സെന്റ് ജോസഫിനു സമീപമുള്ള കിണർ അറ്റകുറ്റപ്പണി വാർഡ്20

പ്രൊജക്ട് നം.386/20(SO)

ഫയൽ നം: PW4/11693/18

വി.ഫണ്ട് SCP അടങ്കൽ തുക :250000

ചെലവ്:തൻ വർഷം ചെലവില്ല.

T.S No.117688/18-19,Amt:203684

Duration Of Work:6months

DSoR2016

C.I 37.25

Agmt:8.3.19

Estimate Amt:203684

MB No:202/18-19

MB No:203/18-19

1. 8.3.19 ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തിയായത് 6.7.2020 നാണ്. കാലതാമസത്തിന്റെ കാരണം കാണിക്കുന്ന രേഖപ്പെടുത്തൽ ഫയലിൽ ഇല്ല. ഫൈനൽ ബില്ലിൽ നിന്നും പിഴ തുക 26480 രൂപ ഈടാക്കിയതിന്റെ മാനദണ്ഡം ലഭ്യമാക്കേണ്ടതാണ്.

2. എഗ്രിമെന്റ് വ്യവസ്ഥ 4 ൽ പറയും പ്രകാരം ഗഡുക്കളായല്ല തുക കൈമാറിയത്. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് നൽകുകയായിരുന്നു. ഇപ്രകാരം കരാർ വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

3. അളവു പുസ്തകം നം 203-18/ 19 പ്രകാരം ആകെ മൂല്യനിർണ്ണയത്തിനൊപ്പം കൂട്ടി നൽകിയ 12 % GST തുക 21247 രൂപ തിരികെ ഈടാക്കേണ്ടതാണ്. 15.3.2019 ന മുൻപുള്ള എഗ്രിമെന്റ് പ്രവൃത്തിയായതിനാൽ (Cost Index 37.25) GST നൽകേണ്ടതില്ല. KCWWF 1% തുക ആകെ മൂല്യനിർണയത്തോടൊപ്പം കൂട്ടി നൽകിയതിനെ സാധൂകരിക്കുന്ന ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

4. SEUF ന്റെ 6.7.20 ലെ ലെറ്റർ പാഡിൽ അടിച്ച ചാർജ് വൗച്ചർ പ്രകാരം 1 HP മോട്ടോർ അടങ്ങിയ വാട്ടർ പ്യൂരിഫയർ സിസ്റ്റം ബില്ലിൽ ഉൾപ്പെടുത്തി തുക നൽകിക്കാണുന്നു. ആയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

5. SEUF ന്റെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമായിട്ടില്ല.

6. തലയിണക്കുന്നു കുടിവെള്ള പദ്ധതി -വാർഡ് 34

പ്രൊജക്ട് നം.347/20(SO)

ഫയൽ നം: PW4/12556/17

വി.ഫണ്ട് (ജനറൽ ) അടങ്കൽ തുക :300000

ചെലവ്:തൻ വർഷം ചെലവില്ല.

Vr.No.22000558/11.4.20 156109

T.S No.64871/18-19,Amt:243097

Duration Of Work:6months

DSoR2016

C.I 37.25

Agmt:12.9.18

MB No:67/18-19

1. 29.1.19 ന് ഫൈനൽ വാല്യേഷൻ നടത്തിയ പ്രവൃത്തിയുടെ ബിൽ നൽകിയിരിക്കുന്നത് 4/20 ലാണ്. കാലതാമസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. എസ്റ്റിമേറ്റ പ്രകാരം പഴയ കിണർ പുനരുദ്ധാരണവും പുതിയ കിണർ കുഴിക്കുന്നതും ഉൾപ്പെട്ടിരുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ലഭ്യമായില്ല. ഏതൊക്കെ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുവെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി പാനൽ ബോർഡ് പ്ലംബിംഗ് ഒരിനമായി ഉൾപ്പെടുത്തിയെങ്കിലും നടന്നിട്ടില്ല.

3. കുടിവെള്ള പ്രൊജക്ടുകളെ സംബന്ധിച്ച് പ്രാധാന്യമുള്ള കിണർവൃത്തിയാക്കൽ, അണുനശീകരണം, വാട്ടർ ക്വാളിറ്റി ടെസ്റ്റ് എന്നിവ നടത്തിയിട്ടില്ലെന്ന് അളവ് പുസ്തകത്തിൽ നിന്നും വ്യക്തമാണ്. പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരവും ലഭ്യമല്ല. നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

4. SEUF ന്റെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം:32/25.10.21,57/26.10.21)

## 1-76 പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം – സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്

പ്രൊജക്ട് നം – 3/20, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ തുക -2500000

ചെലവ് – 625000

ഗുണഭോക്താക്കളുടെ എണ്ണം -100

1. പുത്തൻ തോടു സൊസൈറ്റി, മുകുന്ദപുരം സൊസൈറ്റി എന്നിവ മുഖാന്തിരമാണ് തീറ്റ വിതരണം നടത്തിയിട്ടുള്ളത്. ഇവ സർക്കാർ അംഗീകൃതമായ സൊസൈറ്റികളാണെന്ന് തെളിയിക്കുന്ന രേഖ ഫയലിനോടൊപ്പമില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. തെരഞ്ഞെടുത്ത 100 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി നഗരസഭ വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 3/19, 1/20 മാസങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തീറ്റ വിതരണത്തിൽ നിന്നും വിട്ടുപോയ മാസം |
|---|---|---|
| | പുത്തൻ തോട്ടു സൊസൈറ്റി | |
| 1. | നാരായണൻ ചെമ്പാറ | 12/19 |
| 2. | സാജൻ | 8/19 |
| 3. | ഗിരീശൻ | 8/19 |
| 4. | വിനു ചേറൂർ | 12/19 |
| 5. | അനന്തൻ കളപ്പുരയ്ക്കൽ | 7/19 |
| 6. | മണി ശിവരാമൻ | 6/19 |
| 7. | ഉമേഷ് മുത്രത്തി പറമ്പിൽ | 8/19 |
| 8. | ശ്രീമതി പുരയാറ്റു പറമ്പിൽ | 5/19 |
| | മുകുന്ദപുരം സൊസൈറ്റി | |
| 9. | ഷൈല നന്ദകുമാർ | 9/20 |
| 10. | വിൻസന്റ് ആലപ്പാടൻ | 12/20 |
| 11. | വർഗ്ഗീസ് | 5/20 |
| 12. | ജോർജ് പള്ളൻ | 1/20 |

പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-77 പർച്ചേസ് നടപടി ക്രമങ്ങളിലെ കാലതാമസം - സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം. 174/20
വെറ്റിനറി പോളിക്ലിനിക്കിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ കോപ്പിയർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്റിനറി സർജൻ
വി ഫണ്ട് (ജനറൽ) അടങ്കൽ തുക : 72000
ചെലവ് : 71595
കെൽട്രോണിന് മുൻകൂർ തുക കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം | വൗച്ചർ നം/ തീയതി | പ്രൊഫോർമ ഇൻവോയ്സ് നം. / തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21900874/6.8.19 | 8191/15.8.19 | 49579 |
| 2 | 21900881/21.8.19 | 8191/15.8.19 | 420 |
| 3 | 21902556/28.2.20 | 15410/31.1.20 | 14851 |
| 4 | 21902270/14.3.20 | 8191/ 4.3.20 | 6745 |
| | | ആകെ തുക | 71595 |

HP കമ്പനിയുടെ ടാക്സ് ഇൻ വോയ്സ് J PK A 81025 16.10.20 പ്രകാരം ലാപ് ടോപ് – 44850 മൗസ് - 310 ബാഗ് പാക്ക് – 690 അടക്കം 45850 രൂപയുടെ സാധനങ്ങൾ 19.10.20 ന് സീനിയർ വെറ്റിനറി സർജന് കൈമാറി. തുക കൈമാറി ഒരു വർഷം കഴിഞ്ഞാണ് കമ്പ്യൂട്ടർ ലഭ്യമായിരിക്കുന്നത്. ടാക്സ് ഇൻ വോയ്സ് J9PMD85977/ 11.10.20 പ്രകാരം (ലേസർ ജെറ്റ് പ്രിന്റർ 9300 രൂപ ഇൻസ്റ്റലേഷൻ 1000 രൂപ 1700 രൂപ അടക്കം) 12000 രൂപയ്ക്ക് 19.10.2020 ന് ലഭ്യമായിട്ടുണ്ട്. ഫയലിൽ ഉൾചേർത്തിട്ടുള്ള ഇൻ വോയ്സുകൾ പ്രകാരമുള്ള തുക 57850 രൂപയേ വരുന്നുള്ളു.
പ്രൊജക്ട് ചെലവു തുകയുമായി 13745 രൂപയുടെ വ്യത്യാസം കാണുന്നു. തുക കൈമാറിയത് കെൽട്രോണിനാണ് എന്നതിനാൽ തന്നെ HP യുടെ ഇൻ വോയ്സുകൾ സ്വീകാര്യമല്ല എന്ന് ചൂണ്ടിക്കാണിച്ച് കൊണ്ട് ഓഡിറ്റ് എൻക്വയറി നം. 1/ 21.10.21 നൽകിയതിന് മറുപടി ലഭ്യമാക്കി. മറുപടിക്കൊപ്പം ലഭ്യമാക്കിയ കെൽട്രോണിന്റെ ഒറിജിനൽ ഇൻ വോയ്സുകൾ താഴെ പറയും പ്രകാരമാണ്.

Invoice No : ITP/09304/20-21/30.01.2021 തുക : 56744
Invoice No : ITP/10493/20-21/30.01.2021 തുക : 14851

8/19, 1/20 , 3/20 മാസങ്ങളിൽ കൈമാറിയ തുകയ്ക്ക് 10/20 നാണ് സാധനങ്ങൾ ലഭ്യമായത്. പർച്ചേസ് നടപടി ക്രമങ്ങളിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-78 മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകൽ -അപാകതകൾ

1. തൻവർഷം വിവിധ പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിന് BPCL എന്ന സ്ഥാപനത്തിന് 11755971/- രൂപയും, HINDCOL എന്ന സ്ഥാപനത്തിന് 2021818/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് /സ്റ്റോക്ക് രജിസ്ററർ പ്രകാരം ആകെ 8511667/- രൂപയുടെ ടാർ മാത്രമാണ് തൻവർഷം സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (ഓഡിറ്റ് എൻക്വയറി നം. 36/26.10.21) മറുപടിയായി ബാക്കിയുള്ള ടാർ 20-21 സാമ്പത്തിക വർഷത്തിലാണ് ലഭ്യമായിട്ടുള്ളതെന്നും നാളിതു വരെയുള്ള കണക്കുകൾ പ്രകാരം ബാക്കി 413652/ (20200996 - 19787344) രൂപയുടെ ടാർ ഇനിയും ലഭിക്കാനുള്ളതായും അറിയിച്ചിട്ടുണ്ട്. 2019-20 വർഷം ലഭിച്ച ടാറിന്റെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം | ഇൻവോയ്സ് നം. | ബിറ്റുമിൻ(KG) | | | ആകെ തുക |
|---|---|---|---|---|---|
| | | VG30 | RS1 | SS1 | |
| BPCL,Ambalamugal,Kochi | 4550405749/18.02.2020 | 9360 | | | 420255/- |
| | 4550405750/18.02.2020 | 9360 | | | 420255/- |
| | 4550405752/18.02.2020 | 9360 | | | 420255/- |
| | 4550405746/18.02.2020 | 9360 | | | 420255/- |
| | 4550406288/19.02.2020 | 9360 | | | 420255/- |
| | 4550406285/19.02.2020 | 9360 | | | 420255/- |
| | 4550406891/20.02.2020 | 9360 | | | 420255/- |
| | 4550406883/20.02.2020 | 9360 | | | 420255/- |
| | 4550407956/22.02.2020 | 9360 | | | 420255/- |
| | 4550407966/22.02.2020 | 9360 | | | 420255/- |
| | 4550407981/22.02.2020 | 9360 | | | 420255/- |
| | 4550408486/24.02.2020 | 9360 | | | 420255/- |
| | 4550408490/24.02.2020 | 9360 | | | 420255/- |
| | 4550408504/24.02.2020 | 9360 | | | 420255/- |
| | 4550408496/24.02.2020 | 9360 | | | 420255/- |
| | 4550412429/03.03.2020 | 9360 | | | 419040/- |
| | 4550414548/07.03.2020 | 6240 | | | 279360/- |
| Hindustan Coals Private Limited,Ambalamugal,Kochi | 4210102696/13.02.2020 | | | 1818 | 126105 |
| | 4210102695/13.02.2020 | | 6000 | | 263404 |
| | 4210103181/22.02.2020 | | | 4545 | 311162 |
| | 4210103180/22.02.2020 | | 5000 | | 222618 |
| | 4210103707/06.03.2020 | | 5400 | | 240001 |
| | 4210103710/06.03.2020 | | | 5090 | 346162 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | Total | 160320 | 16400 | 11453 | 8511677 |

2. സ.ഉ.(സാധാ) നം.564/2017/ ത.സ്വ.ഭ.വ. തി.01.03.17 പ്രകാരം ടാർ വാങ്ങുന്നതാനാവശ്യമായ തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതും അതിന് ശേഷം സെക്രട്ടറിക്ക് തുക നൽകുന്നതിന് സ്വന്തം ടി.എസ്.ബി അക്കൗണ്ടിന്റെ ചെക്ക് നൽകേണ്ടതാണ്. എന്നാൽ ട്രഷറിയിൽ നിന്നും നേരിട്ട് തുക കമ്പനിക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്.

3. നഗരസഭ ടാറിങ്ങ് ഉൾപ്പെടുന്ന പ്രവൃത്തികൾ ടെന്റർ ചെയ്യുമ്പോൾ ടാറിന്റെ വില ഉൾപ്പടെയുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ആയത് ടെന്റർ ചെയ്യുകയുമാണ് ചെയ്യുന്നത്. ഇത് ടെന്റർ ഷെഡ്യൂളിന്റെ ഭാഗമാക്കുകയും എഗ്രിമെന്റിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ നഗരസഭ നേരിട്ട് ടാർ വാങ്ങുകയും, ആയത് കരാറുകാരന് സപ്ലൈ ചെയ്യുകയും അളവു പുസ്തകത്തിൽ ടാറിന്റെ ഉൾപ്പടെയുള്ള പ്രവൃത്തി മൂല്യം കണക്കാക്കുകയും സപ്ലൈ ചെയ്ത ടാറിന്റെ വില കുറവ് ചെയ്ത് ബാക്കി തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. ഇതിന് പുറമേ ടാറിന്റെ മാർക്കറ്റ് നിരക്കും പ്രൈസിലെ (എസ്റ്റിമേറ്റ്) നിരക്കും തമ്മിലുള്ള വ്യത്യാസം കൂടി കരാറുകാരന് നൽകുന്നു. ഇപ്രകാരം നൽകുന്ന തുകയിൽ നിന്നും നികുതികൾ കുറവ് ചെയ്യുന്നില്ല.

4) CENTRAL GST നിയമം 2017, വകുപ്പ് 22(1), നോട്ടിഫിക്കേഷൻ 10/19/ Central Tax Dt.07.03.19 എന്നിവ പ്രകാരം ഒരു വർഷം 40 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനം GST രജിസ്ട്രേഷൻ എടുക്കേണ്ടതും, വകുപ്പ് 31(1) പ്രകാരം സപ്ലൈ ചെയ്യുന്ന സമയത്ത് ഇൻവോയ്സ് നൽകേണ്ടതുമാണ്. നഗരസഭ നം.32AAALA3293P1Z0 നമ്പർ ആയി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ 4.12.18 മുതൽ GST രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സപ്ലയർ ഓഫ് സർവ്വീസ്,വർക്ക് കോൺട്രാക്ട് എന്നീ ഇനങ്ങളിലാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്.

രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും മേൽ പ്രകാരം പ്രവൃത്തികൾക്ക് കോൺട്രാക്ടർക്ക് ടാർ നൽകുമ്പോൾ നിയമം അനുശാസിക്കുന്ന രീതിയിൽ ഇൻവോയ്സ് നൽകിയതായി കാണുന്നില്ല. എന്നാൽ കമ്പനികളിൽ നിന്നും ടാർ വാങ്ങുമ്പോൾ "BILL TO PARTY" എന്ന രീതിയിൽ നഗരസഭയുടെ ജി.എസ്. ടി രജിസ്ട്രേഷൻ നം.32AAALA3293P1Z0 ഉൾപ്പടെ രേഖപ്പെടുത്തി കൊണ്ടാണ് കമ്പനികൾ ഇൻവോയ്സ് നൽകുന്നത്. എന്നാൽ നഗരസഭ കരാറുകാരന് നിയമ പ്രകാരമുള്ള ഇൻവോയ്സ് നൽകുകയോ, ഇൻപുട്ട് ടാക്സ് സംബന്ധിച്ച റിട്ടേൺ നല്കുന്നതായോ ചെയ്യുന്നതായി കാണുന്നില്ല. GST നിയമ പ്രകാരം നഗരസഭക്ക് ഫൈൻ നൽകേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതാണ്.

5. RS1, SS1 എന്നിവക്ക് പാക്കിങ്ങ് തിയതി മുതൽ ഒരു വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ പറഞ്ഞ RS1, SS1 ഒരു വർഷ കാലാവധി കഴിഞ്ഞവയാണോ എന്ന പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പരിശോധന നടത്തിയതിൽ VG 30 (ടാർ) സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 79 എണ്ണം ഉണ്ട്. എന്നാൽ സ്റ്റോക്കിൽ 120 എണ്ണം കാണപ്പെട്ടു. (ഓഡിറ്റ്. എൻക്വയറി 15/23.10.21) മഴ ആരംഭിച്ചതിനാൽ കരാറുകാർക്ക് നൽകാതെ സ്റ്റോക്ക് ചെയ്തിരിക്കയാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-79 പൈങ്കിളിപാടം ഹരിജൻ കർഷക സംഘം ബണ്ട് നിർമ്മാണം - നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല - ലക്ഷ്യം കൈവരിച്ചിട്ടില്ല.

എസ്റ്റിമേറ്റ് തുക -300000/-

പ്രോജക്റ്റിന്റെ നം.379/20

എം.ബുക്ക് -221/19-20

കൺവീനർ-അയ്യപ്പൻ

ബിൽ നം. തി. തുക -68640/-20-21വർഷം

എഗ്രിമെന്റ് -07/18-19/23.07.18

കരാർ കാലാവധി -6 മാസം

ബണ്ട് നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രവൃത്തിയുടെ ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 68640/-/- രൂപയായി കണക്കാക്കി തൻവർഷം തുക നൽകിയെങ്കിലും ക്യൂബില്ലിൽ ഉൾപ്പെടുത്തി 20-21 വർഷമാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ ലഭ്യമായ മണ്ണ് നിരത്തുക എന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ബണ്ട് നിർമ്മാണം എന്ന പ്രവൃത്തി നടത്തിയിട്ടില്ല. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല. പ്രവൃത്തി ഏറ്റെടുത്ത കൺവീനർക്കെതിരെ നിയമ നടപടി സ്വീകരിച്ചതായി കാണുന്നില്ല. പിന്നീട് നാളിതു വരെ ഒരു പ്രവർത്തിയും നടത്തിയിട്ടില്ല. മേൽ പരാമർശം സംബന്ധിച്ച എൻക്വയറി (61/27.10.21) നൽകിയതിന് മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മണ്ണ് ഫില്ലിങ്ങ് ചെയ്തതിന്റെയടിസ്ഥാനത്തിൽ പാർട്ട് ബിൽ നൽകുകയും, വെള്ളക്കെട്ട് രൂക്ഷമായതിനാൽ ബണ്ട് നിർമ്മാണം സാധ്യമല്ലാത്തതായി കൺവീനർ അറിയിച്ചതിനാലും, പ്രവൃത്തി ചെയ്യാൻ കൺവീനർ തയ്യാറല്ലാത്തതിനാലും സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലെന്നറിയിച്ചിട്ടുണ്ട്.

## 1-80 സർക്കാർ ഉത്തരവിനു വിരുദ്ധമായി ടാർ അധിക വിഹിതം നൽകിയത്- അംഗീകരിക്കുന്നില്ല

പ്രോജക്റ്റ് നം.221/20

വകയിരുത്തിയ തുക -10,00,000/-

ഏപ്രിൽ 2018 മുതൽ ടാറിന്റെ വില 33% വർദ്ധിച്ചതിനാൽ സർക്കാർ ഉത്തരവ് നം. (ആർ.ടി)9386/18/fin.dt.13.11.18 പ്രകാരം 01.11.18 ൽ തുടർന്നു വരുന്ന പ്രവൃത്തികൾക്ക്, ടെന്റർ ക്ലോസ്സ് ചെയ്യുന്ന സമയത്ത് നിലവിലുള്ള നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യതിയാനം

നൽകാവുന്നതാണ്.ടി കാലയളവിൽ പിഴയില്ലാതെ കാലയളവ് നീട്ടി ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്കും അധിക വിഹിതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമല്ലാതെ 17-18 വർഷം പൂർത്തീകരിച്ച പ്രവത്തികൾക്കും താഴെ പറയുന്ന പ്രകാരം ടാർ അധിക വിഹിതമിനത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

എ) സ്റ്റേഡിയം റോഡ് റീ-ടാറിങ്ങ് -വാർഡ് 40

പ്രോജക്റ്റ് നം -369/17

കരാറുകാരന്റെ പേര്- രമേഷ് .എൻ.വി.

എഗ്രിമെന്റ് നം .തിയ്യതി-65/16-17 Dt.10.02.17

വകയിരുത്തിയ തുക-450000/-

എം.ബുക്ക് നം.-107/16

അളവെടുത്ത തിയ്യതി.-27.02.17

പൂർത്തീകരണ കാലാവധി -3മാസം

കരാറ് തുക-249253/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 8188/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901190/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.

ബി) കോർട്ട് സൈഡ് റോഡ് അറ്റകുറ്റപണി-വാർഡ് -23

പ്രോജക്റ്റ് നം -421/18

കരാറുകാരന്റെ പേര്- ടി.സി.സന്തോഷ്

എഗ്രിമെന്റ് നം .തിയ്യതി47/17-18 Dt.23.03.18-

വകയിരുത്തിയ തുക-110000/-

എം.ബുക്ക് നം.201/17

അളവെടുത്ത തിയ്യതി.ചേർത്തിട്ടില്ല ,ചെക്ക് മെഷർ ചെയ്ത തിയ്യതി-04.05.18

പൂർത്തീകരണ കാലാവധി -6മാസം

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 6870/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901147/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.

സി)പള്ളിക്കാട് സാന്ത്വന സദനം റോഡ് പാച്ച് വർക്ക്-വാർഡ് -37

പ്രോജക്റ്റ് നം -589/19

കരാറുകാരന്റെ പേര്-ടി.സി. സുനിൽകുമാർ

എഗ്രിമെന്റ് നം .തിയ്യതി-56-17-18 Dt.10.01.18

വകയിരുത്തിയ തുക-255000/--ധനകാര്യകമ്മീഷൻ ഗ്രാന്റ്

എം.ബുക്ക് നം.20/18-19

അളവെടുത്ത തിയ്യതി.-28.01.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-241982/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 28949/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901146/25.09.19 പ്രകാരംനൽകിയിട്ടുണ്ട്.

ഡി)എരണപ്പിള്ളി റോഡ് ബൈലൈൻ പുനരുദ്ധാരണം

പ്രോജക്റ്റ് നം -461/19

കരാറുകാരന്റെ പേര്-ടി.പി.ജോയ്

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.23.03.18

വകയിരുത്തിയ തുക-361000/--വികസനഫണ്ട്

എം.ബുക്ക് നം.53/18-19

അളവെടുത്ത തിയ്യതി.-26.02.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-360037/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 33706/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നം. 21901193/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.

ഇ)കൊമേഴ്സ്യൽ റോഡ് പുനരുദ്ധാരണം
പ്രോജക്റ്റ് നം -463/19

കരാറുകാരന്റെ പേര്-എൻ.വി. രമേഷ്

എഗ്രിമെന്റ് നം .തിയ്യതി-81/17-18 Dt.23.03.18

വകയിരുത്തിയ തുക-590000/--വികസനഫണ്ട്

എം.ബുക്ക് നം.110/18-19

അളവെടുത്ത തിയ്യതി.-22.03.19

പൂർത്തീകരണ കാലാവധി -3മാസം

ആകെ പ്രവൃത്തിമൂല്യം-392327/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 32777/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901303/29.09.19 പ്രകാരംനൽകിയിട്ടുണ്ട്.

എഫ് )നാട്ടുവള്ളി റോഡ് പുനരുദ്ധാരണം-

പ്രോജക്റ്റ് നം -467/19

കരാറുകാരന്റെ പേര്-കെ.എ.ഗോപികുമാർ

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.28.03.18

വകയിരുത്തിയ തുക-243000/--റോഡ്

എം.ബുക്ക് നം.16/18

അളവെടുത്ത തിയ്യതി.-05.01.19

പൂർത്തീകരണ കാലാവധി -3മാസം

ആകെ പ്രവൃത്തിമൂല്യം-241340/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 34801/ -രൂപ ടാർ അധികവിഹിതം വൗച്ചർ നമ്പർ 21901159/29.09.19 പ്രകാരം നൽകിയിട്ടുണ്ട്. ( എം.ബുക്കിൽ പേജ് നം. 13 ൽ ടാർ അധികവിഹിതം കണക്കാക്കിയിട്ടുള്ളത് 21875/-രൂപയാണ്.അധികമായി 12926/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.)

ജി)മനക്കടവ് മന റോഡ് അറ്റകുറ്റപണി -വാർഡ് 25

പ്രോജക്റ്റ് നം -522/19

കരാറുകാരന്റെ പേര്-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.28.03.18

വകയിരുത്തിയ തുക-125000/--

എം.ബുക്ക് നം.190/17

അളവെടുത്ത തിയ്യതി.-03.05.18

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-121648/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 7677/ -രൂപ വൗച്ചർ നമ്പർ 21901655/04.10.19 പ്രകാരം ടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

എച്ച് )ഊമൻകുളം റോഡ് ബാക്കി ഭാഗം ഡയബറ്റിക്റോഡ്അഭിവൃദ്ധിപ്പെടുത്തൽ വാർഡ്-19

പ്രോജക്റ്റ് നം -565/18

കരാറുകാരന്റെ പേര്-ടി.സി.സുനിൽകുമാർ

എഗ്രിമെന്റ് നം .തിയ്യതി-75/17-18 Dt.05.02.18

വകയിരുത്തിയ തുക-550000/--

എം.ബുക്ക് നം.75/17-18

അളവെടുത്ത തിയ്യതി.-30.01.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-540078/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 47699/ -രൂപ വൗച്ചർ നമ്പർ 21901163/25.09.19 പ്രകാരംടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

ഐ)അവർ ഹോസ്പിറ്റൽ റോഡ്,റീജൻസി റോഡ്,ബ്രഹ്മകുമാരീസ് റോഡ് മെറ്റലിങ്ങ് &ടാറിങ്ങ്

വാർഡ് -12

പ്രോജക്റ്റ് നം -223/17

കരാറുകാരന്റെ പേര്-ടി.സി.സന്തോഷ്

എഗ്രിമെന്റ് നം .തിയ്യതി-157/16-17 Dt.16.03.17

വകയിരുത്തിയ തുക-350000/--(റോഡ്)

എം.ബുക്ക് നം.-101/17

അളവെടുത്ത തിയ്യതി.-29.12.17

പൂർത്തീകരണ കാലാവധി -

ആകെ പ്രവൃത്തിമൂല്യം-235303/-/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 13784 -രൂപ വൗച്ചർ നമ്പർ 21901276/04.10.19 പ്രകാരം ടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

ജെ)വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് ബാക്കി ഭാഗം അറ്റകുറ്റപണി വാർഡ് 12-അപാകതകൾ

പ്രോജക്റ്റ് നം. 548/19

ഫയൽ നം. Pw1-14762/17

എം.ബുക്ക് നം. -287/17,102/18-19

കരാർ തുക -840392/-

കോൺട്രാക്ടർ-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം. 06.02.18(നം. ഇല്ല)

കരാർ കാലാവധി -6മാസം

കോസ്റ്റ് ഇൻഡക്സ് -37.25%

അളവെടുത്ത തിയ്യതി-21.03.19

ആകെ പ്രവൃത്തി മൂല്യം-730859/-

പാർട്ട് ബിൽ -459052/-

വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് അറ്റകുറ്റപണി ചെയ്യുന്നതിനും കാന നിർമ്മാണത്തിനുമായിരുന്നു പ്രോജക്റ്റ് .ആയതിന് 875000/-രൂപ വകയിരുത്തുകയും,സന്തോഷ്.ടിസി എന്ന കരാറുകാരന്റെ 846392/- രൂപയുടെ ടെന്റർ അംഗീകരിക്കുകയും ചെയ്തു.

മേൽ പ്രകാരമുള്ള പ്രവർത്തിയുടെ ഫൈനൽ ബിൽ തുകയായ 271804/- രൂപയിൽ ടാറിന്റെ മാർക്കറ്റ് വില കുറച്ചുള്ള തുക 187029രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.ഇതിനു പുറമേ 221/20 നമ്പർ പ്രോജക്റ്റ് പ്രകാരം ടാർ എക്സസ് എന്ന പ്രോജക്റ്റിലുൾപ്പെടുത്തി കരാറുകാരന് 16099/- രൂപ വൗച്ചർ നം : 21901160 തീ. 23.09.19 പ്രകാരം നൽകിയിട്ടുണ്ട്. ടി തുകയിൽ നിന്നും, ഫൈനൽ ബില്ലിൽ നിന്നും 'GST ഈടാക്കിയിട്ടില്ല. പാർട്ട് ബില്ലിൽ നിന്ന് മാത്രമാണ് GST തുക ഈടാക്കിയിട്ടുള്ളത്.
മേൽ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാറുകാർക്ക് അധികം നൽകിയ തുക (8188+6870+28949+33706+32777+34801+7677+47699+13784+16099) 230550/- രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-81 പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തി പൂർത്തിയാക്കാൻ വൈകുന്നതിന് പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ എഗ്രിമെന്റിലെ ക്രമ നം. 7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം വരെ 1% വും അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 2% വീതവും പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ് നം. 548/19

ഫയൽ നം. Pw1-14762/17

എം.ബുക്ക് നം. -287/17,102/18-19

കരാർ തുക -846392/-

കോൺട്രാക്ടർ-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം. 06.02.18(നം. ഇല്ല)

കരാർ കാലാവധി -6മാസം

കോസ്റ്റ് ഇൻഡക്സ് -37.25%

അളവെടുത്ത തിയ്യതി-21.03.19

ആകെ പ്രവൃത്തി മൂല്യം-730859/-

പാർട്ട് ബിൽ -459052/-

വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് അറ്റകുറ്റപണി ചെയ്യുന്നതിനും കാന നിർമ്മാണത്തിനുമായിരുന്നു പ്രോജക്റ്റ്. ആയതിന് 875000/-രൂപ വകയിരുത്തുകയും, സന്തോഷ്.ടിസി എന്ന കരാറുകാരന്റെ 846392/- രൂപയുടെ ടെന്റർ അംഗീകരിക്കുകയും ചെയ്തു. 12-ാംവാർഡ് മെമ്പറുടെ നിർദ്ദേശാനുസരണം ടെന്റർ കുറവ് ഉൾപ്പെടുത്തി നിലവിലുള്ള കാനക്ക് തുടർച്ചയായി കാന പണിത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് 31/07/18 ലെ 5-ാം നമ്പർതീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും,742177/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു .മേൽ പ്രവൃത്തി കരാർ പ്രകാരം 05.08.18 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ 2017-18 വർഷം ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 03.12.19 നാണ്. കരാറിലെ ക്രമനമ്പർ 7പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

പൂർത്തീകരിക്കേണ്ട തിയ്യതി -05.08.18

20% സമയം അനുവദിക്കുമ്പോൾ 14.09.18

14-09-18 To 13.12.18 -1%

14.12.18 - 13.03.19 -2%
14.03.19 – 13.06.19 – 2%
14.06.19 – 13.09.19 – 2 %
കരാർ തുക 846392* 7% = 59247

മേൽ പ്രകാരമുള്ള പ്രവൃത്തിയുടെ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-82 ഫയലുകൾ ഹാജരാക്കിയിട്ടില്ല.48382/- രൂപ തടസ്സപ്പെടുത്തുന്നു.

ടാർ അധിക വിഹിതം നൽകിയ താഴെ പറയുന്ന ചെലവുകളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
പ്രോജക്റ്റ് നം.221/20
നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

ഫയൽ ഹാജരാക്കുന്നതിന് 67/27.10.21 പ്രകാരം എൻക്വയറി നൽകിയെങ്കിലും ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. എക്സസ് ഇനത്തിൽ നൽകിയ തുക 48382/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം. തി. | തുക | ഫയൽ നം. |
|---|---|---|---|
| 1 | 21901117/26.08.19 | 26248/- | 5717/18 |
| 2 | 21901175/26.09.19 | 8944/- | 11052/18 |
| 3 | 21901248/28.09.19 | 13190/- | 11643/18 |

## 1-83 നഗരസഭാ എൻജീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1.കഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവും ലേലനടപടികൾക്കായി നഗരസഭാ സെക്രട്ടറിക്ക് കൈമാറിയതിന്റെ വിവരവും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1. ചാത്തൻമാസ്റ്റർ ഹാൾ നിർമാണം

എസ്.സി. വിഭാഗത്തിൽപ്പെട്ടവരുടെ ആവശ്യങ്ങൾക്കായി പൂർണമായും സൗജന്യനിരക്കിലും മറ്റ് വിഭാഗക്കാരുടെ ആവശ്യങ്ങൾക്കായി മിതമായ വാടകനിരക്കിലും നൽകുന്നതിനായി ഭരണസമിതിയുടെ 13/01/18 നമ്പർ തീരുമാനപ്രകാരമാണ് ഈ പ്രൊജക്റ്റ് ആവിഷ്ക്കരിച്ചത്. പ്രൊജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 329/20 |
| അടങ്കൽ | 30000000 രൂപക്ക് സാ.അനുമതി ലഭിച്ച പ്രൊജക്റ്റിന് തൻവർഷം ഒന്നരക്കോടി രൂപ വകയിരുത്തി |
| ഫണ്ട് | എസ്.സി.പി. |
| സാ.അനുമരി | LSGD/TS/2018-19/58368/22/219 (ചീഫ് എൻജിനീയർ നൽകി ) |
| പ്രവൃത്തി കാലാവധി | ഒരു വർഷം |

| | |
|---|---|
| കരാറുകാരൻ | ഗംഗ കൺസ്ട്രക്ഷൻസ് |
| കരാർ | 1/19-20/18/6/19 |
| അളവുപുസ്തകം | 219/19-20,303/19-20,33 A/19-20,95/21,179/21 |

ചെലവുവിവരം

| ബിൽ നം | തുക |
|---|---|
| 3/16/9/20 | 1564414 |
| 15/20/10/20 | 2357425 |
| 25/28/1/21 | 2923838 |
| 27/10/2/21 | 1970233 |
| 33/27/3/21 | 3203099 |

2985616 രൂപയുടെ ആറാം ഭാഗികബിൽ തയ്യാറാക്കിയത് ഉൾപ്പടെ 15004625 രൂപയുടെ പ്രവൃത്തിയാണ് ഇതുവരെ നടന്നിട്ടുള്ളത്.

പ്രവൃത്തി സംബന്ധിച്ച അപാകതകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. 21/8/19 ലെ ലെവൽ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ച മണ്ണിന്റെ അളവ് 806 M3 ആണ്. ഫൈനൽ ലെവൽ റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ കണ്ടില്ല. പക്ഷെ അളവുപുസ്തകം 219/19-20 പേജ് 2 പ്രകാരം 243m3 മണ്ണ് (ഇതിന്റെ അളവ് 20/11/19 ലാണ് എടുത്തത് ) പേജ് 63 പ്രകാരം 241 M3 മണ്ണും (ഇതിന്റെ അളവ് 25/4/20 ലാണ് എടുത്തത്.) ആണ് കുഴിച്ചെടുത്തിട്ടുള്ളത്. ഈ മണ്ണ് എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. ലെവൽ റിപ്പോർട്ടിൽ നിർദ്ദേശിച്ച അളവു പുസ്തകത്തിലെയും മണ്ണിന്റെ അളവ് തമ്മിൽ 322m3 (806-483) വ്യത്യാസമുണ്ട്. ഇത് സംബന്ധിച്ച് നൽകിയ 17/25.10.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മൊത്തം 653M3 മണ്ണ് കുഴിച്ചെടുത്തതായി 28/10/21ന് അറിയിച്ചിട്ടുണ്ട്. 167$M^3$ (653-486) അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഭരണസമിതിയുടെ 1/10/19ലെ മറ്റ് തീരുമാനങ്ങളിൽ ചാത്തൻ മാസ്റ്റർ നിർമാണത്തിലെ പ്രവൃത്തിയിലെ പ്രവൃത്തി നടന്ന സ്ഥലത്ത് മണ്ണ് നീക്കം ചെയ്തത് അനധികൃതമാണെങ്കിൽ ആയത് സംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ടെന്നും ചാത്തൻ മാസ്റ്റർ സ്കൂളിലേക്ക് മണ്ണ് കൊണ്ട് പോയത് ആണെങ്കിൽ എൻജിനീയറിങ് വിഭാഗം റിപ്പോർട്ട് നൽകണമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മണ്ണ് കുഴിച്ചെടുത്തത് സംബന്ധിച്ച ലെവൽ ഫീൽഡ് ബുക്ക് 5/18-19 പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലെവൽ ഫീൽഡ് ബുക്ക് തയ്യാറാക്കുന്നതിന് അനുസൃതമായി വേണം പ്രസ്തുത വിരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടത്, എന്നാൽ ലെവൽ ഫീൽഡ് ബുക്കിന്റെ അഭാവത്തിൽ കുഴിച്ചെടുത്ത മണ്ണ് ഏത് സമയത്താണ് എന്നുള്ളതിന്റെ കൃത്യത മനസ്സിലാക്കുവാൻ കഴിയുകയില്ല. മാത്രുവുമല്ല ചാത്തൻ മാസ്റ്റർ ഹാളിന്റെ നിർമ്മാണം 06.12.19ന് ആരംഭിച്ചതായാണ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തത്. എന്നാൽ മണ്ണ് നീക്കം ചെയ്തത് സംബന്ധിച്ചുള്ള 1/10/19 ലെ ഭരണസമിതി തീരുമാനത്തിന് ശേഷം മാത്രം കുഴിച്ചെടുത്ത മണ്ണിന്റെ അളവ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത് ആധികാരികമായ നടപടിയല്ല. സമയത്തിന്റെ കാര്യത്തിൽ തന്നെ പൊരുത്തക്കേട് ഉണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. കൂടിയ അളവിൽ മണ്ണ് കുഴിച്ചെടുത്താൽ ആ മണ്ണ് ലേലനടപടകൾക്കായി നഗരസഭാസെക്രട്ടറിക്ക് അളവുപരിശോധന കഴിഞ്ഞ ഉടനെ തന്നെ കൈമാറി ആയതിന്റെ രശീത് വാങ്ങി സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ കസ്റ്റഡിയിൽ സൂക്ഷിക്കുകയാണുണ്ടായത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കുഴിച്ചെടുത്ത മണ്ണ് കെട്ടിടത്തിന്റെ ഒരു വശത്ത് സൂക്ഷിച്ചതായും അതിൽ നിന്ന് ഫില്ലിങ്ങിനായി മണ്ണ് ഉപയോഗിച്ചിട്ടുണ്ടെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ യഥാർത്ഥ എസ്റ്റിമേറ്റിൽ ഫില്ലിങ്ങ് എന്ന ഇനം ഉൾപ്പെടുത്തിയിട്ടുമില്ല. ഇതിനായി പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയറിൽ നിന്നും സാങ്കേതിക അംഗീകാരം വാങ്ങിയിട്ടില്ല. യഥാർത്ഥ എസ്റ്റിമേറ്റിൽ കൂട്ടിചേർക്കലുകളോ, ഒഴിവുകളോ വരുകയാണെങ്കിൽ പ്രവൃത്തി പുരോഗമിക്കുന്നതിനോ പൂർത്തീകരിക്കുന്നതിനോ കാത്തുനിൽക്കാതെ പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി വാങ്ങണമെന്ന് 2012ലെ കേരള PWD മാന്വലിലെ 1601.1.6 നമ്പർ ഖണ്ഡികയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥ പാലിച്ചിട്ടില്ല. 27.10.21ലെ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ തറയിൽ ഫില്ലിങ്ങ് കഴിഞ്ഞിട്ടുള്ളതായി കണ്ടു.

ഒരു കെട്ടിട നിർമ്മാണ യൂണിറ്റിന് വേണ്ടി തയ്യാറാക്കുന്ന വിശദമായ എസ്റ്റിമേറ്റിൽ നിശ്ചിത നീളത്തിലും, വീതിയിലും, ആഴത്തിലും കുഴിച്ചെടുക്കുന്ന മണ്ണിന്റെ വിവരം പ്രതിഫലിക്കുന്നതിനാൽ, കുഴിച്ചെടുത്ത മണ്ണിന്റെയും ഫില്ലിങ്ങിനായി ഉപയോഗിക്കേണ്ടി വരുന്ന മണ്ണിന്റെയും അളവിൽ സുവ്യക്തത ഉണ്ടായിരിക്കും. കെട്ടിടം സംബന്ധിച്ചുള്ള ഡ്രോയിങ്ങുകളിൽ നിന്ന് തന്നെ അളവ് കണക്കാക്കാൻ കഴിയുന്നതാണ്. തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ, ഫില്ലിങ്ങിനുള്ള പ്രൊവിഷൻ രേഖപ്പെടുത്തണമെന്ന മാത്രമല്ല, പ്രൊവിഷൻ ഇല്ലാതെ നൽകുന്നത് ശരിയായ നടപടിയുമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത സംഭവിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3. 2/3/19 ൽ കോഴിക്കോട് നോർത്ത് സർക്കിൾ സൂപ്രണ്ടിങ് എൻജിനീയർക്ക് ചീഫ് എഞ്ചിനീയർ നൽകിയ DB7/1009/19/CE/LSGD നമ്പർ കത്തിലെ നാലാം നിബന്ധനയനുസരിച്ച് സൂപ്രണ്ടിങ് എൻജിനീയറുടെ പരിശോധനക്ക് ശേഷമേ കരാറുകാരന് തുക നൽകാവൂ എന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും (കരാറിലും ഇത് വ്യവസ്ഥ ചെയ്തിട്ടുണ്ട്) ഒരു ഭാഗികബിൽ നൽകുമ്പോഴും ഇത് പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ 17/25/10/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ പരിശോധിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. പക്ഷേ അഞ്ചാം ഭാഗിക ബില്ലിൽ പോലും ഇക്കാര്യം പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇതു

വരെ മാറി നൽകാത്ത 6-ാം ഭാഗിക ബിൽ മാത്രം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചിട്ടുണ്ട്.

4. കരാറുടമ്പടിയിൽ പിഴ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉൾപെടുത്തിയിട്ടില്ല. കരാറിലെ 7-ാം ഖണ്ഡികയിൽ ഇത് ഉൾപ്പെടുത്തിയതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ ഫയലിൽ കരാറിനൊപ്പം ഖണ്ഡികകൾ ഉള്ളടക്കം ചെയ്തതായി കണ്ടില്ല. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള വ്യവസ്ഥകൾ മാത്രമേ ഉള്ളടക്കം ചെയ്തിരുന്നുള്ളൂ.

5. 17/6/20 ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി മൂന്ന് ഘട്ടങ്ങളിലായി 14/12/21 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആദ്യ ആറുമാസം കരാർ ദീർഘിപ്പിച്ച് നൽകിയത് വെള്ളക്കെട്ട് മൂലം പൈലിങ് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല എന്നത് കൊണ്ടാണ്. തുടർന്ന് കോവിഡ് മൂലം അന്യ സംസ്ഥാനത്തൊഴിലാളികൾക്ക് വരുവാൻ കഴിഞ്ഞില്ല എന്നതിനാലും. നാട്ടിലെ തൊഴിലാളികൾക്ക് തന്നെ ചെയ്യാവുന്ന ഈ പ്രവൃത്തിക്കായി അന്യ സംസ്ഥാനത്തൊഴിലാളികളെ ആശ്രയിക്കേണ്ട കാര്യമില്ല. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുസരിച്ച് അനുബന്ധം 2000E ഫോറത്തിലുള്ള കരാർ വ്യവസ്ഥ ചെയ്യുകയായിരുന്നുവെങ്കിൽ കരാർ കാലാവധിയുടെ പകുതിയായ ആറു മാസം വരെയേ കരാർ ദീർഘിപ്പിച്ച് നൽകേണ്ടി വരുമായിരുന്നുള്ളൂ.

6. അനുബന്ധകരാറുകളൊന്നും തന്നെ പൂരിപ്പിച്ച് നൽകിയിട്ടില്ല. ഇത് ശരിയായ നടപടിക്രമമല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാരനെകൊണ്ട് അനുബന്ധകരാർ പൂരിപ്പിച്ച് വാങ്ങാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

26/10/21 ന് നഗരസഭയിലെ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ വളരെ കുറച്ച് മണ്ണ് മാത്രമേ നിർമിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് സമീപം കാണുവാൻ കഴിഞ്ഞുള്ളൂ. അത് തന്നെ പുൽപടർപ്പുകൾ പടർന്നുപിടിച്ച അവസ്ഥയിലുമായിരുന്നു. നല്ല ചുവന്നമണ്ണായിരുന്നു, ആയത് അളക്കാൻ പറ്റുന്ന അവസ്ഥയിൽ അട്ടിയിട്ടിരുന്നുമില്ല. ഒരുഭാഗം മണ്ണ് ഫില്ലിങിനായി ഉപയോഗിച്ചിട്ടുണ്ടാകുമെങ്കിലും എസ്റ്റിമേറ്റിൽ ഫില്ലിങ് എന്ന ഒരിനം വകയിരുത്താത്തത് തികഞ്ഞവൈരുദ്ധ്യവും അപാകതയുമാണ്. മരാമത്തു പ്രവൃത്തി സംബന്ധിച്ച നടപടിക്രമങ്ങളും, ഫയലുകളും സൂക്ഷിക്കുന്നതിൽ വളരെയധികം സുതാര്യവും, സൂക്ഷ്മതയും, കൃത്യതയും പുലർത്തേണ്ടത് അനിവാര്യമാണെന്ന് മേൽ സംഗതികൾ സൂചിപ്പിക്കുന്നു. മേൽ പറഞ്ഞ തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും സവിശേഷ ശ്രദ്ധ പുലർത്തിയാലേ, കുറ്റമറ്റ രീതിയിൽ പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ കഴിയൂ.

അപാകതകൾക്ക് വ്യക്തവും വിശദവുമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

2. ജനറൽ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് നിർമാണം

ഈ പ്രവൃത്തിയുടെ അളവുപുസ്തകം പേജ് 1 ൽ ഇനം 1 പ്രകാരം 61.355 M3 മണ്ണ് എന്ന് രേഖപ്പെടുത്തിയതല്ലാതെ ലേലനടപടികൾക്കായി കൈമാറിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 315/20 |
| അടങ്കൽ | 2000000, വികസനഫണ്ട് ജനറൽ |
| കരാറുകാരൻ | ടി.സി.സുനിൽകുമാർ |
| കരാർ | 97/17-19/31/3/18 |
| ബിൽ നമ്പർ, തുക | 5/17/7/19, 565512<br>2/24/4/20, 119481 |

അപാകതകൾ

1. കരാറിൽ കരാറുകാരനോ നി.ഉദ്യോഗസ്ഥനോ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല എന്നത് ശരിയായ നടപടിക്രമമല്ല.
2. ഇത് സംബന്ധിച്ച് നൽകിയ 17/25/10/2021 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ വിവരമറിയിച്ചിട്ടുണ്ടെന്നും കരാറുകാരനെകൊണ്ടു ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതായി സൂചിപ്പിച്ചു. മറുപടി 28.10.21ന് ലഭ്യമാക്കി കരാറുകാരൻ ഒപ്പ് രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭിച്ചിട്ടില്ല.

3. ചാത്തംകുളം വൃത്തിയാക്കലും സംരക്ഷണഭിത്തി കെട്ടലും

ഈ പ്രവൃത്തിയുടെ ഭാഗമായി അളവുപുസ്തകം 257/17 പേജ് 24ൽ 1484.40 M3 മണ്ണ് കുഴിച്ചെടുത്തത് കൗൺസിലർമാരുടെ നിർദേശപ്രകാരം കളത്തിന്റെ അരികിലായി നിക്ഷേപിച്ചതായി 23/2/19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷെ 14/5/18 ലെ 1/18-19 നമ്പർ ലെവൽ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ച മണ്ണ് 2973.194M3 ആണ്. ഫൈനൽ ലെവൽ എടുത്തതിന്റെ റിപ്പോർട്ട് ഫയലിൽ കണ്ടില്ല. കുഴിച്ചെടുത്ത മണ്ണ് ലേലനടപടിക്കായി കൈമാറിയതിന്റെ വിവരം ഇവിടെയും രേഖപ്പെടുത്തിയിട്ടില്ല.

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 303/20 |
| അടങ്കൽ | 2000000, CFC ഗ്രാന്റ് |
| കരാറുകാരൻ | ടി.സി.സുനിൽകുമാർ |
| ബിൽ നം. തുക | 1/11/6/19, 522942<br>2/11/6/19, 325627 |

| | |
|---|---|
| | 6/13/5/20, 522941 |

26/10/21 ന് നഗരസഭയിലെ അസി.എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ വളരെ കുറച്ച് മണ്ണേ കുളത്തിന്റെ സംരക്ഷണഭിത്തിയുടെ ഒരു ഭാഗത്ത് കാണാൻ കഴിഞ്ഞുള്ളൂ, അതാകട്ടെ അളക്കാൻ പറ്റുന്ന അവസ്ഥയിലുമല്ല. ഈ പ്രവ്യത്തിയിൽ ഫില്ലിങിനായി യാതൊരു മണ്ണും ഉപയോഗിച്ചിട്ടുമില്ല. കൗൺസിൽ നിർദ്ദേശ പ്രകാരം കുളത്തിന്റെ അരികിൽ നിക്ഷേപിച്ചതിനാൽ ലേല നടപടികൾ വേണ്ടി വന്നില്ല എന്ന മറുപടി തൃപ്തികരമല്ല. പ്രവ്യത്തിയുടെ എസ്റ്റിമേറ്റിൽ ഉണ്ടായിട്ടുണ്ടായിരുന്ന ഇന്റർ ലോക്കിങ് കട്ട വിരിക്കൽ ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ ഇതിനായി മണ്ണിന്റെ ആവശ്യകത രേഖപ്പെടുത്തിയിട്ടുമില്ല.

അപാകതകളുടെ കാരണം വ്യക്തമാക്കേണ്ടതാണ്.

4. ശാന്തിനഗർകുളം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ

ഈ പ്രവ്യത്തിയുടെ അളവുപുസ്തകം പേജ് ഒന്നിൽ 278 M3 മണ്ണും പേജ് മൂന്നിൽ 44.94M3 മണ്ണും പേജ് 11 ൽ 1.87M3 മണ്ണും കുഴിച്ചെടുത്തതായും 278M3 മണ്ണ് റോഡരികിലും കുളത്തിനരികിലും നിക്ഷേപിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവത്തിയുടെ എസ്റ്റിമേറ്റിലും മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിങ്ങോ മറ്റ് പ്രവ്യത്തികളോ ഉൾപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 456/20 |
| അടങ്കൽ | 750000 CFC ഗ്രന്റ് |
| കരാറുകാരൻ | ടി.സി.സുനിൽകുമാർ |
| അളവുപുസ്തകം | 144/18-19 |
| ബിൽ നമ്പർ. തുക | 4/17/7/19, 472844 |

മുകളിൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തികളിലെ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-84 ഈവനിങ് മാർക്കറ്റിൽ മലിനജല ട്രീറ്റ്മെന്റ് പ്ളാന്റ് നിർമാണം-കരാറുകാർ പിൻമാറി

4/12/19 ലെ 147/18-19 നമ്പർ പ്രകാരം അരീന ഹൈജനിക് സൊല്യൂഷൻസ് നടക്കാവ്, കോഴിക്കോട് എന്ന സ്ഥാപനം നഗരസഭാ എഞ്ചിനീയറുമായി ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനായി കരാർ ചമച്ചു. തുടർന്ന് 26/2/19 ന് വർക്ക് ഓർഡർ നല്കിയെങ്കിലും 26/3/19 ലെ അവരുടെ കത്ത് പ്രകാരം പ്രവ്യത്തി ചെയ്യാൻ കഴിയില്ല എന്ന് അറിയിച്ചു. തുടർന്ന് 20/6/19 ന് കരാറിൽനിന്ന് പിൻവാങ്ങുന്നതായും 29/8/19 ന് കരാർ തുകയുടെ (1999500 രൂപ ) 20% അധികം നൽകിയാൽ പ്രവ്യത്തി ചെയ്യാമെന്ന് അറിയിക്കുകയും ചെയ്തു. നിലവിലുള്ള ഡി.പി.ആർ പ്രകാരം സിവിൽ വർക്കുകൾ അധികമായതുകൊണ്ടാണ് കരാർനിരക്കിൽ പ്രവ്യത്തി ചെയ്യാൻ കഴിയില്ല എന്ന് അറിയിച്ചത്. അൾട്ടാടെക് എൻവയോൺമെന്റ് കൺസൾട്ടന്റ് ആന്റ് ലബോറട്ടറി 27/8/18 ന് സമർപ്പിച്ച ഡി.പി.ആർ. ടെൻഡർ ഷഡ്യൂളിൽ ഉൾപ്പെടുത്താതെയാണ് 24/10/18 ന് ഇ-ടെൻഡറും 29/12/18 ന് കൊട്ടേഷനും നടത്തിയത്. മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. ശുചിത്വമിഷൻ നൽകിയ സാ. അനുമതി 802/G/18/CM/6/9/18 പ്രകാരം 1772000 രൂപയിൽ കൂടുതൽ തുക ചെലവഴിക്കരുതെന്ന് നിർദേശിച്ചെങ്കിലും ഇ-ടെന്ററിലും കൊട്ടേഷനിലും 20 ലക്ഷം രൂപയാണ് അടങ്കൽ കാണിച്ചത്.

2. കരാറിലെ അവസാന നിബന്ധന തർക്കങ്ങൾ ഏത് കോടതിയിൽ പരിഹരിക്കണമെന്നുള്ളതാണ്. കോടതിയുടെ പേര് കരാറിൽ രേഖപ്പെടുത്താത്തത് ഭാവിയിൽ നിയമനടപടികൾക്ക് തടസ്സമുണ്ടാക്കും.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2116.2 ഖണ്ഡിക അനുസരിച്ച് കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തൊട്ടടുത്ത കരാറുകരനെകൊണ്ട് പ്രവ്യത്തി ചെയ്യിക്കേണ്ടതും പിൻവാങ്ങിയ കരാറുകാരന്റെ ഡെപ്പോസിറ്റ് കണ്ടുകെട്ടി, പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ് (ഖണ്ഡിക 2116.6 ). ടെണ്ടർ റി ടെണ്ടർ നടത്തി. ആരും പങ്കെടുക്കാത്തതിനാൽ 29/12/18 ന് നടത്തിയ ക്വൊട്ടേഷനിൽ കരാറുകാരനെ കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രിയൽ കമ്പനി 2094500/- രൂപ നിരക്കിലാണ് ക്വാട്ട് ചെയ്തത്.

ഇത് സംബന്ധിച്ച് നൽകിയ 17/25/10/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ വിവരം അറിയിച്ചിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

## 1-85 അസി.എൻജിനീയർ നിർവഹണം - കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

പുത്തൻവെട്ടുവഴി ഡ്രയിൻ നിർമാണം എന്ന പ്രൊജക്റ്റിന്റെ ഭാഗമായി ഇനം ഒന്ന് പ്രകാരം 112.264m3 മണ്ണ് കുഴിച്ചെടുത്തതായി അളവുപുസ്തകം 11/18-19 പേജ് മൂന്നിലും 141.708m3 മണ്ണ് കുഴിച്ചെടുത്തതായി പേജ് 23 ലു രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തം കുഴിച്ചെടുത്ത 253.972m3 മണ്ണ്

എന്ത് ചെയ്തു എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 448/20 |
| അടങ്കൽ | 1400000 |
| ഫണ്ട് | റോഡ് സംരക്ഷണ ഗ്രാന്റ് |
| കരാറുകാരൻ | മുരളി.പി.എൻ |
| കരാർ | 8/19-20/1/11/19 |
| ബിൽ നം, തുക | 81/31/1/20, 486367 |

മേൽപ്പറഞ്ഞ മണ്ണ് ലേലം ചെയ്ത് ലേലതുക നഗരസഭാ ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കണം എന്നുള്ള 17/25/10/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പാർശ്വഭിത്തി കെട്ടിക്കഴിഞ്ഞ് ശേഷിക്കുന്ന ഭാഗത്ത് കോംപാക്ട് ബാക്ക് ഫില്ലിങ്ങ് ഉപയോഗിച്ചിട്ടുണ്ട്, ആയത് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഓഡിറ്റിന് സമർപ്പിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ എസ്റ്റിമേറ്റിൽ ഫില്ലിങ്ങിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ മണ്ണ് കോംപാക്ട് ബാക്ക് ഫില്ലിങ്ങിന് ഉപയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. മണ്ണിന്റെ വിനിയോഗം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി ലഭിച്ച ശേഷം അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തി സമർപ്പിക്കുന്നത് ഉചിതമായ രീതിയല്ല. എസ്റ്റിമേറ്റിൽ പ്രൊവിഷനുള്ള എല്ലാ ഇനങ്ങളും യഥാസമയം തന്നെ രേഖപ്പെടുത്തി ആധികാരികമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-86 അസി.എൻജിനീയർ നിർവഹണം - പരിഷ്കരിച്ച അടങ്കൽ തയ്യാറാക്കി സമർപ്പിച്ചത് - കെ.പി.ഡബ്ളിയു.ഡി. മാന്വൽ നിബന്ധന പാലിച്ചിട്ടില്ല

നിലവിലുള്ള എസ്റ്റിമേറ്റിനേക്കാൾ അഞ്ച് ശതമാനത്തിലേറെ വർധനവ് വരികയാണെങ്കിൽ KPWD മാന്വൽ ഖണ്ഡിക 1601.1.6 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ, പുരോഗമിക്കുന്നതിന് മുന്നേ തന്നെ പരിഷ്കരിച്ച അടങ്കൽ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രവൃത്തി | 41 നമ്പർ അംഗണവാടി പ്ലംബിങ്, 45 നമ്പർ അംഗണവാടി ട്രസ് വർക്ക് |
| ഫയൽ നം | PW1-10818/18 |
| ആദ്യ അടങ്കൽ | 150000 |
| പരിഷ്കരിച്ച അടങ്കൽ | 188764 |
| കരാറുകാരൻ | കെ.എ,ഗോപകുമാർ |
| കരാർ | 90/18-19/8/10/18 |
| അളവുപുസ്തകം | 280/17 |
| പ്രവൃത്തി പൂർത്തീകരണം | 28/12/18 |

| | |
|---|---|
| ചെലവ് തുക | 38828 |

15/1/19 ലെ സാ.അനുമതി നമ്പർ LSGD/TS/18-19/46108 ൽ നഗരസഭാ എൻജിനീയർ ഒപ്പ് രേഖപ്പെടുത്തിക്കണ്ടില്ല.

2.

| | |
|---|---|
| പ്രവൃത്തി | 33,13 നമ്പർ അംഗണവാടി അറ്റകുറ്റപ്പണി |
| ഫയൽ നം. | PW1-10808/18 |
| ആദ്യ അടങ്കൽ | 750000 |
| പരിഷ്കരിച്ച അടങ്കൽ | 838307 |
| ,, സാ. അനുമതി | LSGD/TS/2018-19/64685A /7/12/18 |
| കരാറുകാരൻ | ഇ.എൻ.വിനോദ് കുമാർ |
| കരാർ | നമ്പർ ഇല്ല/7/8/18 |
| അളവുപുസ്തകം | 284/17. 286/17 |
| പ്രവൃത്തി പൂർത്തീകരണം | 21/11/18 |
| ബിൽ നം, തുക | 98/18/12/18, 838357<br>16/17/8/19, 120326 |

മേൽപറഞ്ഞ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കുവാനായി നൽകിയ 41/20/10/21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമാണ് അളവിൽ വന്ന മാറ്റങ്ങൾ മനസിലാക്കാൻ കഴിഞ്ഞതെന്നും അപാകത ഭാവിയിൽ ആവർത്തിക്കില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തിയിൽ വ്യതിചലനങ്ങൾ വരുന്ന പക്ഷം ആയത് കരാറുകാരന്റെ രേഖാമൂലമുള്ള സമർപ്പണം വാങ്ങി വേണം തുടർ നടപടികൾ സ്വീകരിക്കേണ്ടത്. മേൽ പ്രവൃത്തികളുടെ അഭാവത്തിൽ ഇത് പാലിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-87 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല നിർവഹണോദ്യോഗസ്ഥൻ ആയ നഗരസഭാ എൻജിനീയർ, അസി.എൻജിനീയർ എന്നിവർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. മാന്വൽ ഖണ്ഡിക 2010 അനുസരിച്ച് അനുബന്ധം 2000E ഫോറത്തിലുള്ള കരാറാണ് ചമക്കേണ്ടത്.

കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്. പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിബന്ധനകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-88 പ്രൈസ് സോഫ്റ്റ് വെയറിൽ അധിക ഓവർഹെഡ് ചാർജ് തയ്യാറാക്കുന്നതുമൂലം അധികച്ചെലവ്

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/14 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധിക തുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-89 കുഴിച്ചെടുത്ത മണ്ണ് യഥാസമയം ലേലം ചെയ്യാത്തതിനാൽ നീക്കം ചെയ്യാൻ തുക ചെലവഴിക്കേണ്ടി വന്നു.

മേൽപറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഫയൽ നം | PW1- 7398/18 |
| പ്രവൃത്തി | ആയുർവേദാശുപത്രി ഐ.പി.ബ്ളോക്ക് പൊളിച്ചുമാറ്റിയതിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്യൽ |
| കൊട്ടേഷൻ സ്വീകരിച്ച തീയ്യതി | 18/6/19 |
| കരാറുകാരൻ | എൻ.ഡി.ജോസ് |
| അളവുപുസ്തകം | 175/18-19 |
| വൗച്ചർ നം | 331-5-20/6/5/20 |
| ചെക്ക് നമ്പർ, തുക | 863230,231, 232/6/5/20, 49071 രൂപ, 501 രൂപ 501 രൂപ |
| പ്രവൃത്തി പൂർത്തീകരണം | 17/7/19 |

നഗരസഭയിലെ ഗവ.ആയുർവേദാശുപത്രിയിലെ ഐ.പി.ബ്ളോക്ക് പൊളിച്ച പണിയുന്നതിന്റെ ഭാഗമായി, തുടർനിർമാണപ്രവൃത്തികൾ സുഗമമായി നടത്തുന്നതിനായി, കുഴിച്ചെടുത്ത മണ്ണ് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് മെഡിക്കൽ ഓഫീസർ C 71 നമ്പർ പ്രകാരം 16/8/17, 22/1/18 തീയ്യതികളിൽ കത്ത് നൽകിയിരുന്നു. എന്നാൽ നടപടികൾ സ്വീകരിക്കാത്തത് മൂലം 16/5/18ന് C71/18 പ്രകാരം വീണ്ടും കത്ത് നൽകി – രശീതി നമ്പർ-7698/16/5/18. എന്നാൽ ഈ കത്ത് മരാമത്ത് വിഭാഗത്തിൽ എത്തുന്നത് 10/3/19 ൽ മാത്രമാണ്. ആദ്യ രണ്ട് കത്തുകൾ ഫയലിൽ കണ്ടില്ല. 6/5/18 ൽ നൽകിയ കത്തിൽ ആവശ്യപ്പെട്ടപ്രകാരമാണ് മണ്ണ് ആറ് കി.മീറ്റർ അകലത്തിൽ കൊണ്ടു പോയി നിക്ഷേപിച്ചത്. എവിടെയാണ് മണ്ണ് നിക്ഷേപിച്ചതെന്ന വിവരം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 225.36m3 മണ്ണാണ് ഇപ്രകാരം നീക്കം ചെയ്ത് നിക്ഷേപിച്ചത്.

ഈ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുവാൻ അപ്പോൾ തന്നെ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ നഗരസഭക്ക് അത് മുതൽക്കൂട്ടായി മാറുമായിരുന്നു. ആദ്യത്തെ കത്ത് ലഭിച്ച് ഒരു വർഷം പതിനൊന്ന് മാസം സമയമെടുത്താണ് മണ്ണ് നീക്കം ചെയ്തിട്ടുള്ളത്. മണ്ണ് ലേലം ചെയ്താൽ നഗരസഭക്ക് കിട്ടുമായിരുന്ന വരുമാനം നഷ്ടപ്പെടുക മാത്രമല്ല, മണ്ണ് നീക്കം ചെയ്യാൻ നഗരസഭക്ക് പണം ചെലവഴിക്കേണ്ടി വരികയും ചെയ്തു.

ഇത് സംബന്ധിച്ച നൽകിയ 55/26/10/2021 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 2018ലെ പ്രളയത്തിനു ശേഷം നഗരസഭയിലെ ചേരി നിവാസികളുടെ ഫ്ലാറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തുള്ള വെള്ളക്കെട്ട് പരിഹരിക്കുവാനായി ഉപയോഗിച്ചു എന്നാണ്. അങ്ങനെയെങ്കിൽ ഇത് വളരെ നേരത്തെ തന്നെ ചെയ്തു തീർക്കാമായിരുന്ന ഒന്നാണ്. കാരണം മണ്ണ് നീക്കം ചെയ്യുന്നതിനായി ചീഫ് മെഡിക്കൽ ഓഫീസർ 10.05.2018 നം അതിന് മുമ്പും കത്തുകൾ നൽകിയിട്ടുണ്ട്. മാത്രമല്ല, ചേരിനിവാസികളുടെ അപേക്ഷ, കൗൺസിലുകളുടെ ശുപാർശ എന്നീ കറസ്പോണ്ടൻസുകളൊന്നും തന്നെ ഫയലിലില്ല. ഫ്ലാറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിക്ഷേപിച്ചതായി അളവുപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. നിക്ഷേപിക്കുന്ന മണ്ണ് സ്വകാര്യ വ്യക്തികളുടെ പറമ്പിലായാൽ പോലും ആയത് അളവു പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

നടപടിക്രമങ്ങളിലും രേഖകളുടെ സൂക്ഷിപ്പിലും ആധികാരികതയും സൂക്ഷ്മതയും പുലർത്തുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം തെറ്റായ പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനും, നഗരസഭയുടെ ഇത്തരം ആസ്തികളുടെ കാര്യത്തിൽ ചട്ടലമായ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-90 മോണിറ്ററിങ് റിപ്പോർട്ട് ഫയലിലില്ല, വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി രേഖപ്പെടുത്തലുകളില്ല

13 ാം പദ്ധതി മാർഗരേഖയിലെ (സ.ഉ. (കൈ) 17/18/ത.സ്വ.ഭ.വ.തിരുവനന്തപുരം തീയ്യതി 20/1/18) 13.1 ഖണ്ഡിക അനുസരിച്ച് അതാതു വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തണമെന്ന് നിർദേശിക്കുന്നുണ്ട്. പ ദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് ഗ്രൂപ്പ് ആയി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും സമർപ്പിക്കേണ്ടതുമാണ്.

പക്ഷേ നഗരസഭാ എൻജിനീയർ നി.ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒരു മരാമത്ത് പ്രൊജക്റ്റിന്റെയും ഫയലിനൊപ്പവും മോണിറ്ററിങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, മോണിറ്ററിങ് നടത്തിയതിന്റെ വിവരം വർക്കിങ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

വർക്കിങ് ഗ്രൂപ്പുകൾ അവർക്ക് നിക്ഷിപ്തമായ ചുമതലകൾ ആധികാരികമായി നിർവഹിക്കുവാൻ പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-91 പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

നഗരസഭയിലെ അസി.എൻജിനീയർ നി.ഉദ്യോഗസ്ഥനായി തൻവർഷം 308 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 175 (56.82% ) പ്രൊജക്റ്റുകൾക്ക് വേണ്ടിയാണ് തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. 154164270 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 42595672 (27.63%) രൂപ ചെലവഴിച്ചിട്ടുള്ളത് തൻവർഷം പദ്ധതി പ്രവർത്തനത്തിൽ ശരാശരി ചലനമേ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് വ്യക്തമാക്കുന്നു. ആവിഷ്കരിക്കുന്ന മുഴുവൻ പ്രൊക്ടുകൾക്ക് വേണ്ടി പരമാവധി തുകയും ചെലവഴിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭാ എൻജിനീയർ നി.ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 26 പ്രൊജക്റ്റുകളിൽ തൻവർഷം 8 പ്രൊജക്റ്റുകൾക്ക് വേണ്ടി മാത്രമാണ് തുക ചെലവിട്ടത്. 77142812 രൂപയുടെ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 69577835 രൂപ മാത്രമാണ് ചെലവിട്ടത്. കേവലം പത്ത് ശതമാനം തുക പോലും തൻവർഷം ചെലവിട്ടിട്ടില്ല. വരും വർഷങ്ങളിൽ കൂടുതൽ ശുഷ്കാന്തിയോടെ പദ്ധതി പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിച്ചാലേ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിയൂ. ഇക്കാര്യം നി.ഉദ്യോഗസ്ഥനും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.(3.08%)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 ആദായനികുതി ക്വാർട്ടേർലി സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി ഫയൽ ചെയ്യുന്നതിൽ കാലതാമസ വരുത്തിയതിന് ഫൈൻ അടവാക്കൽ - മുൻസിപ്പൽഫണ്ടിന് നഷ്ടം വന്ന 6170/-രൂപ തിരികെ ഈടാക്കേണ്ടതാണ്

2018-19,2019-20വർഷങ്ങളിൽ 27EQ,Q4 സ്റ്റേറ്റ്മെന്റുകൾ സമയബന്ധിതമായി ഫയൽ ചെയ്യാതിരുന്നതിനാൽ ലേറ്റ് ഫീ ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ടാക്സ് ഫയൽ ചെയ്യാതിരുന്ന സാമ്പത്തിക വർഷം | ഇൻകംടാക്സ് വകുപ്പിന്റെ റഫറൻസ് നമ്പർ | ലേറ്റ് ഫീ ഇനത്തിൽ അടവാക്കിയ തുക | ചെക്ക് നമ്പർ/ തീയ്യതി |
|---|---|---|---|
| 2018-19 | TDS/1819 /27EQ/1000033717047 /2.6.2019 | 3100 | 693957/31.8.19 |
| 2019-20 | TDS/1920 /27EQ/10000347673762 /6.8.2019 | 3070 | 863049/25.2.2019 |
| ആകെ | | 6170 | |

മേൽപ്രകാരം ടാക്സ് റിട്ടേൺ സമയബന്ധിതമായി ഫയൽ ചെയ്യാതിരുനിനതിനാൽ ലേറ്റ് ഫീ അടവാക്കുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 6170/- രൂപ ഈടാക്കി മുൻസിപ്പൽഫണ്ടിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട സെക്ഷനുകളും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 ടെണ്ടർ നടപടിക്രമങ്ങളിലെ ന്യൂനതകൾ-1,10,034 രൂപയുടെ നഷ്ടം- തുക നിർവ്വഹണോദ്യഗസ്ഥനിൽ നിന്ന് ഈടാക്കണം.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | വൌച്ചർ നമ്പർ | ശീർഷകം | തുക നല്കിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|---|---|
| 324/19- അംബേദ്കർ | 2 | 14/5/19 | 103328 | 21900559 | 251102002 Arts,Culture,Sports | ഫിഡ്കോ ഏജൻസീസ്- ന് ബിൽ |

| | | | | | | |
|---|---|---|---|---|---|---|
| സാംസ്കാരിക നിലയത്തിലേക്ക് ഫർണിച്ചർ (ഫയൽ G4/6864/18) | | | | | And Youth Welfare-Infrastructure-SCP | 633 തീ 26/3/19 നല്കിയത്.ഫാൻ 18,കസേര 100,റ്റ്യൂബ് 18, ഫാൻ റോഡ് 18,സ്റ്റീൽ ടേബിൾ 1 എന്നിവ സപ്ലൈ ചെയ്തതിന് നല്കിയ തുക |
| | 17 | 30/7/19 | 152282 | 21900553 | “” | ഫിഡ്കോ ബിൽ 1.FE/19-20/031 തീ 22/6/19 അലമാര 1- 21442 രൂപ , 2.FE/19-20/030 തീ 21/6/19 ഡൈനിംഗ് ടേബിൾ സ്റ്റീൽ 20- 130840 രൂപ ആകെ 152282 |
| | 24 | 11/10/19 | 5200 | 21901272 | “” | ഇലക്ട്രിക് വർക് ലേബർ ചാർജ്ജ്, സാധനങ്ങൾ വാങ്ങിയത് എന്നിവയുടെ ചാർജ്ജ് കൌൺസിലർ ശ്രീ പി എം രമേഷ് കുമാർ ചെലവഴിച്ചത് തിരികെ നല്കിയത്. |

മേൽ സാധനങ്ങൾ വാങ്ങുന്നതിന് 1/2/19 ന് നഗരസഭ ടെണ്ടർ വിളിച്ചിട്ടുണ്ട്.അടങ്കൽ തുക 3,00,000 രൂപയാണ്. ടെണ്ടർ ഫോറം വില 1000 രൂപ + ജി എസ് ടി 12% , ഇ.എം.ഡി 1% എന്നിങ്ങനെയാണ് പരസ്യം ചെയ്തിട്ടുള്ളത്.സാധനങ്ങൾക്ക് കുറവ് നിരക്ക് ക്വാട്ട് ചെയ്തത് ഇംപാക്റ്റ് എന്റർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനമാണ്.എന്നാൽ 25/2/19 ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി ഈ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം ഹാജരാക്കിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്നും ഫിഡ്കോ എന്റർപ്രൈസസ് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങളാണ് ഹാജരാക്കിയതെന്നും വിലയിരുത്തിയെന്നും ഫയലിലും കൌൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഫിഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന് കൌൺസിൽ തീരുമാനമെടുക്കുകയും ചെയ്തു.(27/2/19 ലെ 25 നമ്പർ തീരുമാനം).ഇതനുസരിച്ച് 7/3/19 ൽ സപ്ലൈ ഓർഡർ നല്കി സാധനങ്ങൾ സപ്ലൈ ചെയ്യുകയും തുക നല്കുകയും ചെയ്തു.ഇതിന് പുറമെ ഇവ ഫിറ്റ് ചെയ്യുന്നതിനായി 5200 രൂപയും ചെലവഴിച്ചു.

ഈ പ്രോജക്റ്റ് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അംബേദ്കർ സാംസ്കാരിക നിലയത്തിലേക്ക് സാധനങ്ങൾ വാങ്ങുന്നതിനും അത് ഫിറ്റ് ചെയ്യുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് അടങ്കൽ തുകയിലേക്ക് കണക്കാക്കിയിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂളിൽ ഓരോ ഇനങ്ങളും എത്ര എണ്ണം വീതം സപ്ലൈ ചെയ്യേണ്ടി വരും (Quantity) എന്ന് രേഖപ്പെടുത്തിയിട്ടില്ല.ഇത് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.34(i) ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. മാത്രമല്ല ഈ വിവരങ്ങളുടെ അഭാവം ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിനെയും ക്വാട്ട് ചെയ്യുന്ന നിരക്കിനേയും ബാധിക്കുന്ന ഘടകമാണ്.

അടങ്കൽ തുക പ്രകാരം എത്ര എണ്ണം വാങ്ങാൻ സാധിക്കും എന്ന് വ്യക്തതയില്ലാത്തതിനാലാണ് എണ്ണം ടെണ്ടറിൽ രേഖപ്പെടുത്താതിരുന്നതെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത് ശരിയല്ല.കൃത്യമായ ആവശ്യകത കണക്കാക്കേണ്ടിയിരുന്നതും മാർക്കറ്റ് നിരക്ക് അനുസരിച്ച് അടങ്കൽ തുക നിശ്ചയിക്കാവുന്നതുമാണ്

2.വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ പ്രതീക്ഷിക്കുന്ന ഗുണനിലവാര സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല(ഉദാ-ISI,BIS, സ്റ്റീൽ ഇനങ്ങൾക്ക് ഗേജ് എന്നിവ ).പകരം ഏതാനും ഇനങ്ങളുടെ ബ്രാന്റും കളറും രേഖപ്പെടുത്തിയിരിക്കുന്നു.(ഉഷാ ഫാൻ,ഫിലിപ്സ് LED, ഫിലിപ്സ് ട്യൂബ് സെറ്റ്,അലമാര ഗോദറെജ് .)ബ്രാന്റ് പേര് ചേർത്തപ്പോൾ " ഈ ബ്രാന്റ് അല്ലെങ്കിൽ തത്തുല്യമായത് " എന്ന് ചേർത്തിട്ടില്ല.ഇത് സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 4.1 ലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

3..25/2/19 ന് ചേർന്ന പ്രോക്യൂർമെന്റ് കമ്മിറ്റി ഈ സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം ഹാജരാക്കിയ സാധനങ്ങൾ ഗുണനിലവാരം ഇല്ലാത്തതാണെന്നും രണ്ടാമതായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസ് ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങളാണ് ഹാജരാക്കിയതെന്നും വിലയിരുത്തിയെന്നും ഫയലിലും കൌൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ,

എ) 25/2/19 ന് കൂടിയ പ്രോക്യൂർമെന്റ് കമ്മിറ്റി ഈ വിഷയം പരിഗണിച്ചതായി കാണുന്നില്ല.(പ്രോക്യൂർമെനന്റ് കമ്മിറ്റി മിനുട്ട്സ് പേജ് 75,76 .മിനുട്ട്സിന്റെ ശരിപകർപ്പ് ഓഡിറ്റ് നടക്കുന്ന കാലയളവിലെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റ് തെളിവായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.).അന്ന് ചേർന്ന കമ്മിറ്റി പരിഗണിച്ചത് സ്പോർട്സ് സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ്.അന്നത്തെ കമ്മിറ്റി മേൽ പ്രോജക്റ്റിന്റെ സാമ്പിളുകൾ പരിശോധിച്ചതായി കാണുന്നില്ല. (ഈ മീറ്റിംഗിന് മുമ്പ് 24/1/19 നം

ശേഷം 10/7/19 നമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്) .കമ്മിറ്റി മിനുട്ട്സിൽ ഇല്ലാത്ത തീരുമാനം ഫയലിലും കൌൺസിൽ അജണ്ട കുറിപ്പിലും രേഖപ്പെടുത്തിയതായി കാണുന്നു.അതിന്റെ അടിസ്ഥാനത്തിൽ കൌൺസിൽ തീരുമാനമെടുത്തതായും കാണുന്നു. കമ്മിറ്റി കൂടിയെന്നും എന്നാൽ മിനുട്ട്സ് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.ഇത് അംഗീകരിക്കാവുന്ന മറുപടിയല്ല.രേഖപ്പെടുത്താത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ,രേഖാമൂലം കൌൺസിലിന് അജണ്ടകുറിപ്പ് തയ്യാറാക്കി നല്കിയിരിക്കുന്നത്.

ബി).കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ടെണ്ടർ ഗുണമേന്മ കുറഞ്ഞാലോ മറ്റ് കാരണങ്ങളാലോ നിരസിക്കുന്നതിന് കൌൺസിലിന് അധികാരമുണ്ട്.എന്നാൽ മേൽ പ്രകാരം പ്രോക്യുർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിൽ തന്നെ വ്യക്തമായ ഗുണനിലവാര സ്പെസിഫിക്കേഷൻ ടെണ്ടറിൽ രേഖപ്പെടുത്താതെ, ഏത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ,വിദഗ്ദ അംഗങ്ങളുടെ അഭാവത്തിൽ ,സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതെന്ന് വ്യക്തമല്ല.വ്യക്തമായ സ്പെസിഫിക്കേഷന്റെ അഭാവത്തിൽ ഫിഡ്കോ തന്നെ സമർപ്പിച്ച ഓരോ ഇനത്തിലുമുള്ള വ്യത്യസ്ത നിരക്കിലുള്ള സാധനങ്ങളിൽ ഒരു പ്രത്യേക ഇനം തെരെഞ്ഞെടുത്തത് എപ്രകാരമാണെന്നോ ആരാണെന്നോ വ്യക്തമല്ല. (തെരഞ്ഞെടുത്ത ഫാനിന്റെ നിരക്ക് 2222 എന്നുള്ളത് പച്ച മഷിക്ക് വെട്ടി 2100 രൂപ എന്നും തിരുത്തിയിട്ടുണ്ട്.ഇത് നെഗോഷ്യേറ്റ് ചെയ്തതിന്റെ ഭാഗമായി കുറഞ്ഞനിരക്ക് സെക്രട്ടറി രേഖപ്പെടുത്തിയതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സൂപ്രണ്ട് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.) ഓരോ ഇനത്തിന്റെയും ഗുണമേന്മ നോക്കി തെരെഞ്ഞെടുത്തുവെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

മേൽ പ്രകാരം തീരുമാനങ്ങൾ ഇല്ലാത്തപക്ഷം മുനിസിപ്പൽ ഫണ്ടിന് 1,10,034രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്

| സാധനങ്ങൾ | വാങ്ങിയ എണ്ണം | ഫിഡ്കോ നിരക്ക് | തുക | ഇപാക്റ്റ് നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|---|
| Armless Chair (Fibre)475 X528x513 Mm | 100 | 492 | 49200 | 319 | 31900 | 17300 |
| Steel Frame SS Dining Table | 20 | 6542 | 130840 | 2830 | 56600 | 74240 |
| Fan | 18 | 2100 | 37800 | 1540 | 27720 | 10080 |
| Tube Set | 18 | 355 | 6390 | 320 | 5760 | 630 |
| LED Bulb | 10 | -- | -- | 84 | -- | --- |
| Fan Rod | 18 | 222 | 3996 | 48 | 864 | 3132 |
| Steel Table | 1 | 5942 | 5942 | 9900 | --- | ---- |
| Almarah | 1 | 21442 | 21442 | 16790 | 16790 | 4652 |
| | | | 255610 | | 139634 | 110034 |

പ്രോക്യുർമെന്റ് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെയും വിദഗ്ദ്ധ അംഗത്തിന്റെ പരിശോധന ഇല്ലാതെയും ടെണ്ടറിൽ വ്യക്തമായ ഗുണമേന്മ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ സാമ്പിളുകൾ ലഭിച്ച സമയത്ത് അടിസ്ഥാന മാനദണ്ഡങ്ങൾ ഇല്ലാതെ രണ്ടാമത് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിനാൽ കൂടുതലായി ചെലവായ തുക 110034 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഈ തുക നിർവ്വഹണോദ്യഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

4.തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള പ്രോക്യുർമെന്റ് മാർഗരേഖപ്രകാരം 10,00,000 വരെയുള്ള വാങ്ങലുകൾക്ക് 200 രൂപയാണ് ടെണ്ടർ ഫീ. കൂടുതൽ തുകയായ 1000 രൂപ ടെണ്ടർ ഫീ ഈടാക്കുന്നതും ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിനെയും ക്വാട്ട് ചെയ്യുന്ന നിരക്കിനേയും ബാധിക്കുന്ന ഘടകമാണ്.

5.ഇലക്ട്രിക് ജോലികൾ എസ്റ്റിമേറ്റ് ഇല്ലാതെ നടത്തുകയും വാല്യുവേഷൻ ഇല്ലാതെ 5,200 രൂപ നല്കുകയും ചെയ്തു.വയറിംഗ് ഉൾപ്പെടെയുള്ള പ്രവ്യത്തികളാണ് നിർവ്വഹിച്ചിരിക്കുന്നത് .ഇത് വാങ്ങിയതിന്റെ 1200 രൂപയുടെ ബില്ല് ഹാജരാക്കിയിട്ടുണ്ട്. നേരിട്ടാണ് പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നതെങ്കിലും മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല.ബന്ധപ്പെട്ട ഓവർസിയർ റിപ്പോർട്ട് ചെയ്തുവെന്ന് ഫയലിൽ പരാമർശിക്കുന്നുണ്ട്.എന്നാൽ ഓവർസീയറുടെ റിപ്പോർട്ട് ഫയലിൽ ഇല്ല ,ഇലക്ട്രിക് പ്രവൃത്തികൾ സാക്ഷ്യപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റിയിൽ ഈ വിഭാഗത്തിലുള്ള ജീവനക്കാർ ഉണ്ടോയെന്ന് വ്യക്തമല്ല.ക്ഷമതയുള്ള ഉദ്യോഗസ്ഥർ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മേൽനോട്ടം വഹിക്കുകയോ പ്രവൃത്തി അളവെടുക്കുകയോ മൂല്യനിർണയം നടത്തുകയോ സുരക്ഷിതത്വം ഉറപ്പാക്കുകയോ ചെയ്തതായി ഫയലിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം ഉറപ്പാക്കാനാകുന്നില്ല.

6.മേൽ പ്രവൃത്തികൾ പ്രകാരം ഫർണിച്ചർ,ഇലക്ട്രിക്സാധനങ്ങൾ വാങ്ങൽ അവ ഫിറ്റ് ചെയ്യൽ എന്നിവയുടെ ചെലവാണ് നടത്തിയിരിക്കുന്നത്.ഇത് "251102002 -Arts,Culture,Sports And Youth Welfare-Infrastructure- SCP" എന്ന റവന്യൂ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുന്ന രീതിയിൽ "410700100-Furnitture,fixtures,Fittings & Electricals Appliances" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.2021-22 വർഷത്തിൽ ഇത് സംബന്ധിച്ച് തിരുത്തൽ എൻട്രി നടത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10 തീ 22/10/21)

## 3-3 നഗരസഭ ഓഫീസ് കണ്ടിജന്റ് ഡ്രസ് ചേഞ്ചിങ്ങ് റൂം-പിഴ 27874/- ഈടാക്കിയിട്ടില്ല.

പദ്ധതി നം . 346/20

വകയിരുത്തിയ തുക 400000

പ്രോജക്റ്റ് നം. 346/20

M.B.No.285/19, 5/19-20

കരാറുകാരൻ- കെ.എൽ. വർഗ്ഗീസ്.

ആകെ പ്രവൃത്തി മൂല്യം 382075.93

എഗ്രിമെന്റ് നമ്പർ /തിയതി നം ഇല്ല തിയതി 28.3.18

T.S No. 93068/17-18/12.12.17

ഫൈനൽ ബിൽ 290912/-വൗച്ചർ.നം.21902421/25.01.2020

2017-18 വർഷത്തെ പ്രോജക്ടിലെ നഗരസഭ ഓഫീസ് കണ്ടിജന്റ് റൂം പൂർത്തീകരിച്ചിട്ടുള്ളത് 2019-20 വർഷത്തിലാണ്. 28.3.2018 ൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തി (6 മാസം കൊണ്ട്) 27.09.2018 ന് പൂർത്തീകരിക്കാണ്ടതായിരുന്നു. എന്നാൽ 4-1-2020 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 27.11.18 ൽ ഫസ്റ്റ് പാർട് ബിൽ നല്കിയെങ്കിലും പിന്നീട് പ്രവൃത്തി ചെയ്യാത്ത അവസ്ഥയാലായിരുന്നു. 23-7-2019ൽ കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പൂർത്തീകിക്കേണ്ട തിയ്യതി -27.09.18

20% സമയം അനുവദിക്കുമ്പോൾ 03.11.18

03-11-18 To 2.2.19 -1%

03.02.19-02.05.19 -2%

03.05.19 -02.08.19-2%

03-08.19-02.11.19 -2%

ആകെ -7%

കരാർ തുക -398196/-*7%= 27874/-

39/26.10.21 ഓഡിറ്റ് എൻക്വയറി നൽകിയതിന് കരാറുകാരനിൽ നിന്നും തുക

ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പിഴയിനത്തിൽ കുറവ് ചെയ്യാതെ കരാറുകാരന് അധികം നൽകിയ 27874/-രൂപഈടാക്കി അടവാക്കേണ്ടതാണ്.

## 3-4 സർക്കാർ ഉത്തരവിനു വിരുദ്ധമായി ടാർ അധിക വിഹിതം നൽകിയത്- 230550/-അംഗീകരിക്കുന്നില്ല

പ്രോജക്റ്റ് നം.221/20

വകയിരുത്തിയ തുക -10,00,000/-

ഏപ്രിൽ 2018 മുതൽ ടാറിന്റെ വില 33% വർദ്ധിച്ചതിനാൽ സർക്കാർ ഉത്തരവ് നം. (ആർ.ടി)9386/18/fin.dt.13.11.18 പ്രകാരം 01.11.18 ൽ തുടർന്നു വരുന്ന പ്രവൃത്തികൾക്ക്, ടെന്റർ ക്ലോസ്സ് ചെയ്യുന്ന സമയത്ത് നിലവിലുള്ള നിരക്കും മാർക്കറ്റ് നിരക്കും തമ്മിലുള്ള വ്യതിയാനം നൽകാവുന്നതാണ്.ടി കാലയളവിൽ പിഴയില്ലാതെ കാലയളവ് നീട്ടി ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്കും അധിക വിഹിതം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമല്ലാതെ 17-18 വർഷം പൂർത്തീകരിച്ച പ്രവത്തികൾക്കും താഴെ പറയുന്ന പ്രകാരം ടാർ അധിക വിഹിതമിനത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

എ) സ്റ്റേഡിയം റോഡ് റീ-ടാറിങ്ങ് -വാർഡ് 40

പ്രോജക്റ്റ് നം -369/17

കരാറുകാരന്റെ പേര്- രമേഷ് .എൻ.വി.

എഗ്രിമെന്റ് നം .തിയ്യതി-65/16-17 Dt.10.02.17

വകയിരുത്തിയ തുക-450000/-

എം.ബുക്ക് നം.-107/16

അളവെടുത്ത തിയ്യതി.-27.02.17

പൂർത്തീകരണ കാലാവധി -3മാസം

കരാറ് തുക-249253/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 8188/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901190/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.

ബി)കോർട്ട് സൈഡ് റോഡ് അറ്റകുറ്റപണി-വാർഡ് -23

പ്രോജക്റ്റ് നം -421/18

കരാറുകാരന്റെ പേര്- ടി.സി.സന്തോഷ്

എഗ്രിമെന്റ് നം .തിയ്യതി47/17-18 Dt.23.03.18-

വകയിരുത്തിയ തുക-110000/-

എം.ബുക്ക് നം.201/17

അളവെടുത്ത തിയ്യതി.ചേർത്തിട്ടില്ല ,ചെക്ക് മെഷർ ചെയ്ത തിയ്യതി-04.05.18

പൂർത്തീകരണ കാലാവധി -6മാസം

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 6870/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901147/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.

സി)പള്ളിക്കാട് സാന്ത്വന സദനം റോഡ് പാച്ച് വർക്ക്-വാർഡ് -37

പ്രോജക്റ്റ് നം -589/19

കരാറുകാരന്റെ പേര്-ടി.സി. സുനിൽകുമാർ

എഗ്രിമെന്റ് നം .തിയ്യതി-56-17-18 Dt.10.01.18

വകയിരുത്തിയ തുക-255000/--ധനകാര്യകമ്മീഷൻ ഗ്രാന്റ്

എം.ബുക്ക് നം.20/18-19

അളവെടുത്ത തിയ്യതി.-28.01.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-241982/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 28949/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901146/25.09.19 പ്രകാരംനൽകിയിട്ടുണ്ട്.

ഡി)എരണപ്പിള്ളി റോഡ് ബൈലൈൻ പുനരുദ്ധാരണം

പ്രോജക്റ്റ് നം -461/19

കരാറുകാരന്റെ പേര്-ടി.പി.ജോയ്

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.23.03.18

വകയിരുത്തിയ തുക-361000/--വികസനഫണ്ട്

എം.ബുക്ക് നം.53/18-19

അളവെടുത്ത തിയ്യതി.-26.02.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-360037/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 33706/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നം. 21901193/27.09.19 പ്രകാരം നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ 2018-19 വർഷം ടാർ അധികവിഹിതം ഇനത്തിൽ 21336/ രൂപ നൽകിയതായി കാണുന്നു.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇ)കൊമേഴ്സ്യൽ റോഡ് പുനരുദ്ധാരണം-വൈകി പൂർത്തീകരിച്ചതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

പ്രോജക്റ്റ് നം -463/19

കരാറുകാരന്റെ പേര്-എൻ.വി. രമേഷ്

എഗ്രിമെന്റ് നം .തിയ്യതി-81/17-18 Dt.23.03.18

വകയിരുത്തിയ തുക-590000/--വികസനഫണ്ട്

എം.ബുക്ക് നം.110/18-19

അളവെടുത്ത തിയ്യതി.-22.03.19

പൂർത്തീകരണ കാലാവധി -3മാസം

ആകെ പ്രവൃത്തിമൂല്യം-392327/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 32777/ -രൂപ ടാർ അധികവിഹിതം ഇനത്തിൽ വൗച്ചർ നമ്പർ 21901303/29.09.19 പ്രകാരംനൽകിയിട്ടുണ്ട്.

എഫ് )നാട്ടുവള്ളി റോഡ് പുനരുദ്ധാരണം-

പ്രോജക്റ്റ് നം -467/19

കരാറുകാരന്റെ പേര്-കെ.എ.ഗോപികുമാർ

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.28.03.18

വകയിരുത്തിയ തുക-243000/--റോഡ്

എം.ബുക്ക് നം.16/18

അളവെടുത്ത തിയ്യതി.-05.01.19

പൂർത്തീകരണ കാലാവധി -3മാസം

ആകെ പ്രവൃത്തിമൂല്യം-241340/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 34801/ -രൂപ ടാർ അധികവിഹിതം വൗച്ചർ നമ്പർ 21901159/29.09.19 പ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ എം.ബുക്കിൽ പേജ് നം. 13 ൽ ടാർ അധികവിഹിതം കണക്കാക്കിയിട്ടുള്ളത് 21875/-രൂപയാണ്.അധികമായി 12926/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ജി)മനക്കടവ് മന റോഡ് അറ്റകുറ്റപണി -വാർഡ് 25

പ്രോജക്റ്റ് നം -522/19

കരാറുകാരന്റെ പേര്-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം .തിയ്യതി-ഇല്ല Dt.28.03.18

വകയിരുത്തിയ തുക-125000/--

എം.ബുക്ക് നം.190/17

അളവെടുത്ത തിയ്യതി.-03.05.18

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-121648/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 7677/ -രൂപ വൗച്ചർ നമ്പർ 21901655/04.10.19 പ്രകാരം ടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

എച്ച് )ഊമൻകളം റോഡ് ബാക്കി ഭാഗം ഡയബറ്റിക്റോഡ്അഭിവൃദ്ധിപ്പെടുത്തൽ വാർഡ്-19

പ്രോജക്റ്റ് നം -565/18

കരാറുകാരന്റെ പേര്-ടി.സി.സുനിൽകുമാർ

എഗ്രിമെന്റ് നം .തിയ്യതി-75/17-18 Dt.05.02.18
എം.ബുക്ക് നം.-75/17-18

വകയിരുത്തിയ തുക-550000/--

അളവെടുത്ത തിയ്യതി.-30.01.19

പൂർത്തീകരണ കാലാവധി -6മാസം

ആകെ പ്രവൃത്തിമൂല്യം-540078/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 47699/ -രൂപ വൗച്ചർ നമ്പർ 21901163/25.09.19 പ്രകാരംടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

ഐ)അവർ ഹോസ്പിറ്റൽ റോഡ്,റീജൻസി റോഡ്,ബ്രഹ്മകുമാരീസ് റോഡ് മെറ്റലിങ്ങ് &ടാറിങ്ങ്

വാർഡ് -12

പ്രോജക്റ്റ് നം -223/17

കരാറുകാരന്റെ പേര്-ടി.സി.സന്തോഷ്

എഗ്രിമെന്റ് നം .തിയ്യതി-157/16-17 Dt.16.03.17

വകയിരുത്തിയ തുക-350000/--(റോഡ്)

എം.ബുക്ക് നം.-101/17

അളവെടുത്ത തിയ്യതി.-29.12.17

ആകെ പ്രവൃത്തിമൂല്യം-235303/-/-

മേൽ പ്രവൃത്തിക്ക് വേണ്ടി തൻ വർഷം 13784 -രൂപ വൗച്ചർ നമ്പർ 21901276/04.10.19 പ്രകാരം ടാർ അധികവിഹിതം നൽകിയിട്ടുണ്ട്.

ജെ)വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് ബാക്കി ഭാഗം അറ്റകുറ്റപണി വാർഡ് 12-അപാകതകൾ

പ്രോജക്റ്റ് നം. 548/19

ഫയൽ നം. Pw1-14762/17

എം.ബുക്ക് നം. -287/17,102/18-19

കരാർ തുക -840392/-

കോൺട്രാക്ടർ-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം. 06.02.18(നം. ഇല്ല)

കരാർ കാലാവധി -6മാസം

കോസ്റ്റ് ഇൻഡക്സ് -37.25%

അളവെടുത്ത തിയ്യതി-21.03.19

ആകെ പ്രവൃത്തി മൂല്യം-730859/-

പാർട്ട് ബിൽ -459052/-

വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് അറ്റകുറ്റപണി ചെയ്യുന്നതിനും കാന നിർമ്മാണത്തിനുമായിരുന്ന പ്രോജക്റ്റ് .ആയതിന് 875000/-രൂപ വകയിരുത്തുകയും,സന്തോഷ്.ടിസി എന്ന കരാറുകാരന്റെ 846392/- രൂപയുടെ ടെന്റർ അംഗീകരിക്കുകയും ചെയ്തു.

മേൽ പ്രകാരമുള്ള പ്രവർത്തിയുടെ ഫൈനൽ ബിൽ തുകയായ 271804/- രൂപയിൽ ടാറിന്റെ മാർക്കറ്റ് വില കുറച്ചുള്ള തുക 187029രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.ഇതിനു പുറമേ 221/20 നമ്പർ പ്രോജക്റ്റ് പ്രകാരം ടാർ എക്സസ് എന്ന പ്രോജക്റ്റിലുൾപ്പെടുത്തി കരാറുകാരന് 16099/- രൂപകൂടി നൽകിയിട്ടുണ്ട്.ടി തുകയിൽ നിന്നും,ഫൈനൽ ബില്ലിൽ നിന്നും 'GST ഈടാക്കിയിട്ടില്ല. പാർട്ട് ബില്ലിൽ നിന്ന് മാത്രമാണ് GST തുക ഈടാക്കിയിട്ടുള്ളത്.
മേൽ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി കരാറുകാർക്ക് അധികം നൽകിയ
തുക(8188+6870+28949+33706+32777+34801+7677+47699+13784+16099) 230550/ രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ 59247/- ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
പ്രവൃത്തി പൂർത്തിയാക്കാൻ വൈകുന്നതിന് പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ എഗ്രിമെന്റിലെ ക്രമ നം. 7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം(അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.വിശദവിവരം താഴെ കൊടുക്കുന്നു.

എ)വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് ബാക്കി ഭാഗം അറ്റകുറ്റപണി വാർഡ് 12-അപാകതകൾ

പ്രോജക്റ്റ് നം. 548/19

ഫയൽ നം. Pw1-14762/17

എം.ബുക്ക് നം. -287/17,102/18-19

കരാർ തുക -846392/-

കോൺട്രാക്ടർ-സന്തോഷ്.ടി.സി.

എഗ്രിമെന്റ് നം. 06.02.18(നം. ഇല്ല)

കരാർ കാലാവധി -6മാസം

കോസ്റ്റ് ഇൻഡക്സ് -37.25%

അളവെടുത്ത തിയ്യതി-21.03.19

ആകെ പ്രവൃത്തി മൂല്യം-730859/-

പാർട്ട് ബിൽ -459052/-

വലിയങ്ങാടി റോഡ് ചന്തപ്പുര റോഡ് അറ്റകുറ്റപണി ചെയ്യുന്നതിനും കാന നിർമ്മാണത്തിനുമായിരുന്ന പ്രോജക്റ്റ് .ആയതിന് 875000/-രൂപ വകയിരുത്തുകയും,സന്തോഷ്.ടിസി എന്ന കരാറുകാരന്റെ 846392/- രൂപയുടെ ടെന്റർ അംഗീകരിക്കുകയും ചെയ്തു.12-ാംവാർഡ് മെമ്പറുടെ നിർദ്ദേശാനുസരണം ടെന്റർ കുറവ് ഉൾപ്പെടുത്തി നിലവിലുള്ള കാനക്ക് തുടർച്ചയായി കാന പണിത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് 31/07/18 ലെ 5-ാം നമ്പർതീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും,742177/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു .

മേൽ പ്രവൃത്തി കരാർ പ്രകാരം 05.08.18 ന് പൂർത്തീകരിക്കേണ്ടതായിരുന്നു . എന്നാൽ 2017-18 വർഷം ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 03.12.19 നാണ്. കരാറിലെ ക്രമനമ്പർ 7പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

പൂർത്തീകിക്കേണ്ട തിയ്യതി -05.08.18

20% സമയം അനുവദിക്കുമ്പോൾ 14.09.18

14-09-18 To 13.12.18 -1%-

14.12.18-13.03.19 -2%-
14.03.19-13.06.19-2%-
14.06.19-13.09.19-2%-

ആകെ -7%

കരാർ തുക -846392/-*7%=59247/-

മേൽ പ്രകാരമുള്ള പ്രവൃത്തികളുടെ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഇല്ല.(ഈ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്)

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറിബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ ദീർഘിപ്പിക്കൽ | | 999844 | 999844 | 0 |

മേൽ പറഞ്ഞ പ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷിക കണക്കിന്റെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

| പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തു | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഓഫീസ് കെട്ടിട നിർമ്മാണത്തിന് | TDC | 10000000 | 1304241 | 1304241 | 64003 | NIL |
| ഭവന പദ്ധതി,HUDCO | G.O.(MS)No.68/2018 /LSGD/18.05.2018 | 37200000 | 3026668 | - | - | 34173332 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7802909 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 126209 |
| ആകെ | 7929118 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 7929118/-* |

*(വിവരങ്ങൾ ബാലൻസ് ഷീറ്റ് പ്രകാരം.) ഇതിൽ 2929118 രൂപയുടെ നിക്ഷേപവും 5000000 രൂപയുടെ ഇക്വിറ്റി ഷെയറും ഉൾപ്പെടുന്നു. ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല---

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2002-03 | 2-19 | 2006-07 | 26 | ലഭ്യമല്ല | ലഭ്യമല്ല |
| 1998-99 | 16 | 2002-03 | 145 | ലഭ്യമല്ല | ലഭ്യമല്ല |

## 4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 244522628.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 301994658.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം,<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 433875/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3930626/- |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | - | 6170/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി, |
| 3-2 | - | 110034/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി |
| 3-3 | - | 27874/- | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4- | - | 230550 | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 59247/- | ശ്രീ.പ്രസാദ്.വി.എസ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 433875/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-50 | 80000/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി |
| 1-56 | 39900/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി |
| 1-57 | 579289/- | ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി |
| 1-58 | 615000/- | ” |
| 1-66 | 999844/- | ” |
| 1-69 | 69555/- | ” |
| 1-71 | 14726/- | ശ്രീ.ഹരീഷ് കുമാർ.പി,<br>പട്ടികജാതി വികസന ഓഫീസർ |
| 1-74 | 463407 | ശ്രീ.പ്രവീൺ.സി.ജി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-75 | 1020523 | ശ്രീ.പ്രവീൺ.സി.ജി ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-82 | 48382 | ശ്രീ.പ്രസാദ്.വി.എസ് ,അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനീയർ |
| | 3930626/- | |

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസം

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | വിലാസം |
|---|---|
| ശ്രീ.കെ.എസ്.അരുൺ ,മുനിസിപ്പൽ സെക്രട്ടറി, | CRAM 18 B,കൃഷ്ണകൃപ,പണിക്കേഴ്സ് ലൈൻ,മണ്ണംമൂല,പേരൂർക്കട |
| ശ്രീ.പ്രസാദ്.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | വെളക്കത്ത് ഹൗസ്, വെസ്റ്റ് കൊരട്ടി.പി.ഒ, മാമ്പ്ര, തൃശ്ശൂർ – 680308 |
| ശ്രീ.ഹരീഷ് കുമാർ.പി ,പട്ടികജാതി വികസന ഓഫീസർ | സായൂജ്യം,പൊന്നാനി.പി.ഒ |
| ശ്രീ.പ്രവീൺ.സി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | പ്രിയം, ചെങ്ങാലൂർ ഹൗസ്, ചേർപ്പ്.പി.ഒ, തൃശ്ശൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 | എൽ.എഫ്.ടി.2-4178/76 - 01.06.76 |
| 72-73 | എൽ.എഫ്.ടി.2-2545/75 - 04.06.76 |
| 73-74 | എൽ.എഫ്.ടി.2-5231/75 - 25.02.77 |
| 74-75 | എൽ.എഫ്.ടി.2-586/76 - 13.03.76 |
| 75-76 | എൽ.എഫ്.ടി.2-108/77 - 16.08.77 |
| 76-77 | എൽ.എഫ്.ടി.2-1116/78 - 16.04.79 |
| 77-78 | എൽ.എഫ്.ടി.4 - 670/80 - 22.05.80 |
| 78-79 | എൽ.എഫ്.ടി.4 - 2226/80 - 19.12.81 |
| 79-80 | എൽ.എഫ്.ടി.4-116/82- 31.04.83 |
| 80-81 | എൽ.എഫ്.ടി.4-2638/83 - 24.04.85 |
| 81-82 | എൽ.എഫ്.ടി.4-2663/86 - 11.05.87 |
| 82-83 | എൽ.എഫ്.ടി.4-1943/87 - 11.10.88 |
| 83-84, 84-85 | എൽ.എഫ്.ടി.4-424/91 - 13.09.91 |
| 85-86 | എൽ.എഫ്.ടി.4 - 19.09.92 |
| 86-87 | എൽ.എഫ്.ടി.4-465/93 - 31.03.94 |
| 87-88, 88-89 | എൽ.എഫ്.ടി.4-2013/95 - 5.10.96 |
| 89-90, 90-91 | എൽ.എഫ്.ടി.4-1258/96 - 11.04.97 |
| 91-92 മുതൽ 95-96 വരെ | എൽ.എഫ്.ടി.4-35/09 - 11.05.10 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.4-1042/97 - 31.03.08 |
| 96-97 (വരവ്) | എൽ.എഫ്.ടി.4-437/09 - 12.10.10 |
| 97-98 (ചെലവ്) | എൽ.എഫ്<br>എൽ.എഫ്.ടി.4-138/09/ 12.10.10<br>.ടി.4-16<br>എൽ.എഫ്.ടി.4-138/09/ 12.10.10<br>69/99 - 09.06.2000 |

| | |
|---|---|
| 97-98 (വരവ്) | എൽ.എഫ്.ടി.4-138/09/ 12.10.10 |
| 98-99 (ചെലവ്) | എൽ.എഫ്.ടി.4-1136/01 12.12.01 |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.4-568/02 06.03.03 |
| 99-2000 (വരവ്) | എൽ.എഫ്.ടി.4-440/09 23.10.2010 |
| 2000-01 ചെലവ് | എൽ.എഫ്.ടി.4-1560/04 26.02.05 |
| 2001-02 | എൽ.എഫ്.ടി.4-1220/05-05.01.06/17.07.06 |
| 2000-01 (വരവ്) | എൽ.എഫ്.ടി.4-441/09/ 23.10.10 |
| 2001-02 (വരവ്) | എൽ.എഫ്.ടി.4-433/09/ 23.10.10 |
| 2002-03 (ചെലവ്) | എൽ.എഫ്.ടി.4-809/07 30.04.07 |
| 2002-03 (വരവ്) | എൽ.എഫ്.ടി.4-434/09/ 21.05.2010 |
| 2003-04 | എൽ.എഫ്.ടി.4-1093/09 04.02.2011 |
| 2004-05 | എൽ.എഫ്.ടി.4-1094/09-07.02.2011/16.08.2011 |
| 2005-06 | എൽ.എഫ്.ടി.4-1612/10/24.05.2011/21.10.11 |
| 2006-07 | എൽ.എഫ്.ടി.4-1013/2010/27.09.2011/21.10.11 |
| 2007-08 | എൽ.എഫ്.ടി.(എം)692/2011/03.11.2011 |
| 2008-09 | എൽ.എഫ്.ടി.(എം)2078/11/03.11.2011/06.07.2012 |
| 2009-10 | എൽ.എഫ്.ടി.(എം)2597/11 20.06.12/05.07.12 |
| 2010-11 (വരവ്) | എൽ.എഫ്.ടി.(എം)2598/11 20.06.2012/05.07.12 |
| 2011-12 | എൽ.എഫ്.ടി.(എം)56/13 09.04.13/16.08.13 |
| 2012-13 | എൽ.എഫ്.ടി.(എം)242/14 Dt.8.5.14/9.6.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.-932/15 Dt.16.10.15 |
| 2014-15 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 1403/16 Dt.06.08.16 |
| 2015-16 | കെ.എസ്.എ. ടി.എസ്.ആർ.- (എം) 91/2017 തീയതി.30.01.2017 |
| 2016-17 | കെ.എസ്.എ. ടി.എസ്.ആർ.- (എം)1541/17 തിയ്യതി:24/11/2017 |
| 2017-18 | കെ.എസ്.എ. ടി.എസ്.ആർ.- (എം)836/19 തിയ്യതി:09/07/2019 |
| 2018-19 | കെ.എസ്.എ. ടി.എസ്.ആർ.- (എം)321/20 തിയ്യതി:25/06/2020 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്